# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-2023)

### ഒന്നാമത് റിപ്പോർട്ട്

(2021 ..ആഗസ്റ്റ്.. മാസം .....10....-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05, 2006-07 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

mc

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-2023)

### ഒന്നാമത് റിപ്പോർട്ട്

**(2021 ..ആഗസ്റ്റ്... മാസം ...10...-ാം തീയതി സഭയിൽ സമർപ്പിച്ചത് )**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ 2004-05, 2006-07 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടു-കളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

mc

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | : |
| മുഖവുര | : |
| റിപ്പോർട്ട് | : |
| അനുബന്ധം I | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : |
| അനുബന്ധം II | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | |


mc

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. ടി.പി.രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഡോ.എൻ.ജയരാജ്

ശ്രീ.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ.ടി.ഐ. മധുസൂദനൻ

ശ്രീ.എ.സി.മൊയ്തീൻ

ശ്രീ.മോൻസ് ജോസഫ്

ശ്രീ.ഐ.ബി. സതീഷ്

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.ഇ.കെ.വിജയൻ

ശ്രീ.പി.സി.വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി.പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ.ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

mc

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05, 2006-07 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലൈ മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി.പി.രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021, ആഗസ്റ്റ് 10

mc

# റിപ്പോർട്ട്

## കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05, 2006-07 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

ഓഡിറ്റ് ഖണ്ഡിക

**തുടർപ്രവർത്തനമില്ല; പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാവുന്നു - വളയം ഗ്രാമപഞ്ചായത്ത്**

ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി തുടർപ്രവർത്തനമില്ലാതെ പാഴാവുന്നു.

രജിസ്റ്ററും രേഖകളും കൃത്യമല്ലാത്തതിനാൽ സംസ്ഥാനത്ത് ഒട്ടാകെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമല്ല. ലഭ്യമായ കണക്കുകൾ 4.01 കോടി രൂപയുടെ ഭൂമി പാഴാവുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നു. പദ്ധതിവിഹിതത്തിൽ നിന്നാണ് തുക ചെലവിട്ടത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ പാഴാവുന്ന ഭൂമിയുടെ അളവും അതിന് ചെലവഴിച്ച പദ്ധതി വിഹിതവും ഉയരും.

ജലസേചന/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, പട്ടിക വിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, വ്യവസായ പാർക്കുകളും മറ്റ് സ്ഥാപനങ്ങളും നിർമ്മിക്കുക, കളിസ്ഥലം പണിയുക, ബസ്സ്റ്റാന്റ് വികസനം, വ്യാപാര സമുച്ചയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്തത്. 97-98 മുതൽ 2001-2002 വരെ ഏറ്റെടുത്തതാണിത്.

ഏറ്റെടുത്ത ഭൂമിയുടെ വിവരം ആസ്തിവിവര രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആധാരം തുടങ്ങിയ അടിസ്ഥാന രേഖകൾപോലും ചില സ്ഥാപനങ്ങളിൽ ലഭ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്നത് കൃത്യമായ രേഖയില്ലാത്തത് ഭൂമി അന്യാധീനപ്പെടുന്നതിനും അനാവശ്യ വ്യവഹാരങ്ങൾക്കും ഇടയാക്കിയേക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും നിരുത്തരവാദിത്തവുമാണ് പദ്ധതികൾ പൂർത്തിയാക്കാതെ ഭൂമി അന്യാധീനപ്പെടുന്നതിന് പ്രധാന കാരണം.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ തുടർനടപടി ഉണ്ടായില്ല. വിഷയത്തിന്റെ ഗൗരവം അറിയാൻ തിരഞ്ഞെടുത്ത ചില ഓഡിറ്റ് പരാമർശങ്ങൾ താഴെ:-

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്ത് 1,13,580/- രൂപയ്ക്ക് വാങ്ങിയ 50 സെന്റ് സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചില്ല. ഭൂമി ഇപ്പോൾ പ്രയോജനമില്ലാതെ കിടക്കുന്നു.

(2001-2002 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 12)

വിവിധ ജില്ലകളിൽ ഏറ്റെടുത്ത ഭൂമിക്ക് ചെലവഴിച്ച പദ്ധതി വിഹിതത്തിന്റെ വിവരം താഴെ പത്രികയിൽ

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1 | കൊല്ലം | 24,72,860 |
| 2 | പത്തനംതിട്ട | 11,93,923 |
| 3 | ആലപ്പുഴ | 12,14,371 |
| 4 | കോട്ടയം | 55,87,734 |
| 5 | എറണാകുളം | 52,65,000 |
| 6 | തൃശ്ശൂർ | 9,96,257 |
| 7 | കോഴിക്കോട് | 1,13,580 |
| 8 | വയനാട് | 1,10,69,472 |
| 9 | കണ്ണൂർ | 1,21,84,095 |
| | ആകെ | 4,00,97,292 |

പദ്ധതിവിഹിതം കോടികൾ ചെലവഴിച്ച് വാങ്ങിയ ഭൂമി അന്യാധീനപ്പെടുന്നതിന് എതിരെ സർക്കാരിന്റെ ജാഗ്രതാ നടപടികൾ ക്ഷണിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനം സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 59.7 സെന്റ് സ്ഥലത്താണ് വ്യവസായ എസ്റ്റേറ്റ് പ്രവർത്തിക്കുന്നതെന്നും നിലവിൽ ഖാദി ബോർഡിന്റെ സഹായത്തോടെ 22 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു നെയ്ത്തുശാല നല്ല രീതിയിൽ അവിടെ പ്രവർത്തിച്ചുവരുന്നുണ്ടെന്നും സംസ്ഥാനത്ത് ഏറെ പ്രസിദ്ധമായ കൈത്തറിയുടെ 'കുപ്പട' മുണ്ടുകളാണ് അവിടെ ഉത്പാദിപ്പിക്കുന്നതെന്നും, നെയ്ത്തുശാല കൂടാതെ പഞ്ചായത്തിന്റെ തന്നെ വൃദ്ധസദനം, അങ്കണവാടി ഉൾപ്പെടെ മറ്റ് ഏതാനും സ്ഥാപനങ്ങളും അവിടെ പ്രവർത്തിക്കുന്നുണ്ടെന്നും, പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അവിടെ ഒരു വയോജന പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ച് വരികയാണെന്നും വ്യവസായ എസ്റ്റേറ്റിന്റെ സ്ഥലം നിലവിൽ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും വളയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

2. ഖാദി ബോർഡുമായി കരാർ വ്യവസ്ഥകൾ ഒന്നും വയ്ക്കാതെയാണ് നെയ്ത്തുശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് വക കെട്ടിടം കൈമാറിയതെന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞപ്പോൾ വ്യക്തമായ മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സാധിച്ചില്ല. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം മറ്റാവശ്യങ്ങൾക്കായി വിട്ട് നൽകുമ്പോൾ കരാർ ചമയ്ക്കേണ്ടത് അത്യാവശ്യമാണെന്നിരിക്കെ ആയത് പാലിക്കാതെ ഒരു കരാർ വ്യവസ്ഥയുമില്ലാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഖാദി ബോർഡിന് കൈമാറിയ പഞ്ചായത്തധികൃതരുടെ നടപടിയെ അംഗീകരിക്കുവാനാകില്ലെന്ന് അഭിപ്രായപ്പെട്ട സമിതി

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടം ഖാദി ബോർഡിന് കൈമാറിയപ്പോൾ ഏതെങ്കിലും വിധത്തിലുള്ള കരാറുണ്ടായിരുന്നോയെന്നും ഉണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിച്ച് ഒരാഴ്ചയ്ക്കകം തദ്ദേശസ്വയംഭരണ വകുപ്പിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

3. വളയം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിൽ നെയ്ത്തുശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് വക കെട്ടിടം കൈമാറിയ അവസരത്തിൽ ഖാദി ബോർഡുമായി ഏതെങ്കിലും വിധത്തിലുള്ള കരാറുകൾ ചമച്ചിരുന്നോ എന്ന കാര്യത്തിൽ നിലവിലും അവ്യക്തത നിലനിൽക്കുകയാണെന്ന് സമിതി നിരീക്ഷിക്കുന്നു. സർക്കാർ വക കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്കായി കൈമാറുമ്പോൾ കരാർ ചമയ്ക്കേണ്ടത് അത്യാവശ്യമാണെന്നിരിക്കെ, അതിന് വിരുദ്ധമായി കൃത്യമായ കരാർ വ്യവസ്ഥകളൊന്നുമില്ലാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഖാദി ബോർഡിന് കൈമാറിയ പഞ്ചായത്തധികൃതരുടെ നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടം ഖാദി ബോർഡിന് കൈമാറിയപ്പോൾ ഏതെങ്കിലും വിധത്തിലുള്ള കരാർ ചമച്ചിരുന്നോയെന്നതും, ഉണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടോയെന്നതും സംബന്ധിച്ച് പരിശോധന നടത്തി ഒരാഴ്ചയ്ക്കകം മറുപടി ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നിട്ടും ആയത് യഥാസമയം ലഭ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്തും തദ്ദേശസ്വയംഭരണ വകുപ്പും വീഴ്ച വരുത്തിയിരിക്കുന്നു. ആയതിനാൽ സമിതി നിർദ്ദേശം അടിയന്തരമായി പാലിച്ച് പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി; പദ്ധതി വിഹിതം 4.02 കോടി നഷ്ടം**

തൊഴിലും വ്യവസായവികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപനചെലവ് കോടികൾ പാഴായി.

ഇടുക്കി, പാലക്കാട്, മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് 4.02 കോടിയാണ്. സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധ്യത വിരളമായതിനാൽ ഈ തുക നഷ്ടപ്പെട്ടതായി കണക്കാക്കാം.

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ ലഭ്യമായ ചില വിവരങ്ങൾ:-

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് മൺപാത്രനിർമ്മാണ യൂണിറ്റിന്റെ പേരിൽ 2000-01 ലും, 2001-02 ലും 30,000/- രൂപ പദ്ധതി വിഹിതം ചെലവഴിച്ചതായി രേഖയുണ്ടെങ്കിലും യൂണിറ്റ് പ്രവർത്തിക്കുന്നതിന് തെളിവില്ല.

**(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 8, 01-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 7)**

ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്ത് 38,200/- രൂപ ചെലവഴിച്ച ബേക്കറി നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നില്ല.

**(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 33)**

വിവിധ ജില്ലകളിൽ ഈ ഇനത്തിൽ നഷ്ടപ്പെട്ട തുകകളുടെ വിവരം താഴെ പത്രികയിൽ

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 18,65,558 |
| 2 | കൊല്ലം | 65,27,520 |
| 3 | പത്തനംതിട്ട | 3,23,200 |
| 4 | ആലപ്പുഴ | 42,30,117 |

| | | |
|---|---|---|
| 5 | കോട്ടയം | 1,20,57,701 |
| 6 | എറണാകുളം | 24,33,204 |
| 7 | തൃശ്ശൂർ | 1,00,93,803 |
| 8 | കോഴിക്കോട് | 78,200 |
| 9 | വയനാട് | 7,67,586 |
| 10 | കണ്ണൂർ | 15,50,089 |
| 11 | കാസർഗോഡ് | 2,41,550 |
| | ആകെ | 4,01,68,528 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

4. വേളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ വേളം ഗ്രാമപഞ്ചായത്തിൽ കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ ഭൂരിഭാഗവും താമസിക്കുന്ന 11-ാം വാർഡിൽ 2000-2001 വർഷത്തിൽ നടപ്പിലാക്കിയ പരാമർശവിധേയമായ പദ്ധതിയുടെ പ്രവർത്തനം 2014-15 വരെ നല്ലരീതിയിൽ നടന്നിരുന്നതായും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വാർഡിലെ അംഗങ്ങളുടെ താമസസ്ഥലം മാറിപ്പോകലും നിമിത്തമാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം പിന്നീട് നിലച്ചതെന്നും കാണിച്ചുകൊണ്ട് വേളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെയും, ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

5. കായക്കൊടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ കായക്കൊടി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിലവസരമുണ്ടാക്കുന്നതിന് ഗ്രാമസഭകൾ മുഖേന പഞ്ചായത്ത് കമ്മിറ്റി ആരംഭിച്ച ബേക്കറി നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനം

സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത യൂണിറ്റുകൾ 2004 വരെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നതായും, കാലാകാലങ്ങളിൽ പുതുതലമുറ ബേക്കറികൾ വന്നപ്പോൾ അവയുമായി കിടപിടിക്കുന്നതരത്തിൽ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുവാൻ സാധിക്കാതെ വന്നപ്പോഴാണ് പരാമർശവിധേയമായ ബേക്കറി യൂണിറ്റുകളുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ട സ്ഥിതിയുണ്ടായതെന്നും കാണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെയും, ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**6. വേളം ഗ്രാമപഞ്ചായത്ത് 30,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച കളിമൺ പാത്രനിർമ്മാണ യൂണിറ്റിന്റെയും, കായക്കൊടി ഗ്രാമപഞ്ചായത്ത് 38,200/- രൂപ ചെലവഴിച്ച് സ്ഥാപിച്ച ബേക്കറി നിർമ്മാണ യൂണിറ്റിന്റെയും പ്രവർത്തനം നിലവിൽ നിലച്ചിരിക്കുകയാണെന്ന ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### കാർഷിക യന്ത്രവൽകരണം ലക്ഷ്യംനേടിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ കാർഷിക യന്ത്രവൽകരണ പദ്ധതികൾ ലക്ഷ്യം കണ്ടില്ല. ഇതിന് ചെലവഴിച്ച പദ്ധതി വിഹിതം ലക്ഷങ്ങൾ പാഴായി.

കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും വേണ്ടിയാണ് പ്രത്യേക പരിഗണന നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതോതിൽ കാർഷികയന്ത്രങ്ങൾ വാങ്ങിയത്.

അംഗീകൃത പദ്ധതികളിൽ ചിലതിലെങ്കിലും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഇവ പാലിക്കാതെ ഭൂരിഭാഗം പദ്ധതികളും പദ്ധതി വിഹിതത്തിലാണ് നടപ്പാക്കിയത്.

കാർഷിക യന്ത്രവൽക്കരണ പദ്ധതികളിൽ പാളിച്ച സംഭവിക്കാൻ പ്രധാന കാരണം കൃഷിയിടങ്ങൾക്കും കൃഷിരീതിയ്ക്കും അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങാതിരുന്നതും യന്ത്രങ്ങളുടെ ഉടമസ്ഥതയും പ്രവർത്തനവും ജനകീയ സമിതികളെ ഏൽപ്പിക്കാതിരുന്നതും മോണിട്ടറിംഗ് സംവിധാനം പാഴായതുമാണ്.

കാർഷിക യന്ത്രങ്ങളുടെ നടത്തിപ്പ് പാടശേഖര/കാർഷിക സമിതികളെ ഏൽപ്പിക്കുവാനായിരുന്നു നിർദ്ദേശം. പരിമിതമായിട്ടുപോലും ജനാധിപത്യം ഇല്ലാത്ത ഇത്തരം സമിതികളെ ഏൽപ്പിച്ച യന്ത്രങ്ങൾ ചില വ്യക്തികൾ കൈയ്യടക്കിയതിന് ഉദാഹരണം നിരവധിയാണ്. കൃഷിഭവനുകളുടെ മോണിട്ടറിംഗ് നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും കൃഷി ഓഫീസർമാർ യന്ത്രങ്ങളുടെ വരവ്/ചെലവ് കണക്കുകൾ പരിശോധിച്ചതിന് തെളിവില്ല. ഇതിനാൽ ട്രാക്ടർ/ടില്ലർ പോലുള്ള യന്ത്രങ്ങൾ കൃഷിയ്ക്ക് മാത്രമായി ഉപയോഗിച്ചു എന്നത് ഉറപ്പാക്കാനും കഴിഞ്ഞില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയാണ് കാർഷിക യന്ത്രവൽകരണ പാളിച്ചയ്ക്ക് കാരണമെന്ന് ഇതിനാൽ വ്യക്തമാണ്.

വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി കാർഷിക യന്ത്രവൽകരണത്തിന് ചെലവഴിച്ച പദ്ധതി വിഹിതം താഴെ പത്രികയിൽ:-

കാർഷിക യന്ത്രവൽകരണ പദ്ധതിനിർവ്വഹണം അന്വേഷിച്ച് ഭാവിയിലേയ്ക്ക് വേണ്ട പ്രതിരോധ മാർഗങ്ങൾ തേടേണ്ടതാണ്.

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 12,18,654 |
| 2 | കൊല്ലം | 49,28,521 |
| 3 | പത്തനംതിട്ട | 15,66,122 |
| 4 | ആലപ്പുഴ | 6,05,055 |
| 5 | കോട്ടയം | 27,93,022 |
| 6 | തൃശ്ശൂർ | 10,30,290 |

| | | |
|---|---|---|
| 7 | പാലക്കാട് | 5,00,000 |
| 8 | മലപ്പുറം | 1,08,000 |
| 9. | കോഴിക്കോട് | 11,58,409 |
| 10. | വയനാട് | 65,06,824 |
| 11. | കണ്ണൂർ | 8,29,876 |
| 12. | കാസർഗോഡ് | 3,18,736 |
| | **ആകെ** | 2,15,63,509 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

7. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി കക്കോടി ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ കക്കോടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് മൂന്ന് ഓഡിറ്റ് പരാമർശങ്ങളാണുള്ളതെന്നും 1999-2000 കാലഘട്ടത്തിൽ പാടശേഖര സമിതിയുടെ ആവശ്യങ്ങൾക്കായി വാങ്ങിയ 3 പവർ ടില്ലർ, 4 റോക്കിംഗ് സ്പ്രേയർ എന്നിവ കെയ്കോ കൈമാറിയതിന്റെ രേഖകൾ കണ്ടെത്തുവാൻ സാധിച്ചില്ല എന്നതാണ് ഒരു പരാമർശമെന്നും പ്രസ്തുത രേഖകൾ നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

8. പരാമർശവിധേയമായ യന്ത്രസാമഗ്രികൾ നിലവിൽ എവിടെയാണുള്ളതെന്നും അവയുടെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ നിലവിൽ പാടശേഖര സമിതിയുടെ കൈവശമുള്ള യന്ത്രസാമഗ്രികൾ ഏകദേശം 8 കൊല്ലത്തോളം പ്രവർത്തനക്ഷമമായിരുന്നുവെന്നും, നിലവിൽ അവ പ്രവർത്തനരഹിതമായതിനെത്തുടർന്ന് തിരിച്ചേൽപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുകയാണെന്നും, വാല്യുവേഷൻ ചെയ്ത് നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിനാൽ ആയത് പൂർത്തിയായതിനുശേഷം അവ തിരിച്ചെടുക്കുകയും പുതിയവ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണെന്നും കെയ്കോ ഒരു അക്രെഡിറ്റഡ് ഏജൻസിയായതിനാലാണ് അവർ മുഖേന യന്ത്രസാമഗ്രികൾ വാങ്ങിയതെന്നും പാടശേഖര സമിതികൾ അവ പരമാവധി ഉപയോഗിച്ചതായാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത്

സെക്രട്ടറി മറുപടി നൽകി. പ്രവർത്തനരഹിതമായ യന്ത്രസാമഗ്രികൾക്ക് പകരമായി പുതിയവ വാങ്ങുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തതായി നിരീക്ഷിച്ച സമിതി പ്രസ്തുത പാടശേഖര സമിതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ പുതിയ യന്ത്രങ്ങൾ കൈമാറുവാൻ പാടുള്ളൂവെന്ന് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിച്ചു.

9. കക്കോടി ഗ്രാമപഞ്ചായത്തിലെ അഗ്രോ സർവ്വീസ് ക്ലിനിക്കിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് അഗ്രോ സർവ്വീസ് ക്ലിനിക്ക് നിലവിൽ വളം നിർമ്മിക്കുന്ന യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നതെന്നും, അഗ്രോ സർവ്വീസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി റെയ്ഡ്കോയിൽനിന്നും വാങ്ങിയ 4 ലക്ഷം രൂപയുടെ ട്രാക്ടർ നിലവിലും പ്രവർത്തനക്ഷമമാണെന്നും ഇക്കാര്യങ്ങൾ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

10. പവർ ടില്ലർ വാങ്ങി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി തൂണേരി ഗ്രാമപഞ്ചായത്ത് അധികൃതരോട് ആരാഞ്ഞപ്പോൾ പരാമർശവിധേയമായ പവർ ടില്ലർ നിലവിൽ പ്രവർത്തനക്ഷമമാണെന്നും കോടഞ്ചേരി പാടശേഖര സമിതിയാണ് പ്രസ്തുത പവർ ടില്ലർ നിലവിൽ ഉപയോഗിച്ച് വരുന്നതെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ഭരണ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടിയെ സാധൂകരിക്കുന്ന രീതിയിലാണ് ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയും മറുപടി നൽകിയതെന്ന് നിരീക്ഷിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

11. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി കുറ്റ്യാടി ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ 2001-ൽ വാങ്ങിയ പരാമർശവിധേയമായ പവർ ടില്ലർ ഊരത്ത് പാടശേഖര സമിതിയ്ക്ക് കൈമാറിയിട്ടുണ്ടെന്നും, പ്രസ്തുത പവർ ടില്ലർ നിലവിലും പ്രവർത്തനക്ഷമമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്തധികൃതർ നാളിതുവരെ ഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതായി ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ പവർ ടില്ലർ നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

## നിഗമനങ്ങളും ശിപാർശകളും

12. **കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കാർഷികയന്ത്രവൽകരണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ലെന്നും പദ്ധതികൾക്കായി ചെലവഴിച്ച തുക പാഴായിപോയെന്നുമുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കക്കോടി, തുണേരി എന്നീ ഗ്രാമപഞ്ചായത്തുകളെ പ്രസ്തുത ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

13. **കാർഷിക യന്ത്രവൽകരണ പദ്ധതിയുമായി ബന്ധപ്പെട്ട് കുറ്റ്യാടി ഗ്രാമപഞ്ചായത്ത് വാങ്ങിയ പവർ ടില്ലർ നിലവിൽ ഊരത്ത് പാടശേഖര സമിതി ഉപയോഗിച്ചുവരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ പരാമർശവിധേയമായ പവർ ടില്ലർ നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുതിയ അക്കൗണ്ടിംഗ് കണക്കുകൾ ശരിയായില്ല; അപാകതകൾ തുടരുന്നു**

പഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പായിട്ടും കണക്കുകൾ ശരിയായില്ല. 2004 ഏപ്രിൽ ഒന്നിനാണ് ധന വകുപ്പിന്റെ 319/2003, 12.06.2003 ഉത്തരവിലൂടെ പുതിയ അക്കൗണ്ടിംഗ് നിലവിൽ വന്നത്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ കണക്കുകൾ കുത്തഴിഞ്ഞ് സാമ്പത്തിക ക്രമക്കേടുകൾ വ്യാപകമായ പശ്ചാത്തലത്തിലായിരുന്നു ഉത്തരവ്. ഇതിന് ശേഷവും കണക്കുകളിൽ മുമ്പുണ്ടായിരുന്ന അപാകതകൾ തുടരുന്നതായി ഓഡിറ്റിൽ വ്യക്തമായി.

പുതിയ രീതി നടപ്പായിട്ടും നിത്യേനയുള്ള വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കണക്കുകൾ വാർഷികമായി വിവിധ അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നതിലും ഉദാസീനത പ്രകടമാണ്.

ക്യാഷ് ബുക്ക്, വരവ്/ചെലവ് രജിസ്റ്ററുകൾ തുടങ്ങിയ അടിസ്ഥാന രജിസ്റ്ററുകൾപോലും ചില പഞ്ചായത്തുകളിൽ എഴുതുന്നില്ല. അനുബന്ധ രജിസ്റ്ററുകളും ചെലവ് രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിലും അപാകതകൾ വ്യാപകമാണ്. പുതിയ അക്കൗണ്ടിംഗ് രീതി നിലവിൽ വന്നിട്ടും ധനവിനിമയത്തിൽ കൃത്യതയും സുതാര്യതയും സത്യസന്ധതയും ഉറപ്പാക്കാനായിട്ടില്ല.

പുതിയ രീതി നടപ്പാക്കുന്നതിന് മുന്നോടിയായി ജീവനക്കാർക്ക് പരിശീലനം നൽകാൻ സർക്കാരും രജിസ്റ്ററുകൾ പുതിയ മാതൃകയിൽ തയ്യാറാക്കാൻ പഞ്ചായത്തുകളും വൻ തുകയാണ് ചെലവഴിച്ചത്. ഉദ്ദേശിച്ച ഫലം കിട്ടാതെ ഇത് പാഴ്ചെലവായിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ പരിശോധനയിൽ വ്യാപകമായ അപാകതകളാണ് കണ്ടെത്തിയത്. മറ്റ് ജില്ലകളിലും സമാന സ്ഥിതി കണ്ടെത്താവുന്നതാണ്. അതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ:

| | ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | അപാകതയുടെ സംക്ഷിപ്ത വിവരം |
|---|---|---|---|
| 1 | വേളം | 00-01 - 2(I) | ക്യാഷ് ബുക്ക്-വരവ് രജിസ്റ്റർ ചെലവ് രജിസ്റ്ററുകളും മറ്റ് അനുബന്ധ രജിസ്റ്ററുകളും എഴുതിയില്ല |
| 2 | രാമനാട്ടുകര | 00-01 - 2(II) | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും ശരിയായി എഴുതി സൂക്ഷിക്കുന്നില്ല |
| 3 | കിഴക്കോത്ത് | 02-03 - 23 | ക്യാഷ് ബുക്ക് എഴുതിയിട്ടില്ല |

| | | | |
|---|---|---|---|
| 4 | കൊട്ടറള്ളി | 01-02 - ഭാഗം 1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും എഴുതിയിട്ടില്ല |
| 5. | മേപ്പയ്യൂർ | 97-98 - ഭാഗം 1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും എഴുതിയിട്ടില്ല |
| 6. | ചെറുവണ്ണൂർ - നല്ലളം | 00-01 - ഭാഗം 1 സി | വരവ് രജിസ്റ്ററും ക്യാഷ് ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും എഴുതിയിട്ടില്ല |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.11.1(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

14. പരാമർശവിധേയമായ ആറ് ഗ്രാമപഞ്ചായത്തുകളിലും നിലവിൽ പുതിയ അക്കൗണ്ടിംഗ് ഫോർമാറ്റ് പ്രകാരമുള്ള രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്ന ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെയും, ആയത് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**15. കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പിലാക്കിയിട്ടും കണക്ക് സൂക്ഷിപ്പിലും മറ്റും അപാകങ്ങൾ തുടരുന്നുവെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ആറ് ഗ്രാമപഞ്ചായത്തുകളിലും നിലവിൽ പുതിയ അക്കൗണ്ടിംഗ് ഫോർമാറ്റ് പ്രകാരമുള്ള രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും, ധനവിനിമയത്തിൽ കൃത്യതയും സുതാര്യതയും ഉറപ്പാക്കിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബഡ്ജറ്റ് പാസ്സാക്കുന്നില്ല; ഗ്രാമപഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു**

ബഡ്ജറ്റ് പാസ്സാക്കാതെ ചെലവ് നടത്തി ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് രാജ് നിയമം ലംഘിക്കുന്നു.

ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ ഒന്നിന് മുമ്പ് ബഡ്ജറ്റ് പാസ്സാക്കണമെന്നും അല്ലാത്തപക്ഷം അന്നുമുതൽ ചെലവ് ചെയ്യാൻ പാടില്ലെന്നും 94-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(8) വകുപ്പ് അനുശാസിക്കുന്നു. 214(6) വകുപ്പ് അനുസരിച്ച് ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങളിൽ ചെലവ് ചെയ്യരുതെന്നും നിബന്ധനയുണ്ട്. മാത്രമല്ല 214(7) വകുപ്പ് പ്രകാരം ബഡ്ജറ്റ് പകർപ്പ് ഓഡിറ്റർക്ക് നൽകണമെന്ന വ്യവസ്ഥയും പാലിക്കുന്നില്ല.

ബഡ്ജറ്റ് സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളുടെ ചില ഉദാഹരണങ്ങൾ താഴെ വിവരിക്കുന്നു. മറ്റ് ജില്ലകളിലും ഇത്തരം അപാകതകൾക്ക് സാധ്യതയുണ്ട്. ബഡ്ജറ്റ് പാസ്സാക്കാതെ ചെലവ് നടത്തുന്നത് സാമ്പത്തിക അരാജകത്വത്തിന് വഴിവെക്കാവുന്നതിനാൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

| | ഗ്രാമപഞ്ചായത്തിന്റെ പേര് | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക |
|---|---|---|---|---|
| 1 | നരിപ്പറ്റ | ബഡ്ജറ്റിന്റെ കോപ്പി, മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1998-99 | 1 |
| 2 | കുന്നുമ്മൽ | ബഡ്ജറ്റിന്റെ കോപ്പി, മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 2000-01 | 6 എ |
| 3 | ഒഞ്ചിയം | ബഡ്ജറ്റ് അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല | 2000-01 | 1-3 |
| 4 | ഒഞ്ചിയം | ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല<br>ബഡ്ജറ്റിന്റെ കോപ്പി, മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 2001-02 | 1-1 |
| 5 | കായക്കൊടി | | 2000-01 | 1 |
| 6 | മേപ്പയ്യൂർ | ടി | 1997-98 | 1 |

| | | | | |
|---|---|---|---|---|
| 7 | മേപ്പയ്യൂർ | ബഡ്ജറ്റ് പാസ്സാക്കിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ചതായി കാണുന്നില്ല. | 1998-99 | 1 |
| 8 | മേപ്പയ്യൂർ | | 1996-97 | 1-9 |
| 9 | ചെക്യാട് | ബഡ്ജറ്റ് അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. | ഖണ്ഡിക | 1-5 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.11.1(2)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

16. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി 6 ഗ്രാമപഞ്ചായത്തുകൾ ബഡ്ജറ്റ് പാസ്സാക്കാതെ പണം ചെലവഴിച്ച എന്ന് പറയുന്നത് ഗുരുതര വീഴ്ചയാണെന്നും ജില്ലാതല ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടും ഇത് സംബന്ധിച്ച വീഴ്ചകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഗൗരവമായി കാണേണ്ടതാണെന്നും അഭിപ്രായപ്പെട്ടതിനെത്തുടർന്ന് മിനിട്ട്സിൽ ബഡ്ജറ്റ് വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ വന്ന പിഴവാണെന്നും നിലവിൽ പരാമർശവിധേയമായ ആറ് ഗ്രാമപഞ്ചായത്തുകളിലും ഓഡിറ്റ് വകുപ്പ് ഉന്നയിച്ച എല്ലാ പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ടെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(8)-ൽ അനുശാസിക്കുന്ന രീതിയിൽ മാർച്ച് മാസത്തിൽ തന്നെ കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബഡ്ജറ്റ് പാസാക്കുകയും മിനിട്ട്സിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി. ഇതേ തുടർന്ന് പരാമർശവിധേയമായ 6 പഞ്ചാത്തുകളിലെയും അംഗീകരിച്ച ബഡ്ജറ്റിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**17. ബഡ്ജറ്റുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ആറ്**

**ഗ്രാമപഞ്ചായത്തുകളിലും ഓഡിറ്റ് വകുപ്പ് ഉന്നയിച്ചിരുന്ന ന്യൂനതകളെല്ലാം നിലവിൽ പരിഹരിച്ചിട്ടുണ്ടെന്നുള്ള ഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ആറ് പഞ്ചായത്തുകളിലെയും അംഗീകരിച്ച ബഡ്ജറ്റിന്റെ പകർപ്പ് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികുതി പിരിവിൽ അലംഭാവം; കുടിശ്ശിക പെരുകുന്നു**

നികുതികളും മറ്റ് വരവുകളും പിരിക്കുന്നതിൽ അലംഭാവം തുടരുന്നതിനാൽ ഗ്രാമപഞ്ചായത്തുകളുടെ തനത് വരവിൽ കുടിശ്ശിക പെരുകുന്നു.

2004-05-ൽ പുറപ്പെടുവിച്ച കോഴിക്കോട് ജില്ലയിലെ 51 ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം 2,35,897/- രൂപയാണ് കുടിശ്ശിക. മറ്റ് ജില്ലകളിലും സമാനസ്ഥിതി നിലവിലുണ്ട്.

കെട്ടിട/തൊഴിൽ നികുതികൾ, വിവിധ ഫീസുകൾ, ലൈസൻസ് ഫീസുകൾ എന്നിവയാണ് പിരിച്ചെടുക്കുവാനുള്ളത്. സമയബന്ധിതമായി ഇവ പിരിച്ചെടുത്തില്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ലാപ്സാകുവാനും സാധ്യതയുണ്ട്.

തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തത് പഞ്ചായത്തുകളിൽ ഗുരുതരമായ സാമ്പത്തിക തകർച്ച സൃഷ്ടിക്കും. ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യം നിഷേധിക്കപ്പെടുവാനും നിയമപ്രകാരമുള്ള സാമൂഹ്യബാധ്യതകൾ നിറവേറ്റപ്പെടാതെ പോകാനും ഇടയാക്കും. ഫലത്തിൽ ഇത് പ്രാദേശിക ജനാധിപത്യ സംവിധാനത്തിന്റെ തകർച്ചയ്ക്ക് വഴിവെക്കും.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 97-98 മുതൽ പദ്ധതി വിഹിതം/സർക്കാർ ഫണ്ടുകൾ ലഭിക്കാൻ തുടങ്ങിയതോടെയാണ് തനത് വരവ് പിരിച്ചെടുക്കുന്നതിൽ അലംഭാവം തുടങ്ങിയത്. മുൻവർഷങ്ങളിൽ 100 ശതമാനം പിരിവ് നടത്തിയ ഗ്രാമപഞ്ചായത്തുകളിൽപ്പോലും കുടിശ്ശിക പെരുകുകയാണ്. മാത്രമല്ല ഭരണ വകുപ്പിന്റെയും പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന്റേയും ഗുരുതരമായ വീഴ്ചയുടെ തെളിവാണ് പെരുകുന്ന കുടിശ്ശിക. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ പ്രായോഗിക നിർദ്ദേശങ്ങൾ ഉണ്ടാവണം.

കോഴിക്കോട് ജില്ലയിൽ നിന്നുള്ള വിവരങ്ങൾ താഴെ:-

<u>പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി</u>

| | ഗ്രാമപഞ്ചായത്തിന്റെ പേര് | കെട്ടിട നികുതി | തൊഴിൽ നികുതി | കെട്ടിട വാടക | ലേലം | റിപ്പോർട്ട് വർഷം |
|---|---|---|---|---|---|---|
| 1. | നരിപ്പറ്റ | 390945 | 128188 | 91835 | - | 1998-99 |
| 2. | കുന്നുമ്മൽ | 392465 | 238670 | 25628 | - | 2000-01 |
| 3. | കായക്കൊടി | 396881 | 119416 | - | - | 1999-00 |
| 4. | വേളം | 449355 | 99630 | - | 407830 | 2000-01 |
| 5. | പുതുപ്പാടി | 374774 | 106660 | - | - | 2001-02 |
| 6. | തൂണേരി | 139806 | 73358 | - | - | 2000-01 |
| 7. | ചെങ്ങോട്ടുകാവ് | 120683 | 60895 | - | - | 2000-01 |
| 8. | തലക്കുളത്തൂർ | 152624 | 42790 | - | 7080 | 1998-99 |
| 9. | കുരുവട്ടൂർ | 450662 | 355105 | - | 392500 | 2000-01 |
| 10. | കക്കോടി | 400966 | 150823 | 41480 | - | 2000-01 |
| 11. | മണിയൂർ | 343762 | 75380 | - | - | 2000-01 |
| 12. | ചെറുവണ്ണൂർ | 271679 | 196940 | - | - | 1999-00 |
| 13. | രാമനാട്ടുകര | 112835 | 550000 | 292809 | - | 2000-01 |
| 14. | ബേപ്പൂർ | 2963798 | 1007734 | 20900 | 45060 | 2000-01 |
| 15. | ചേമഞ്ചേരി | 39199 | 24010 | - | 2648 | 2002-03 |
| 16. | ചോറോട് | 381848 | 99890 | - | - | 2000-01 |
| 17. | കാവിലുംപാറ | 270814 | 239742 | 23008 | - | 2000-01 |
| 18. | കായണ്ണ | - | 4860 | - | - | 2000-01 |
| 19. | ചെറുവണ്ണൂർ-നല്ലളം | 1166737 | 579276 | 54252 | 5200 | 2001-02 |
| 20. | കിഴക്കോത്ത് | 93331 | 23715 | - | - | 2002-03 |
| 21. | ചങ്ങരോത്ത് | 665436 | 149624 | - | 225624 | 2000-01 |
| 22. | നരിപ്പറ്റ | 390945 | 128188 | 91835 | - | 1998-99 |
| 23. | തുറയൂർ | 33948 | 35220 | - | - | 2000-01 |
| 24. | നാദാപുരം | 1034250 | 243206 | - | 109619 | 2001-02 |
| 25. | കൊടുവള്ളി | 313887 | 169240 | 139126 | - | 2001-02 |
| 26. | കായക്കൊടി | 469054 | 62976 | - | - | 2000-01 |
| 27. | കുന്നുമ്മൽ | 392464 | 238670 | 25260 | - | 2000-01 |

| | | | | | | |
|---|---|---|---|---|---|---|
| 28. | മേപ്പയ്യൂർ | 416616 | 182404 | - | - | 1997-98 |
| 29. | ചേളന്നൂർ | 153883 | 284499 | - | - | 1999-00 |
| 30. | പെരുവയൽ | 142692 | 108212 | 3013 | 336568 | 2000-01 |
| 31. | കൂടരഞ്ഞി | 292186 | 139265 | 2626 | 500 | 2001-02 |
| 32. | ചേളന്നൂർ | 195748 | 352154 | - | - | 2000-01 |
| 33. | മേപ്പയ്യൂർ | 415946 | 116664 | - | - | 1998-99 |
| 34. | തൂണേരി | 139806 | 73358 | - | - | 2000-01 |
| 35. | ചെറുവണ്ണൂർ-നല്ലളം | 924209 | 541261 | 74911 | 8700 | 2000-01 |
| 36. | കുറ്റ്യാടി | 867828 | 428746 | 73490 | 194827 | 2000-01 |
| 37. | ഓമശ്ശേരി | 241348 | 9520 | 23044 | - | 2001-02 |
| 38. | അത്തോളി | 123826 | 62023 | 13540 | - | 2001-02 |
| 39. | നടവൂർ | - | 16502 | - | - | 2002-03 |
| 40. | ചെറുവണ്ണൂർ | 267369 | 156355 | - | - | 2000-01 |
| 41. | ഒഞ്ചിയം | 315865 | 102680 | - | - | 2001-02 |
| 42. | ഓമശ്ശേരി | 182659 | 12250 | 22231 | 2466 | 2001-02 |
| 43. | ചെക്യാട് | 79865 | 6690 | - | - | 2000-01 |
| 44. | നരിപ്പറ്റ | 388123 | 86840 | 91835 | - | 1999-00 |
| 45. | കുരുവട്ടൂർ | 448555 | 118385 | - | - | 2001-02 |
| 46. | കക്കോടി | 400965 | 150823 | 41480 | 392500 | 2000-01 |
| | **ആകെ** | **19742762** | **7868773** | **1278699** | **2033281** | |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.11.1(3)]

പട്ടികയിൽ ക്രമ നമ്പർ 6 (തൂണേരി), 22 (നരിപ്പറ്റ) എന്നീ പഞ്ചായത്തുകൾ ഇരട്ടിച്ച് വന്നിട്ടുള്ളത് ഒഴിവാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

18. പരാമർശവിധേയമായ ഗ്രാമപഞ്ചായത്തുകളിൽ കുരുവട്ടൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ ഗ്രാമപഞ്ചായത്തുകളൊഴികെ ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഓഡിറ്റ് റിപ്പോർട്ടിൽ

പരാമർശിച്ചിട്ടുള്ള കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുത്തിട്ടുണ്ടെന്നും നിലവിൽ പരാമർശവിധേയമായ ഗ്രാമപഞ്ചായത്തുകളെല്ലാം നികുതി പിരിവിൽ 100% കൈവരിച്ചിട്ടുമുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമ പഞ്ചായത്തുകളെ ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

19. കരുവട്ടൂർ ഗ്രാമപഞ്ചായത്ത് 2000-01 വർഷത്തിലെ നികുതി കുടിശ്ശിക പിരിച്ചെടുത്തില്ലെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും ആയത് തുടർന്നുള്ള വർഷങ്ങളിൽ പിരിച്ചെടുത്തിട്ടുണ്ടെന്ന് കാണിച്ച് 2008-09 വർഷത്തിൽ ഭരണ വകുപ്പിന് മറുപടി സമർപ്പിച്ചിരുന്നുവെന്നും എന്നാൽ പ്രസ്തുത മറുപടി നാളിതുവരെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും നിരീക്ഷിച്ച സമിതി ഓഡിറ്റ് തടസ്സം പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

20. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് നിലവിൽ കോഴിക്കോട് കോർപ്പറേഷന്റെ ഭാഗമാക്കിയതിനെത്തുടർന്ന് പരാമർശവിധേയമായ കുടിശ്ശികത്തുക എഴുതി തള്ളുന്നതിന് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച് ആരാഞ്ഞപ്പോൾ 2007-ലെ കെട്ടിട നികുതി ഇനത്തിൽ കുടിശ്ശികയായ 1,90,408 രൂപയും, തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയായ 36,794 രൂപയും എഴുതി തള്ളുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതിനെത്തുടർന്നാണ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് റവന്യൂ ഓഫീസർ മറുപടി നൽകി.

21. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത നടപടിയുടെ നിയമസാധുത സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പഞ്ചായത്തുകളുടെ കുടിശ്ശികത്തുക എഴുതി തള്ളുന്നതിന് ഒരു മാനദണ്ഡമുണ്ടെന്നും അതിലുൾപ്പെടുന്ന തുക മാത്രമേ എഴുതി തള്ളുവാൻ സാധിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. നിയമപരമായി വളരെ തെറ്റായ ഒരു നടപടിയാണ് പഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നതെന്നും പഞ്ചായത്ത് ഭരണസമിതി എന്തുകൊണ്ടാണ് അത്തരത്തിലൊരു തീരുമാനമെടുത്തതെന്ന് പരിശോധിക്കപ്പെടേണ്ടതാണെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്തധികൃതർ പഞ്ചായത്ത് വകുപ്പിനെ അറിയിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാണിച്ചപ്പോൾ ഗ്രാമപഞ്ചായത്തിനെ

കോർപ്പറേഷനിൽ ലയിപ്പിക്കുന്നതിന് മുൻപ് പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും അത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് മുഖാന്തരമാണ് സമർപ്പിക്കുന്നതെന്നതിനാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത വിഷയം അറിഞ്ഞില്ലെന്ന് പറയുന്നത് വിശ്വാസയോഗ്യമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച് യഥാസമയം പഞ്ചായത്ത് ഡെപ്യൂട്ടി, ഡയറക്ടറുടെ ഓഫീസിൽ അറിയിച്ചിരുന്നുവെന്നും 09/11/2014-ൽ ഓഡിറ്റ് വകുപ്പിനെ രേഖാമൂലം അറിയിക്കുകയും തുടർന്ന് സർക്കാരിന് അപേക്ഷ സമർപ്പിക്കുകയുമാണ് ചെയ്തതെന്നും റവന്യൂ ഓഫീസർ അറിയിച്ചു.

22. പ്രത്യേക സാഹചര്യങ്ങളിൽ നികുതിയിനത്തിലെ കുടിശ്ശിക ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ടെന്ന് നിയമത്തിൽ പരാമർശിക്കുന്നുണ്ടെന്നും കുടിശ്ശിക ഒഴിവാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് കമ്മിറ്റിയിൽവെച്ച് അംഗീകാരം വാങ്ങിയാൽ മാത്രമേ അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും പ്രസ്തുത വിഷയത്തിൽ അത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നോയെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ടെന്നും, ഓരോ കേസും പരിശോധിച്ച് കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിക്കാത്തതിനുള്ള കാരണം കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ എഴുതി തള്ളുവാൻ സാധിക്കുകയുള്ളൂവെന്നും ആയത് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും അംഗീകരിക്കുകയും വേണമെന്നും ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയത്തിൽ ഭരണ വകുപ്പ് വിശദമായ അന്വേഷണം നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**23. നികുതികളും മറ്റ് വരവുകളും പിരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന അലംഭാവംമൂലം അവയുടെ തനത് വരവിൽ കുടിശ്ശിക പെരുകുന്നുവെന്ന ഓഡിറ്റ് നിരീക്ഷണവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ഗ്രാമപഞ്ചായത്തുകളിൽ കരുവട്ടൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ ഗ്രാമപഞ്ചായത്തുകളൊഴികെ ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ കെട്ടിട നികുതിയും തൊഴിൽ നികുതിയും കൃത്യമായി പിരിച്ചെടുത്തിട്ടുണ്ടെന്നും, ടി**

ഗ്രാമപഞ്ചായത്തുകളെല്ലാം നിലവിൽ നികുതി പിരിവിൽ 100% കൈവരിച്ചിട്ടുമുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കരുവട്ടൂർ, ചെറുവണ്ണൂർ-നല്ലളം ഒഴികെയുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളെ ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

24. കരുവട്ടൂർ ഗ്രാമപഞ്ചായത്ത് 2000-2001 ലെ നികുതി കുടിശ്ശിക പിരിച്ചെടുത്തില്ലെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും ആയത് തുടർന്നുള്ള വർഷങ്ങളിൽ പിരിച്ചെടുത്തിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് കരുവട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

25. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിനെ കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം പരാമർശവിധേയമായ കുടിശ്ശികത്തുകകൾ എഴുതി തള്ളുന്നതിനായി സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ പഞ്ചായത്തധികൃതരുടെ പ്രസ്തുത തീരുമാനം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നാളിതുവരെ അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രത്യേക സാഹചര്യങ്ങളിൽ നികുതിയിനങ്ങളിലെ കുടിശ്ശിക ഒഴിവാക്കി കൊടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെല്ലാം കൃത്യമായി പാലിച്ചിരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

26. എന്നാൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് നികുതിയിനങ്ങളിലെ കുടിശ്ശിക ഒഴിവാക്കി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുപോലും നാളിതുവരെ അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തധികൃതർ കുടിശ്ശിക ഒഴിവാക്കി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെല്ലാം കൃത്യമായി പാലിച്ചിരുന്നോ എന്ന കാര്യത്തിൽ നിലവിലും അവ്യക്തത നിലനിൽക്കുകയാണെന്ന് സമിതി

**വിലയിരുത്തുന്നു. അതിനാൽ പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ പരിശീലനപദ്ധതികൾ പരാജയപ്പെട്ടു**

ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിന് പഞ്ചായത്തുകൾ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളിൽ മിക്കതും ലക്ഷ്യം കാണാതെ പദ്ധതി തുക പാഴാവുന്നതായി കാണുന്നു. അംഗീകാരമില്ലാത്ത കോഴ്സുകളിൽ പരിശീലനം നൽകുകയും ചട്ടം ലംഘിച്ച് സ്വകാര്യ സ്ഥാപനങ്ങളെ പരിശീലന ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നതുൾപ്പെടെ പദ്ധതികളുടെ പരാജയത്തിൽ നിരവധി കാരണങ്ങളുണ്ട്. വേണ്ടത്ര ആസൂത്രണവും ദീർഘ വീക്ഷണവുമില്ലാതെയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതായും കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഗ്രാമപഞ്ചായത്തിന്റെ പേര് | ആകെ ചെലവ് | പ്രോജക്ട് | അപാകതയിൽ ഉൾപ്പെട്ട തുക | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|---|---|---|
| 1. | ഏറാമല | 219550 | കമ്പ്യൂട്ടർ പരിശീലനം | 149550 | കോഴ്സ് യഥാവിധി നടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടില്ല | 01-02(7) |
| 2. | ബേപ്പൂർ | 361800 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയതിന് രേഖകളില്ല | | | |
| 3. | അഴിയൂർ | 30500 | പട്ടികജാതിക്കാർക്ക് കമ്പ്യൂട്ടർ ഡി.ടി.പി പരിശീലനം | 30500 | പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തില്ല | |
| 4. | മൂടാടി | 109800 | വനിതാ കമ്പ്യൂട്ടർ | 109800 | പരീക്ഷ നടത്തി | 02-03(27) |

| | | | | | | |
|---|---|---|---|---|---|---|
| | | | പരിശീലന പദ്ധതി | | സർട്ടിഫിക്കറ്റ് നല്കിയില്ല | |
| 5. | ചെറുവണ്ണൂർ | 5000 | വനിതകൾക്ക് ഓട്ടോറിക്ഷാ പരിശീലനം | 5000 | പരിശീലനം പൂർത്തിയാക്കിയതിന് രേഖകളില്ല | 00-01(5) |
| 6. | വാണിമേൽ | 342500 | 50 വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം | 85000 | അംഗീകൃത സ്ഥാപനമല്ല. പ്രോജക്ടുകളിൽ വിഭാവനം ചെയ്ത കോഴ്സ് അല്ല സംഘടിപ്പിച്ചത്. പ്രോജക്ട് ഉപേക്ഷിച്ചു. | 00-01(3) |
| 7. | മേപ്പയ്യൂർ | 56550 | 23 വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | 11700 | 29 പേർക്ക് ഫീസ് നൽകി | 00-01 |
| 8. | കൊടുവള്ളി | - | വനിതകൾക്ക് 3 മാസ കമ്പ്യൂട്ടർ പരിശീലനം | 35000 | അംഗീകരിക്കാത്ത സ്വകാര്യ സ്ഥാപനങ്ങളെ പരിശീലന ചുമതല ഏൽപ്പിച്ചു. | 01-02 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.11.1(4)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

27. ഏറാമല ഗ്രാമപഞ്ചായത്തിൽ 2000-01, 2001-2002 വർഷങ്ങളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർ പരിശീലന പദ്ധതി സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും പരിശീലനവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് നടന്ന സമയത്ത് വകുപ്പിന് ഹാജരാക്കിയില്ലെന്നും പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്തില്ലെന്നുമായിരുന്നു ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെന്നും പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് നടന്ന സമയത്ത് വകുപ്പിന് ഹാജരാക്കുവാൻ സാധിക്കാതിരുന്നതാണ് ഓഡിറ്റ് തടസ്സത്തിന് ഇടയാക്കിയതെന്നും എന്നാൽ കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 62 ഗുണഭോക്താക്കൾക്കും ബന്ധപ്പെട്ട സ്ഥാപനം സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഇക്കാര്യങ്ങളെല്ലാം ഓഡിറ്റ് വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പരാമർശവിധേയമായ ന്യൂനതകൾ പരിഹരിച്ചത് സംബന്ധിച്ച

രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

28. ബേപ്പൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

29. അഴിയൂർ ഗ്രാമപഞ്ചായത്ത് 2001-2002 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9 വനിതകൾക്ക് ഒരു തൊഴിൽ പരിശീലന കോഴ്സ് നടത്തിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടില്ലെന്നതായിരുന്നു പ്രധാന ഓഡിറ്റ് തടസ്സമെന്നും എന്നാൽ പ്രസ്തുത പരിശീലന പരിപാടി ഒരു സർക്കാർ സ്ഥാപനത്തിൽവെച്ചാണ് നടത്തിയതെന്നും, സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ടെന്നും കാണിച്ച് ഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് തടസ്സം പരിഹരിച്ചിരുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി തൃപ്തികരമാണെന്ന് ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

30. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി മൂടാടി ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ 2002-03 കാലയളവിൽ വനിതകൾക്കായി നടപ്പിലാക്കിയ കമ്പ്യൂട്ടർ പരിശീലന പരിപാടിയുടെ സർട്ടിഫിക്കറ്റ് വിതരണം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുവാൻ സാധിച്ചില്ലെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും 61 വനിതകൾക്കാണ് പരിശീലനം നൽകിയതെന്നും ഒരാൾക്ക് 1800 രൂപ നിരക്കിൽ 109800 രൂപ കണക്കാക്കിയുള്ള പരിശീലന പരിപാടിയാണ് നടത്തിയതെന്നും പരിശീലനം നൽകിയ രണ്ട് സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുമായും പഞ്ചായത്ത് പ്രസിഡന്റുമായും ബന്ധപ്പെട്ടപ്പോൾ അത്തരത്തിൽ ഒരു പരിശീലനം നടത്തിയിരുന്നുവെന്നും ആയത് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ് മനസ്സിലാക്കുവാൻ സാധിച്ചതെന്നും മൂടാടി

ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി തൃപ്തികരമാണെന്ന് ഭരണ വകുപ്പ് അറിയിച്ചുവെങ്കിലും പ്രസ്തുത മറുപടിയും ഇത് സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആയത് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുന്നമുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

31. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ 2000-ൽ ഗ്രാമപഞ്ചായത്ത് മുഖേന നാല് വനിതകൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ കാണുന്നില്ലെന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും നാല് വനിതകൾക്കും പരിശീലനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് ഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

32. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വാണിമേൽ ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ വാണിമേൽ ഗ്രാമപഞ്ചായത്തിലെ എസ്.ടി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥിനികൾക്ക് ഡി.സി.എ കോഴ്സിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി സംബന്ധിച്ചായിരുന്നു ഓഡിറ്റ് പരാമർശമെന്നും 2000-ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതിയായിരുന്നു അതെന്നും എന്നാൽ കോഴ്സിന് ചേർന്ന മൂന്ന് വിദ്യാർത്ഥിനികൾ ഡി.സി.എ കോഴ്സിന് പകരം മറ്റൊരു കോഴ്സാണ് അവിടെ പഠിപ്പിക്കുന്നതെന്ന് കാണിച്ചുകൊണ്ട് ഓംബുഡ്സ്മാന് പരാതി നൽകിയതുമൂലം 6 മാസത്തെ ഡി.സി.എ കോഴ്സ് പൂർത്തീകരിക്കുവാനോ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാനോ സാധിക്കാതെപോയെന്നും ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ലെന്നും അഡ്വാൻസ് തുകയായി 86,500 രൂപ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് നല്കിയിട്ടുള്ളതെന്നും പരിശീലനം നല്കിയ 'ഫ്രണ്ട് ലൈൻ കമ്പ്യൂട്ടർ' എന്ന സ്ഥാപനം നിലവിൽ

പ്രവർത്തിക്കുന്നില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി.

33. മുൻകൂറായി നൽകിയ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. ബാലൻ ടി.കെ എന്നയാൾക്ക് പഞ്ചായത്തധികൃതർ നിരവധി തവണ കത്തുകൾ അയച്ചുവെങ്കിലും ടിയാൻ നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നും ഇക്കാര്യങ്ങളെല്ലാം കാണിച്ചുകൊണ്ട് പഞ്ചായത്തധികൃതർ ഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണ വകുപ്പിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

34. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി മേപ്പയൂർ ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ 2000-2001 വർഷത്തെ പ്രോജക്ട് നമ്പർ 48 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 23 പേർക്ക് ഡി.റ്റി.പി കോഴ്സിൽ പരിശീലനം നൽകുവാനായിരുന്നു തീരുമാനിച്ചിരുന്നതെങ്കിലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും ആറ് പേരെ കൂടുതൽ ഉൾപ്പെടുത്തി 29 പേർക്ക് പരിശീലനം നൽകി എന്നുള്ളതായിരുന്നു ഓഡിറ്റ് പരാമർശമെന്നും 31.3.2001-ൽ വനിതാ ശിശുക്ഷേമ മോണിറ്ററിംഗ് കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ പേർക്ക് പരിശീലനം നൽകിയതെന്നും പരിശീലനം ലഭിച്ച യുവതികൾക്കെല്ലാം തൊഴിൽ നേടുന്നതിന് പദ്ധതി സഹായകമായിട്ടുണ്ടെന്നും പദ്ധതിലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും ഇക്കാര്യങ്ങളെല്ലാം കാണിച്ചുകൊണ്ട് ഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**35. ഓഡിറ്റ് വകുപ്പ് തടസ്സമായി ഉന്നയിച്ചിരുന്ന ന്യൂനതകൾ പരിഹരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറാമല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

36. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മൂടാടി ഗ്രാമപഞ്ചായത്ത് ഒഴികെ ശേഷിക്കുന്ന ബേപ്പൂർ, അഴിയൂർ, ചെറുവണ്ണൂർ, വാണിമേൽ, മേപ്പയൂർ എന്നീ അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

37. മൂടാടി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറക്ക് ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**സബ്സിഡി : മാനദണ്ഡം പാലിക്കുന്നില്ല; ലക്ഷങ്ങളുടെ അധികചെലവ്**

സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി നൽകിയതിനാൽ ഗ്രാമ പഞ്ചായത്തുകൾക്ക് ലക്ഷങ്ങളുടെ അധിക ചെലവ്.

കോഴിക്കോട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ 298378/- രൂപ സബ്സിഡി അധികം നൽകിയതായി കണ്ടെത്തി. ജനകീയാസൂത്രണ വർഷങ്ങളിലെ വിവിധ വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കാണ് അധികം സബ്സിഡി നൽകിയത്. ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകളിൽ സബ്സിഡി നിരക്കും മാനദണ്ഡങ്ങളും വ്യക്തമായി വിശദീകരിക്കാറുണ്ട്. ഇതിന് ശേഷവും രാഷ്ട്രീയ വ്യക്തി താൽപര്യങ്ങളുടെ പേരിൽ മാനദണ്ഡം ലംഘിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ താഴെ:-

**സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തത്**

| | ഗ്രാമപഞ്ചായത്തിന്റെ പേര് | പ്രൊജക്ടിന്റെ പേര് | പദ്ധതി വർഷം | വീഴ്ചയുടെ സ്വഭാവം | തുക | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം |
|---|---|---|---|---|---|---|---|
| 1 | കുറ്റ്യാടി | വീട് ഓട് മേയൽ | 2001-02 | ലിസ്റ്റിൽ ഇല്ലാത്ത ആൾക്ക് ആനുകൂല്യം നൽകി | 5,000/- | 13 | 01-02 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | നാദാപുരം | വീട് റിപ്പയർ (പട്ടികജാതി) | 2000-01 | ഗുണഭോക്താക്കൾ കമ്മിറ്റി രൂപീകരിച്ച് നൽകേണ്ട തിനുപകരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി | 65,000 | 9 | 00-01 |
| 3 | വേളം | വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് പരിശീലനം | 2001-02 | സ്വയംതൊഴിൽ വ്യക്തിഗത സബ്സിഡി അധികം അനുവദിച്ച | 9,600 | 10 | 01-02 |
| 4 | കായക്കൊടി | മണ്ണ് സംരക്ഷണ പദ്ധതി | 98-99 | അധിക സബ്സിഡി | 19,778 | 29 | 99-00 |
| 5 | കായക്കൊടി | വീട് ഓട് മേയൽ കുടിവെള്ള പദ്ധതി തൊഴുത്ത് നിർമ്മാണം പശു വിതരണം | 99-2000 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | 7,500<br>21,000<br>1,600<br>8,000 | 34 | 99-00 |
| 6 | ചെങ്ങോട്ടുകാവ് | വനിതാ ഗ്രൂപ്പ് പച്ചക്കറി കൃഷി | 01-02 | കൺവീനർക്ക് ജൈവ വളത്തിന് സബ്സിഡി പണമായി നൽകിയത് | 34,400 | 12 | 01-02 |
| 7 | വളയം | നേന്ത്രവാഴ സംഘകൃഷി | 01-02 | സബ്സിഡി പണമായി നൽകി | 68,000 | 8 | 01-02 |
| 8 | ബേപ്പൂർ | മത്സ്യ തൊഴിലാളി കൾക്ക് മൊപ്പഡ് വിതരണം | 01-02 | മൊപ്പഡ് വാങ്ങിയതിന് രേഖകളില്ല | 55,000 | 9 | 01-02 |
| 9 | ചാത്തമംഗലം | പമ്പ് സെറ്റ് വിതരണം | 01-02 | ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് അംഗീകരിച്ചിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകി | 3500 | 18 | 01-02 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.11.1(5)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

38. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ഗ്രാമപഞ്ചായത്തു

കളിലെ സെക്രട്ടറിമാർ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**39. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമപഞ്ചായത്തുകൾ - കെട്ടിട നികുതി, തൊഴിൽ നികുതി - തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.**

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാന സ്രോതസ്സായ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടിരിക്കുകയാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 243(1) പ്രകാരം മൂന്ന് വർഷത്തിൽ കൂടുതൽ കാലം പിരിച്ചെടുക്കാതെ, കുടിശ്ശികയായ നികുതികൾ കാലഹരണപ്പെട്ടതായി കണക്കാക്കുന്നു. കാലഹരണപ്പെട്ട നികുതികൾ യഥാസമയം പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയവരുടെ ബാദ്ധ്യതയായി കണക്കാക്കി ആയത് 12% പലിശ സഹിതം തിരിച്ച് പിടിക്കാൻ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243(3) ൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചിട്ടില്ല. തൽഫലമായി പഞ്ചായത്തുകൾക്ക് ലക്ഷക്കണക്കിന് രൂപയും കേരള ലൈബ്രറി കൗൺസിലിന് ഗ്രന്ഥശാലാ വരി ഇനത്തിൽ ആയിരക്കണക്കിന് രൂപയും നഷ്ടപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, വർഷം, ഖണ്ഡിക | കെട്ടിട നികുതി (രൂ) | തൊഴിൽ നികുതി (രൂ) | ലൈബ്രറി സെസ്സ് (രൂ) | മറ്റിനം (രൂ) | ആകെ (രൂ) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | തിരുവള്ളൂർ 02-03, 2(1) | 11182 | - | 567 | - | 11749 | |
| 2 | അഴിയൂർ 98-99, 2(1) | 340921 | 147516 | - | - | 488437 | |
| 3 | ചക്കിട്ടപാറ 02-03, 2(2) | 20509 | 10762 | - | - | 31271 | 97-98 മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | വാണിമേൽ 01-02, 2(4) | 149965 | - | 7416 | - | 157381 | 88-89 മുതൽ 97-98 വരെ |
| 5 | ഉണ്ണികുളം 02-03, 2(9) | - | 86000 | - | - | 86000 | 99-00 വരെയുള്ളത് കാലഹരണപ്പെട്ട |
| 6 | അത്തോളി 04-05, 2(2) | 118662 | 5115 | - | - | 123777 | 01-02 വരെയുള്ളത് |
| 7 | കൊടിയത്തൂർ 02-03, 2(8) | 79870 | - | 4005 | - | 83875 | 96-97 മുതൽ 99-00 വരെയുള്ളത് |
| 8 | താമരശ്ശേരി 02-03, 2(2) | 90165 | - | 4517 | - | 94682 | 97-98 മുതൽ 99-00 വരെ |
| 9 | കാവിലുംപാറ 02-03, 2(4) | 48598 | 103767 | - | - | 152365 | - |
| 10 | ചെറുവണ്ണൂർ-നല്ലളം 03-04, 2(3) | 184863 | 377516 | - | - | 562379 | 97-98 മുതൽ 00-01 വരെ |
| 11 | നരിക്കുനി 02-03, 2(3) | - | 26704 | - | - | 26704 | 97-98 മുതൽ 99-00 വരെ |
| 12 | ചാത്തമംഗലം 03-04, 2(4) | 70040 | - | 3515 | - | 73555 | 92-93 മുതൽ 00-01 വരെ |
| | 03-04, 2(5) | - | - | - | 168665 | 168665 | മണൽ ലേലം 89-90 മുതൽ 97-98 വരെ |
| 13 | കുറ്റ്യാടി 02-03, 2(1) | 483631 | - | - | - | 483631 | 79-80 മുതൽ 01-02 വരെ |
| | 02-03, 2(4) | - | 265358 | - | | 265358 | |
| 14 | കാവിലുംപാറ 03-04, 2(2) | 57175 | 94887 | 4900 | 2322 | 159284 | 87-88 മുതൽ 02-03 വരെ |
| 15 | വില്യാപ്പള്ളി 2000-01, 2(1), 2(3) | 13202 | 7765 | 621 | - | 21588 | |
| 16 | കുന്നുമ്മൽ 02-03, 2(1) | 39584 | - | 6500 | 1906 | 47990 | 85-86 മുതൽ 99-00 വരെ |
| 17 | അരിക്കുളം 03-04, 2(4) | 4886 | - | 245 | - | 5131 | 98-99 മുതൽ കാലഹരണപ്പെട്ട |
| 18 | കൂടരഞ്ഞി 02-03, 2(5) | 46519 | - | 2313 | - | 48832 | 94-95 മുതൽ 99-00 വരെ |
| 19 | താമരശ്ശേരി | 45862 | - | 2276 | - | 48138 | 00-01 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 03-04, 2(3) | | | | | | വർഷത്തെ കുടിശ്ശിക |
| 20 | തിക്കോടി 03-04, 2(3) | 16323 | - | 963 | - | 17286 | 2000-01 മുതൽ 01-02 വരെ |
| 21 | തിക്കോടി 04-05, 2(7) | 52611 | - | 3103 | - | 55714 | ടി |
| 22 | കാരശ്ശേരി 03-04, 2(1) | 89298 | - | 4443 | - | 93741 | 95-96 മുതൽ 00-01 വരെ |
| 23 | മാവൂർ 02-03, 2(1) | 27283 | 87339 | 1561 | - | 116183 | - |
| 24 | കോട്ടൂർ 01-02, 2(5),2(6) | 16852. | 10145 | 909 | - | 27906 | 94-95 മുതൽ 98-99 വരെ |
| 25 | പയ്യോളി 03-04, 2(1), | 29265 | - | 1478 | - | 30743 | 98-99 മുതൽ 00-01 വരെ |
| | 03-04, 2(2) | - | 132447 | - | - | 132447 | 97-98 മുതൽ 01-02 വരെ |
| 26 | മുക്കം 04-05,2(7) | - | - | - | 141356 | 141356 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീസ് 90-91 മുതൽ കുടിശ്ശിക |
| 27 | പെരുമണ്ണ 03-04, 2(1) | 39667 | - | - | - | 39667 | 95-96 മുതൽ 99-00 വരെ |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

40. പ്രസ്തുത ഓഡിറ്റ് പരാമർശം പരിഗണനയ്ക്കെടുക്കവെ ഗ്രാമപഞ്ചായത്തുകളെ കോർപ്പറേഷനുകളിലേയ്ക്കോ, മുനിസിപ്പാലിറ്റികളിലേയ്ക്കോ ലയിപ്പിക്കുന്ന അവസരത്തിൽ തന്നെ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ഇത് സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷനുകൾക്ക്/മുനിസിപ്പാലിറ്റികൾക്ക് കൈമാറുന്നതിന് പകരം ഗ്രാമപഞ്ചായത്തുകളുടെ ബാധ്യതകൾ മുഴുവൻ എഴുതിതള്ളുന്ന പ്രവണതയാണ് സംസ്ഥാനത്ത് പൊതുവായി നിലനിൽക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ വ്യക്തമായ മറുപടി നൽകുവാൻ അവർക്ക് സാധിച്ചില്ല. ലയനത്തിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ പേരിലുള്ള ബാധ്യതകളെല്ലാം സ്വാഭാവികമായും കോർപ്പറേഷന്റേതായി മാറേണ്ടതാണെന്നും, ഈ കുടിശ്ശിക തിരിച്ചുപിടിക്കേണ്ടത് പിന്നീട് കോർപ്പറേഷന്റെ ഉത്തരവാദിത്തമാണെന്നും അതിന് വിരുദ്ധമായി ആയത് ഒഴിവാക്കി നൽകുന്ന പ്രവണത തികച്ചും നിയമവിരുദ്ധവും ക്രമരഹിതവുമാണെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ അവലംബിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

41. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ 27 ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**42. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ 27 ഗ്രാമപഞ്ചായത്തുകളെയും ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**43. ഗ്രാമപഞ്ചായത്തുകളെ കോർപ്പറേഷനുകളിലേയ്ക്കോ, മുനിസിപ്പാലിറ്റി കളിലേയ്ക്കോ ലയിപ്പിക്കുന്ന അവസരത്തിൽതന്നെ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി അത് സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷനുകൾക്ക്/മുനിസിപ്പാലിറ്റികൾക്ക് നൽകണമെന്നിരിക്കെ അതിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തുകളുടെ ബാധ്യതകൾ മുഴുവൻ എഴുതിതള്ളുന്ന പ്രവണതയാണ് സംസ്ഥാനത്ത് പൊതുവായി നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ലയനത്തിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ പേരിലുള്ള ബാധ്യതകളെല്ലാം സ്വാഭാവികമായും കോർപ്പറേഷന്റേത്/മുനിസിപ്പാലിറ്റിയുടേത് ആയി മാറ്റേണ്ടതാണെന്നും, കുടിശ്ശികകളെല്ലാം തിരിച്ച് പിടിക്കേണ്ടത് പിന്നീട് അവരുടെ ഉത്തരവാദിത്തമാണെന്നും, അതിനുപകരം ബാധ്യതകളെല്ലാം ഒഴിവാക്കി നൽകുന്ന നടപടി തികച്ചും ക്രമരഹിതവും നിയമവിരുദ്ധമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് നടപടി**

**കൈക്കൊള്ളുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിടവാടക, ലേലത്തുകകൾ ഇവ യഥാസമയം പിരിച്ചെടുക്കുന്നില്ല**

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങളായ നികുതികൾ, ഫീസുകൾ, ലേലത്തുകകൾ എന്നിവ പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിക്കുന്നു. അതിനാൽ പഞ്ചായത്തുകളിൽ നികുതി കുടിശ്ശിക വർദ്ധിക്കുകയാണ്.

പഞ്ചായത്തുകൾ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക വാടകക്കാരനിൽ നിന്നും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നില്ല. വാടക യഥാസമയം അടയ്ക്കാത്ത വാടകക്കാരനെ ഒഴിപ്പിക്കുന്നതിനും പഞ്ചായത്തും വാടകക്കാരും തമ്മിലുണ്ടാക്കിയ കരാറുകളിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും വാടക അടയ്ക്കാൻ വീഴ്ച വരുത്തിയവരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാതെ തുടരാൻ അനുവദിക്കുകയും തൽഫലമായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലക്ഷക്കണക്കിന് രൂപ വായ്പയെടുത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക ലഭിക്കാതെ വരികയും പഞ്ചായത്ത് മറ്റ് ഫണ്ടുകളിൽ നിന്ന് വകമാറ്റി കടം അടയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

| | സ്ഥാപനത്തിന്റെ പേര്, വർഷം, ഖണ്ഡിക | കെട്ടിടവാടക/ ലേലം (രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | താമരശ്ശേരി 2003-04 2(6) (2) | 315391 (വാടക) | കുടിശ്ശികക്കാർക്ക് തന്നെ വീണ്ടും കെട്ടിടമുറി അനുവദിച്ചു |
| 2 | അഴിയൂർ 2002-03 2(4) | 20790 (വാടക) | കെട്ടിടമുറി വാടക കുടിശ്ശിക |
| 3 | നന്മണ്ട 2002-03 2(2) | 39652 (വാടക) | കെട്ടിടമുറി വാടക കുടിശ്ശിക |
| 4 | കുന്നമ്മൽ 2002-03 2(5) | 24908 (വാടക) | കെട്ടിട വാടക 3 പേരിൽ നിന്ന് ലഭിക്കാനുള്ളത് |
| 5 | പെരുവയൽ 2003-04 2(4) | 265831 (ലേലം) | മണൽ ലേലം ഇനത്തിൽ 92-93, 97-98 വർഷങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല. |
| 6 | മാവൂർ 2002-03 2(2) | 34065(കടത്ത് ലേലം)<br>64864 (ബസ് സ്റ്റാന്റ്)<br>354691 (മണൽ) | ഇത്രയും തുക നികുതിയായി പിരിച്ചെടുക്കാതെ അവശേഷിക്കുന്നു. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

44. താമരശ്ശേരി ഗ്രാമപഞ്ചായത്ത് കെട്ടിടവാടകയിനത്തിൽ കുടിശ്ശിക വരുത്തിയവർക്ക് തന്നെ വീണ്ടും വാടകയ്ക്ക് മുറികൾ അനുവദിച്ചു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് അപ്രകാരം പ്രവർത്തിച്ചതെന്നും, പഞ്ചായത്തിന്റെ ബൈലോയിൽ പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുവാൻ ഒരിക്കൽ കരാറിൽ ഏർപ്പെട്ട വ്യക്തിയ്ക്ക് തന്നെ തുടർച്ചയായി 3 വർഷംവരെ 5 ശതമാനം വാർഷിക വാടക വർദ്ധനവിൽ കരാർ പുതുക്കി നല്കാമെന്ന് പ്രതിപാദിച്ചിട്ടുണ്ടെന്നും, പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ചില കേസുകളിൽ വാടകക്കാർ അവർക്ക് അനുകൂലമായ വിധി സമ്പാദിച്ചിരുന്നുവെന്നും പ്രസ്തുത കേസുകൾ ഒഴികെയുള്ള മറ്റ് കേസുകളിലെല്ലാം നിലവിൽ ഗ്രാമപഞ്ചായത്ത് കൃത്യമായി കെട്ടിട വാടകയിനത്തിലെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

45. കുടിശ്ശിക വരുത്തിയവർക്ക് തന്നെ വീണ്ടും മുറി അനുവദിക്കാതിരി ക്കുന്നതിനുള്ള സ്വാതന്ത്ര്യം ഗ്രാമപഞ്ചായത്തിൽ തന്നെ നിക്ഷിപ്തമാണെന്നിരിക്കെ അതിന് വിപരീതമായി കുടിശ്ശികക്കാരന് തന്നെ വീണ്ടും മുറി അനുവദിച്ച പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ടിയാനോടുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക താത്പര്യമാണ് വെളിവാക്കുന്നതെന്നും, തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി അത്തരത്തിൽ നിയമവിരുദ്ധമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ അതിലെ നിയമ സാധുതയില്ലായ്മ ചൂണ്ടിക്കാണിച്ച് അവരെ തിരുത്തേണ്ടത് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയായിരുന്നുവെന്നും സമിതി വിലയിരുത്തി. പ്രസ്തുത വിഷയത്തിൽ പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ കൃത്യവിലോപത്തിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയ സമിതി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി

ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന താക്കീതോടെ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

46. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിയൂർ ഗ്രാമപഞ്ചായത്ത്, നന്മണ്ട ഗ്രാമപഞ്ചായത്ത്, കുന്നമ്മൽ ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

47. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞപ്പോൾ മണൽ ലേലം ഇനത്തിൽ 1992-93, 1997-98 എന്നീ വർഷങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല എന്നതാണ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശമെന്നും മണൽ ലേലം നടത്തുന്നത് തഹസിൽദാരായതിനാൽ ലേലത്തുക താലൂക്ക് ഓഫീസിലാണ് ഒടുക്കേണ്ടതെന്നും അക്കാര്യം ഉറപ്പ് വരുത്തേണ്ടത് തഹസിൽദാരുടെ ഉത്തരവാദിത്തമാണെന്നും താലൂക്ക് ഓഫീസ് മുഖാന്തരം ലേലം നടത്തിയതിനുശേഷം പഞ്ചായത്തിന് ലഭിക്കേണ്ട തുക അഡ്ജസ്റ്റ് ചെയ്തുനൽകുന്ന രീതിയാണ് തുടർന്ന് വന്നിരുന്നതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മണൽ ലേലം ചെയ്ത ഇനത്തിലെ തുക താലൂക്ക് ഓഫീസിൽ അടച്ചിരുന്നുവെന്നാണ് ലേലംകൊണ്ട വ്യക്തി പറയുന്നതെന്നും ആയതിൽ വ്യക്തത വരുത്തുന്നതിനായി തഹസിൽദാർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

48. കോഴിക്കോട് താലൂക്കിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ മണൽ ലേലവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലേലം നടത്തിയ തഹസിൽദാരിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നടത്തിയ കത്തിടപാടുകൾക്ക് തഹസിൽദാർ നാളിതുവരെ മറുപടി നല്കിയിട്ടില്ലെന്നും നിരീക്ഷിച്ച സമിതി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ലേലത്തുക അക്കാലയളവിലെ തഹസിൽദാരിൽനിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

49. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി മാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞപ്പോൾ മാവൂർ ഗ്രാമപഞ്ചായത്ത് കടത്ത് ലേലം, ബസ് സ്റ്റാന്റ്, മണൽ ലേലം എന്നീയിനങ്ങളിലെ കുടിശ്ശികത്തുകകൾ 2013, 2014 വർഷങ്ങളിലായി പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടെന്നും ഇക്കാര്യങ്ങളെല്ലാം ഭരണ വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തധികൃതർ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**50. താമരശ്ശേരി ഗ്രാമപഞ്ചായത്ത് കെട്ടിടവാടകയിനത്തിൽ കുടിശ്ശിക വരുത്തിയവർക്കുതന്നെ വീണ്ടും വാടകയ്ക്ക് മുറികൾ അനുവദിച്ചുവെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. കുടിശ്ശികക്കാർക്ക് വീണ്ടും മുറികൾ അനുവദിക്കാതിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെന്നിരിക്കെ, അതിന് വിപരീതമായി കുടിശ്ശികക്കാർക്ക് തന്നെ വീണ്ടും മുറി അനുവദിച്ച പഞ്ചായത്ത് ഭരണസമിതിയുടെ നടപടി തികച്ചും ക്രമരഹിത മാണെന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി അത്തരത്തിൽ നിയമ വിരുദ്ധമായ തീരുമാനം കൈക്കൊണ്ടപ്പോൾ അതിലെ നിയമസാധുതയില്ലായ്മ ചൂണ്ടിക്കാണിച്ച് അവരെ തിരുത്തേണ്ടത് ഗ്രാമപഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയായിരുന്നുവെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ കൃത്യവിലോപത്തിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം പിഴവുകൾ ആവർത്തിക്കരുതെന്ന താക്കീതോടെ ഓഡിറ്റ്**

തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

51. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിയൂർ, നന്മണ്ട, കുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

52. കോഴിക്കോട് താലൂക്കിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ 1992-93, 1997-98 എന്നീ വർഷങ്ങളിൽ നടത്തിയ മണൽ ലേലവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലേലം നടത്തിയ തഹസിൽദാറിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ നടത്തിയ കത്തിടപാടുകൾക്ക് തഹസിൽദാർ നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പെരുവയൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ലേലത്തുക അക്കാലയളവിലെ തഹസിൽദാറിൽനിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

53. മാവൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -അപാകതകൾ**

12.06.2003 ലെ ജി.ഒ.(പി)319/2003/ഫിൻ. ഉത്തരവ് പ്രകാരം നിലവിൽ വന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രധാന രജിസ്റ്ററുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

ക്യാഷ് ബുക്ക് എഴുതി ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട തുകകൾ ഗ്രാമപഞ്ചായത്ത് നേരിട്ട് പിൻവലിച്ച് ചെലവഴിക്കുന്നുണ്ടെങ്കിലും ആയത് സബ്സിഡിയറി ക്യാഷ്

ബുക്കിലേയ്ക്ക് മാറ്റി ദൈനംദിന ട്രഷറി, ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപ മൊബിലൈസേഷൻ അഡ്വാൻസ്, സെക്യൂർഡ് അഡ്വാൻസ് തുടങ്ങിയ വകയിൽ ഗുണഭോക്തൃ സമതി കൺവീനർമാർക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ വിശദവിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. അതുപോലെ തന്നെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ശമ്പളം, അഡ്വാൻസ്, യാത്രാബത്ത ഇനങ്ങളിൽ മുൻകൂർ നൽകുന്നുണ്ടെങ്കിലും അതും അഡ്വാൻസ് രജിസ്റ്ററിൽ കാണിച്ച് അതിന്റെ തിരിച്ച് പിടിക്കൽ ഉറപ്പ് വരുത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികൾക്കായി പഞ്ചായത്ത് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ടാർ വാങ്ങി കരാറുകാർക്ക് /കൺവീനർമാർക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി, നിർണ്ണയ രജിസ്റ്റർ, കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവയും ശരിയാംവിധം എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയാംവിധം എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യേണ്ടതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയില്ല. അതുപോലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട കോളത്തിൽ കാണിച്ച് ശരിയാംവിധം എഴുതി സൂക്ഷിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് യഥാസമയം കെട്ടിട നികുതി ചുമത്തുന്നതിനും പഞ്ചായത്തിന് കഴിയാതെ വരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം വർഷം, ഖണ്ഡിക | അപാകത |
|---|---|---|
| 1 | ബേപ്പൂർ 2002-03 3(5), 3(6) | ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം എഴുതുന്നില്ല. രജിസ്റ്ററുകൾ പൂർണ്ണമല്ല. |
| 2 | കുന്ദമംഗലം 2003-04 2(3) | കെട്ടിട നിർമ്മാണ ലൈസൻസ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും എഴുതിയിട്ടില്ല |
| 3 | അത്തോളി 2004-05 2(4) | കെട്ടിട നിർമ്മാണ ലൈസൻസ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും എഴുതിയില്ല |
| 4 | താമരശ്ശേരി 2003-04 3(1) | അക്വിറ്റൻസ് രജിസ്റ്റർ (ജീവനക്കാരുടെയും അംഗങ്ങളുടെയും) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തീയതിവെച്ച് ഒപ്പ് വയ്ക്കുന്നില്ല. |

| | | |
|---|---|---|
| 5 | താമരശ്ശേരി<br>2003-04 3(18) | ടാർ സ്റ്റോക്ക് രജിസ്റ്റർ എഴുതിയില്ല (504 ബാരൽ ടാർ വാങ്ങിയെങ്കിലും വിതരണ വിവരമില്ല). |
| 6 | ചെറുവണ്ണൂർ -നല്ലളം<br>2003-04 2(6) | കെട്ടിട നിർമ്മാണ ലൈസൻസ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും എഴുതിയില്ല. |
| 7 | കുറ്റ്യാടി<br>2002-03 2(10)<br>2002-03 2(9) | വരവ് രജിസ്റ്റർ, ക്യാഷ് ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക് എന്നിവ യഥാസമയം എഴുതുന്നില്ല.<br>നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ക്യാഷ് ബുക്ക് എഴുതിയില്ല. ചെക്ക് വിതരണ രജിസ്റ്ററിൽ മുഴുവൻ ചെക്കുകളുടെ വിവരം ഇല്ല. |
| 8 | അഴിയൂർ<br>2002-03 2(2) | ജി.ഒ.(പി)319/03/ഫിൻ പ്രകാരം സൂക്ഷിക്കേണ്ട സബ്സിഡിയറി ക്യാഷ് ബുക്ക്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 9 | വില്ല്യാപ്പള്ളി<br>2001-02 2(1) | കെട്ടിട നികുതി നിർണ്ണയ രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും വിവരങ്ങൾ എഴുതിയിട്ടില്ല. |
| 10 | തിക്കോടി<br>2004-05 2(9) | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല |
| 11 | കാരശ്ശേരി<br>2002-03 3(26) | ക്യാഷ് ബുക്കിൽ ബാങ്ക് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് രേഖപ്പെടുത്തുന്നില്ല. നീക്കിയിരിപ്പ് അധിക തുകയ്ക്ക് ചെക്കുകൾ നൽകി. |
| 12 | അഴിയൂർ<br>2000-01 2(3) | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| 13 | മാവൂർ<br>2002-03 2(3) | സബ്സിഡിയറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. |
| 14 | ചെറുവണ്ണൂർ<br>2002-03 2(1), 2(2) | ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.<br>തെരുവ് വിളക്കുകളുടെ എണ്ണവും ഇനവും കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 15 | തിക്കോടി<br>2004-05 2(2) | കാഷ് ബുക്ക് ദിവസവും എഴുതി സൂക്ഷിക്കുന്നില്ല.<br>രജിസ്റ്ററുകളുടെ സാക്ഷിപ്പും സാക്ഷ്യപ്പെടുത്തുന്നില്ല |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.79.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

54. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, പരാമർശവിധേയമായ 15 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിച്ച സമിതി

പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**55. പരാമർശവിധേയമായ 15 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം-ക്യാഷ് ബുക്കും മറ്റും ശരിയാംവിധം എഴുതുന്നില്ല**

12.06.2003-ലെ ജി.ഒ.(പി)319/03/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 01.04.2004 മുതൽ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നു. എന്നാൽ പല പഞ്ചായത്തുകളും മേൽ പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച തരത്തിൽ ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നില്ല. ദിവസേനയും മാസാന്ത്യത്തിലും ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് സാക്ഷ്യപ്പെടുത്തുന്നില്ല. ഇത്തരത്തിലുള്ള ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | സ്ഥാപനത്തിന്റെ പേര്, വർഷം, ഖണ്ഡിക | അപാകതകളുടെ സാംക്ഷിപ്തം |
|---|---|---|
| 1 | അത്തോളി 2004-05 4(1) | ജി.ഒ.(പി)319/03/ഫിൻ തീയതി 12.06.2003 ഉത്തരവ് പ്രകാരമുള്ള ഫങ്ഷണൽ ക്ലാസിഫിക്കേഷൻ നിബന്ധന പാലിച്ചില്ല. |
| 2 | കുന്ദമംഗലം 2001-02 2(1) | ചെക്ക്(ഡിഡി) മുതലായവ രശീതി നൽകി വരവുവെടുത്തിട്ടില്ല. |
| 3 | ചെറുവണ്ണൂർ-നല്ലളം 2003-04 2(8) | ജി.ഒ.(പി)319/03/ഫിൻ 12.06.2003 ഉത്തരവ് പ്രകാരമുള്ള ഫങ്ഷണൽ ക്ലാസിഫിക്കേഷൻ നിബന്ധന പാലിച്ചില്ല. ചെക്ക് (ഡിഡി) മുതലായവ രശീതി നൽകി വരവുവെടുത്തിട്ടില്ല. |
| 4 | തിക്കോടി 2003-042 (1) | ജി.ഒ.(പി)319/03/ഫിൻ 12.06.2003 ഉത്തരവ് പ്രകാരമുള്ള ഫങ്ഷണൽ ക്ലാസിഫിക്കേഷൻ നിബന്ധന പാലിച്ചില്ല. ചെക്ക് (ഡിഡി) മുതലായവ രശീതി നൽകി |

| | | |
|---|---|---|
| | വരവിലെടുത്തിട്ടില്ല. ക്യാഷ് ബുക്ക് ദിവസേന ക്ലോസ് ചെയ്യുകയോ മാസാന്ത്യത്തിൽ നീക്കിയിരിപ്പ് വിശകലനം എഴുതുകയോ ചെയ്തിട്ടില്ല. | |
| 5 | ബാലുശ്ശേരി 2002-03 2 (2) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം ക്യാഷ് ബുക്ക് എഴുതി ദിവസേന ക്ലോസ് ചെയ്യുകയോ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ എഴുതുകയോ ചെയ്തിട്ടില്ല. |
| 6 | കാരശ്ശേരി 2003-04 2 (3) | തെറ്റായ രീതിയിൽ വരവ്, ചെലവ് എന്നിവ രേഖപ്പെടുത്തുകയുണ്ടായി |
| 7 | വാണിമേൽ 2001-02 2(1) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരമുള്ള ക്യാഷ് ബുക്ക് 1.4.05 വരെയേ എഴുതിയിട്ടുള്ളൂ. (29.07.05 ന്) കൂടാതെ 1.04.2004 മുതൽ 25.07.2005 വരെ വരവ് രജിസ്റ്റർ എഴുതിയിട്ടില്ല. |
| 8 | നരിക്കുനി 2002-03 2(1) | ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ ദിവസേന എഴുതി ക്ലോസ് ചെയ്യുന്നില്ല. |
| 9 | അരിക്കുളം 2003-04 2(1) | 1. ക്യാഷ് ബുക്ക് ദിവസേന ക്ലോസ് ചെയ്യുന്നില്ല.<br>2. ചെക്ക് (ഡിഡി) മുതലായവ പാസ്സാകുമ്പോഴും ക്യാഷ് ബുക്കിൽ വരവ് വയ്ക്കുന്നില്ല.<br>3. ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കാലികമായി രേഖപ്പെടുത്തുന്നില്ല |
| 10 | പയ്യോളി 2002-03 2(1)എ | ജി.ഒ(പി)319/03/ഫിൻ 12.06.2003 ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം- II ആയി ചേർത്തിരിക്കുന്നു.

56. പരാമർശവിധേയമായ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**57. പരാമർശവിധേയമായ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും**

**ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാട്ടർ ചാർജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവയിൽനിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതിൽ അപാകതകൾ**

02.08.1994 ലെ ജി.ഒ.(എം.എസ്)188/94/തഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ വാട്ടർ ചാർജ് ഇനത്തിൽ നൽകേണ്ട തുക പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെടുന്ന വസ്തു കൈമാറ്റത്തീരുവയിൽനിന്നും തട്ടിക്കിഴിക്കപ്പെട്ടു വരുന്നുണ്ട്. വാട്ടർ അതോറിറ്റിയ്ക്ക് ഇത്തരത്തിൽ വകഷക്കണക്കിന് തുക നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് വാട്ടർ ചാർജ്ജ് അടയ്ക്കേണ്ടതുമായ വാട്ടർ ടാപ്പുകളുടെ എണ്ണം പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയ്ക്ക് ഓരോ മാസം നൽകേണ്ട തുക സംബന്ധിച്ചും കുടിശ്ശിക സംബന്ധിച്ചും യാതൊരു രേഖയും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഓരോ മാസവും വാട്ടർ അതോറിറ്റിയ്ക്ക് അവരുടെ ഡിമാന്റ് നോട്ടീസ് പ്രകാരം അടച്ച വാട്ടർ ചാർജിന് പുറമേയാണ് വാട്ടർ ചാർജിനത്തിൽ വസ്തു കൈമാറ്റത്തീരുവയിൽനിന്നും സർക്കാർ തുക തട്ടിക്കിഴിച്ച് നൽകുന്നത്. ഇത്തരത്തിൽ വസ്തു കൈമാറ്റത്തീരുവയിൽനിന്നും വക മാറ്റി ലഭിച്ച തുക പഞ്ചായത്ത് നൽകേണ്ട തുകയിലേയ്ക്ക് വരവുവച്ചതുമായി ബന്ധപ്പെട്ട ക്യാഷ് രശീതി വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകുന്നില്ല. വസ്തു കൈമാറ്റത്തീരുവയിൽനിന്നും വക മാറ്റി നൽകിയ തുക പഞ്ചായത്തിന്റെ കണക്കിൽ വരവുവെച്ചത് സംബന്ധിച്ച യാതൊരു പരിശോധനയും പഞ്ചായത്ത് നടത്തുന്നില്ല. വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന തുക വസ്തു കൈമാറ്റത്തീരുവയിൽനിന്നും നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും വാട്ടർ അതോറിറ്റിയ്ക്ക് പഞ്ചായത്ത് നൽകേണ്ട തുകയുടെ കൃത്യത കണക്കാക്കേണ്ടതും വാട്ടർ അതോറിറ്റിയ്ക്ക്

അധികം തുക വസ്തു കൈമാറ്റത്തീരുവയിൽ വകമാറ്റി നൽകിയെന്ന് കാണുന്നപക്ഷം ആയത് കണക്കാക്കി തിരികെ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിശദാംശങ്ങൾ താഴെ പറയുന്നു.

| | സ്ഥാപനത്തിന്റെ പേര് (ഗ്രാമപഞ്ചായത്ത്) | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | വസ്തു കൈമാറ്റത്തീരുവയിനത്തിൽ വകമാറ്റി നൽകിയ തുക (രൂപ) |
|---|---|---|---|
| 1 | കായക്കൊടി | 2003-04 3(4) | 215000 |
| 2 | കൊടിയത്തൂർ | 2002-03 2(9) | 335000 |
| 3 | താമരശ്ശേരി | 2003-04 2(7) | 750000 |
| 4 | ചെറുവണ്ണൂർ-നല്ലളം | 2003-04 3(9) | 900000 |
| 5 | അഴിയൂർ | 2002-03 4(1)(3) | 440000 |
| 6 | വാണിമേൽ | 2001-02 3(1) | 340000 |
| 7 | കൂടരഞ്ഞി | 2002-03 3(3) | 195000 |
| 8 | പെരുവയൽ | 2003-04 3(1) | 450000 |
| 9 | തിരുവള്ളൂർ | 2002-03 3(6) | 316305 |
| 10 | അഴിയൂർ | 1998-99 2(3) | 271890 |
| 11 | പയ്യോളി | 2002-03 2(6) | 640000 |
| 12 | കുരുവട്ടൂർ | 2002-03 3(2) | 80000 |
| 13 | കായക്കൊടി | 2002-03 2(3) | 275000 |
| 14 | എലത്തൂർ | 2003-04 3(13) | 251705 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.79.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

58. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടെന്നും പൈപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വെള്ളക്കരം അടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3500 രൂപയാണ് അടയ്ക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയും

ഓഡിറ്റ് തടസ്സമായി ഉന്നയിക്കുന്ന വസ്തുക്കൈമാറ്റത്തീരുവ 2000 മുതൽ നിലവിലില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൂടരഞ്ഞി, തിരുവള്ളൂർ, കരുവട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ വെള്ളക്കരമിനത്തിൽ അധിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതോടൊപ്പം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**59. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടെന്നും പൈപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വെള്ളക്കരം അടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3500 രൂപയാണ് അടയ്ക്കുന്നതെന്നുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയും ഓഡിറ്റ് തടസ്സമായി ഉന്നയിക്കുന്ന വസ്തുക്കൈമാറ്റത്തീരുവ 2000 മുതൽ നിലവിലില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൂടരഞ്ഞി, തിരുവള്ളൂർ, കരുവട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ വെള്ളക്കരമിനത്തിൽ അധിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണൽ വിൽപ്പന-റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രശീതി നൽകുന്നില്ല.**

മണൽ വിൽപ്പനയുമായി ബന്ധപ്പെട്ട റിവർ മാനേജ്മെന്റ് ഫണ്ടായി ലക്ഷക്കണക്കിന് രൂപ കോഴിക്കോട് ജില്ലാ കളക്ടർക്ക് അടച്ചിട്ടുണ്ട്. ചെക്ക് വഴി അടയ്ക്കുന്ന ടി തുകകൾക്ക് ചെക്ക് കിട്ടിയതായി കാണിച്ചുകൊണ്ടുള്ള ഒരു താല്ക്കാലിക രശീതി മാത്രമേ ജില്ലാ കളക്ടറിൽനിന്നും പഞ്ചായത്തിന് ലഭിക്കുന്നുള്ളൂ. തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ വരവ് വെച്ചതുമായി ബന്ധപ്പെട്ട രശീതി ജില്ലാ കളക്ടറിൽനിന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് (ഗ്രാമപഞ്ചായത്ത്) | ഓഡിറ്റ് റിപ്പോർട്ട് വർഷം , ഖണ്ഡിക | റിവർ മാനേജ്മെന്റ് ഫണ്ടിൽ അടച്ച തുക (രൂപ) |
|---|---|---|---|
| 1 | കൊടിയത്തൂർ | 2002-03 3(5) | 626366 |
| 2 | കുന്ദമംഗലം | 2001-02 3(1) | 718125 |
| 3 | പേരാമ്പ്ര | 2001-02 3(5) | 1216000 |
| 4 | പെരുമണ്ണ | 2003-04 3(3) | 577091 |
| 5 | ചെറുവണ്ണൂർ-നല്ലളം | 2003-04 3(5) | 366253 |
| 6 | മണിയൂർ | 2001-02 2(1) | 2495200 |
| 7 | തിക്കോടി | 2004-05 3(2) | 50000 |
| 8 | ചാത്തമംഗലം | 2003-04 3(1) | 568484 |
| 9 | കാരശ്ശേരി | 2003-04 3(6) | 1049600 |
| 10 | പെരുവയൽ | 2003-04 3(2) | 687878 |
| 11 | തിരുവള്ളൂർ | 2002-03 3(4) | 1605000 |
| 12 | കുരുവട്ടൂർ | 2002-03 3(5) | 36588 |
| 13 | രാമനാട്ടുകര | 2002-03 3(24) | 196668 |
| 14 | മാവൂർ | 2002-03 2(4), 2(5), 2(6), 2(7)(എ- സി), 3 (13), 3(15) | 834000 |
| 15 | ചങ്ങരോത്ത് | 2001-02 2(1), എ, ബി 2(2), 2(3), 2(4), 2(5), 2(12) | 167200 |
| 16 | ചെറുവണ്ണൂർ | 2002-03 2(6) | 1269387 |
| 17 | ഏറാമല്ലൂർ | 2003-04 3(5) | 73632 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.79.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

60. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പഞ്ചായത്തുകളാണ് മണൽ വില്പന നടത്തുന്നതെന്നും മണൽ വില്പന വഴി ലഭിക്കുന്ന തുകയുടെ ഒരു വിഹിതം കളക്ടറേറ്റിൽ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്കാണ് അടവാക്കുന്നതെന്നും കളക്ടറേറ്റ് മുഖേന നദീസംരക്ഷണ പ്രവർത്തനങ്ങൾക്കായാണ് ടി ഫണ്ട് ഉപയോഗിക്കുന്നതെന്നും ഗ്രാമപഞ്ചായത്തുകൾ കളക്ടറേറ്റിൽ ഒടുക്കുന്ന തുകയ്ക്ക് രസീത് ലഭിക്കുന്നില്ല എന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും ആയത് നിലവിൽ പരിഹരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ മറുപടി നല്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കളക്ടറേറ്റിൽനിന്നും നേരിട്ട് മറുപടി ലഭിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച തുടർ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**61. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെരുവ് വിളക്കുകൾ സ്ഥാപിച്ചതിലും പരിപാലനത്തിലും അപാകതകൾ**

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും കറന്റ് ചാർജ് അടയ്ക്കുന്നതിലും 23.03.1997 തീയതിയിലെ എം.എസ്. 13/97/പവർ ഡിപ്പാ. നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ചായിരിക്കണമെന്നും അറ്റകുറ്റപ്പണി നടത്തുന്നത് ബോർഡിന്റെ ചുമതലയായിരിക്കണമെന്നും ഇതിന് ആവശ്യമായ ഉപകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകണമെന്നും മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നു. എന്നാൽ സ്വകാര്യ ഏജൻസികളെ കൊണ്ടാണ് മേൽ പ്രവൃത്തികൾ നടത്തുന്നത്. കൂടാതെ, ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് നിർദ്ദിഷ്ട ഇടവേളകളിൽ സംയുക്ത പരിശോധന നടത്തുകയോ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്യാതെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കറന്റ് ചാർജിനത്തിൽ തുക ചെലവഴിക്കുന്നത്. ഇക്കാരണത്താൽ ചാർജ് അടയ്ക്കുന്ന തുകയ്ക്ക്

തുല്യമായി വിളക്കുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. അപാകതകളെക്കുറിച്ചുള്ള വിശദവിവരം താഴെക്കൊടുക്കുന്നു.

| | സ്ഥാപനം/ വർഷം/ഖണ്ഡിക | ഇനം | ചെലവഴിച്ച തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|
| 1 | കുന്ദമംഗലം 2003-04 2(11) | തെരുവ് വിളക്ക് റിപ്പയർ/മാറ്റി സ്ഥാപിക്കൽ | 89799 | മാറ്റി സ്ഥാപിക്കുന്നതിനായി വാങ്ങിയ ട്യൂബ് ലൈറ്റ്, ചോക്ക് മുതലായ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല. ഇവ ഉപയോഗിച്ചതിന് രേഖയില്ല. കേടായ സാധനങ്ങൾ തിരികെ സ്റ്റോക്കിലെടുത്തില്ല. |
| 2 | താമരശ്ശേരി 2003-04 3(10) | തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ | 110177 | വാങ്ങിയ ഉപകരണങ്ങളുടെ വിനിയോഗം, രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. സ്ഥാപിച്ചതിന്റെ രേഖയില്ല. |
| 3 | രാമനാട്ടുകര 2002-03 3(18) | തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ | 33050 | വാങ്ങിയ ഉപകരണങ്ങളുടെ വിനിയോഗം രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. സ്ഥാപിച്ചതിന്റെ രേഖയില്ല. |
| 4 | പെരുവയൽ 2003-04 3(12) | തെരുവ് വിളക്ക് സ്ഥാപിക്കൽ | 708590 | കെ.എസ്.ഇ.ബി.യുമായി കരാർ വയ്ക്കാതെ സ്വകാര്യ വ്യക്തിയെ പ്രവൃത്തി ഏൽപ്പിച്ചു. മുഴുവൻ തുകയും നൽകി. പ്രവൃത്തി പൂർത്തീകരണ വിവരമില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II അയി ചേർത്തിരിക്കുന്നു.

62. തെരുവ് വിളക്കുകൾ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ് ഇനത്തിലെ തുക അടയ്ക്കുന്നത് എങ്ങനെയാണെന്ന്

സമിതി ആരാഞ്ഞപ്പോൾ ഓരോ പഞ്ചായത്തുകളും ഒരു നിശ്ചിത തുക കണക്കാക്കി വൈദ്യുതി വകുപ്പിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുന്നതെന്നും നിലവിൽ മീറ്റർ റീഡിംഗ് നോക്കി തുക അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടെങ്കിലും എല്ലാ പഞ്ചായത്തിലും മീറ്റർ സ്ഥാപിച്ചിട്ടില്ലെന്നും ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കണമെന്നും ചെലവ് സംബന്ധിച്ച രസീതും വിനിയോഗ വിവരങ്ങളും കൃത്യമായി എഴുതി സൂക്ഷിക്കണമെന്നുമുള്ള നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**63. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും കെ.എസ്.ഇ.ബി.യുമായി ചേർന്ന് നിർദ്ദിഷ്ട ഇടവേളകളിൽ പരിശോധന നടത്തണമെന്നും തെരുവ് വിളക്കുകളുടെ എണ്ണം/ഇനം സംബന്ധിച്ച രജിസ്റ്ററുകളും ചെലവ് സംബന്ധിച്ച രസീതും വിനിയോഗ വിവരങ്ങൾ സംബന്ധിച്ച രേഖകളും കൃത്യമായി പരിപാലിക്കണമെന്നും എല്ലാ പഞ്ചായത്തുകളിലും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, കൂടാതെ വൈദ്യുതിയും വെള്ളവും ഉപയോഗിക്കുന്നതിനനുസരിച്ച് മാത്രം പഞ്ചായത്തുകളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്**

സർക്കാരിന്റെ 31.05.2002-ലെ 19990/ബി2/02/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകിയിട്ടുണ്ട്. തുക മാച്ചിംഗ് ഗ്രാന്റായി കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ അവരുടെ

പ്രവർത്തനത്തെക്കുറിച്ചും അവർ ഏർപ്പെട്ട തൊഴിൽ സംരംഭങ്ങളെക്കുറിച്ചും അതുപോലെ ലഘു സമ്പാദ്യത്തെക്കുറിച്ചും യാതൊരു വിശദാംശങ്ങളും പഞ്ചായത്തിന് നൽകുകയോ പഞ്ചായത്ത് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. തുക കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ അവരുടെ പാസ്ബുക്ക്, പ്രവർത്തന റിപ്പോർട്ട് എന്നിവയും പഞ്ചായത്തിന് പരിശോധനയ്ക്ക് നൽകിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | സ്ഥാപനം/വർഷം/ ഖണ്ഡിക | നൽകിയ തുക (രൂപ) | ഉദ്ദേശം | ഇപ്പോഴത്തെ അവസ്ഥ/റിമാർക്സ് |
|---|---|---|---|---|
| 1 | താമരശ്ശേരി 2002-03 3(20) | 120000 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ധനസഹായം | 12 യൂണിറ്റുകൾക്ക് 10000 രൂപ വീതം നൽകി. ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക്, പ്രവർത്തന റിപ്പോർട്ട് എന്നിവയില്ല. |
| 2 | പാത്തമംഗലം 2003-04 3(5) | 156123 | മാച്ചിംഗ് ഗ്രാന്റ് | 21 യൂണിറ്റുകൾക്ക് നൽകിയത് അക്കൗണ്ടിൽ വരവ് വന്നത് സംബന്ധിച്ച ബാങ്ക് പാസ് ബുക്ക്, മിനിട്ട്സ് ബുക്ക് എന്നിവ ലഭ്യമല്ല. പ്രവർത്തന വിവരം ലഭ്യമല്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.79.8]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

64. താമരശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ധനസഹായം നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്തിന് ഹാജരാക്കിയിട്ടില്ലെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും ആയത് പിന്നീട് ഹാജരാക്കിയിട്ടുണ്ടെന്നും ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് ഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. എന്നാൽ ഓഡിറ്റ് പരാമർശം പരിഹരിച്ചത്

സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തധികൃതർ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

65. ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 21 യൂണിറ്റുകൾക്ക് നൽകിയ തുക അവരുടെ അക്കൗണ്ടിൽ വരവ് വന്നതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല എന്നതായിരുന്ന ഓഡിറ്റ് പരാമർശമെന്നും പഞ്ചായത്ത് കൊടുത്ത ചെക്കും അനുബന്ധ രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്ത് കൊടുത്ത ചെക്കിന്റെയും അനുബന്ധ രേഖകളുടെയും വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയതെന്നും, തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ലെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ 2003-04 കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതിയാണിതെന്നും അന്നത്തെ രേഖകൾ വീണ്ടെടുക്കുന്നത് ശ്രമകരമായ കാര്യമാണെന്നും ഇത്രയും വർഷം പിന്നിട്ടതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട പല രേഖകളും നിലവിൽ ലഭ്യമല്ലെന്നും ഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**66. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് താമരശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**67. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ സംരംഭങ്ങൾക്ക് വിഹിതം നൽകിയത്-നടത്തിപ്പിലെ അപാകതകൾ**

വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് പദ്ധതി തുകയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. പ്രോജക്ടുകൾ പ്രകാരമുള്ള ധനസഹായം വിതരണം ചെയ്യുന്നതൊഴികെ സംരംഭം പ്രവർത്തിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ തുടർപ്രവർത്തനങ്ങൾ നടത്തുന്നില്ല. കരാർ നിബന്ധന പ്രകാരം സംരംഭങ്ങൾ പ്രവർത്തിക്കുന്നു എന്നത് ഉറപ്പ് വരുത്തേണ്ടതും പ്രവർത്തിക്കാത്ത സംരംഭങ്ങൾക്ക് നൽകിയ തുക തിരിച്ച് പിടിക്കേണ്ടതുമാണ്.

| | സ്ഥാപനം/ വർഷം/ഖണ്ഡിക | നൽകിയ തുക (രൂപ) | സംരംഭം | റിമാർക്സ് |
|---|---|---|---|---|
| 1 | കുന്ദമംഗലം 2003-04 2(28) | 135000 | മൈക്രോ സംരംഭം | നാല് കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം നൽകി പ്രോജക്ട് പ്രവർത്തനം സംബന്ധിച്ച് രേഖകൾ ഹാജരാക്കിയില്ല. 10000 രൂപ കൈപ്പറ്റിയ ഒരു യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| 2 | പെരുവയൽ 2003-04 3(9) | 874455 | വിവിധ തൊഴിൽ സംരംഭങ്ങൾ | 1998-99 മുതൽ 2000-01 വരെ വിവിധ യൂണിറ്റുകൾക്ക് തുക നൽകി തുടർ പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. |
| 3 | അരിക്കുളം 2003-04 3(7) | 507807 | അഞ്ച് സംരംഭങ്ങൾ | ലക്ഷ്യം കൈവരിച്ചില്ല |
| 4 | ഉള്ള്യേരി 2003-04 3(2) | 270000 | തൊഴിൽ യൂണിറ്റുകൾക്ക് ധനസഹായം | ധനസഹായം കൈപ്പറ്റിയ യൂണിറ്റുകൾ 3 മാസത്തിനകം വരവ് ചെലവ് കണക്കും പ്രവർത്തന റിപ്പോർട്ടും സി.ഡി.എസിനും പഞ്ചായത്തിനും നൽകേണ്ടതാണെങ്കിലും അപ്രകാരം ചെയ്തില്ല. |
| | 2004-05 3(7) | 150000 | ഹരിതവിപണന കേന്ദ്രം | നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്,ഓഡിറ്റ് ഖണ്ഡിക 3.79.9]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.

68. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരോട് ആരാഞ്ഞപ്പോൾ കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്ക് തുക നൽകിയത് സംബന്ധിച്ചുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും നാല് കുടുംബശ്രീ യൂണിറ്റുകൾക്കാണ് ധനസഹായം നൽകിയിരുന്നതെന്നും ആദ്യം ആരംഭിച്ച തയ്യൽ യൂണിറ്റ് നല്ല രീതിയിൽ തുടരാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പിന്നീട് ഹോട്ടൽ ആക്കി മാറ്റുകയായിരുന്നുവെന്നും രണ്ടാമതായി തുടങ്ങിയ ബേക്കറി യൂണിറ്റ് നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ കറി പൗഡറുകൾ പ്രാദേശികമായി നിർമ്മിച്ച് നൽകുന്ന രണ്ട് ഡയറക്ട് മാർക്കറ്റിംഗ് ഗ്രൂപ്പുകളും നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ആദ്യം ആരംഭിച്ച തയ്യൽ യൂണിറ്റ് മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഡി.ഡി.പി മുഖാന്തരം ഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും ആയത് നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ചിട്ടില്ലെന്ന നിരീക്ഷിച്ച സമിതി ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദേശിച്ചു.

69. പെരുവയൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് വനിതാ സംരംഭകർക്കായി പപ്പട നിർമ്മാണ യൂണിറ്റാണ് ആരംഭിച്ചതെന്നും, ആയത് രണ്ട് വർഷക്കാലം നല്ല രീതിയിൽ പ്രവർത്തിച്ചുവെങ്കിലും പിന്നീട് പ്രവർത്തന ക്ഷമമല്ലാതായതിനെത്തുടർന്ന് പദ്ധതിത്തുക സർക്കാരിലേയ്ക്ക് തിരിച്ചടവാക്കിയെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പദ്ധതിലക്ഷ്യം കൈവരിക്കുവാനായില്ലെങ്കിലും പദ്ധതിത്തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ച സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

70. ഓഡിറ്റ് പരാമർശം സംബന്ധിച്ച് അരിക്കുളം ഗ്രാമപഞ്ചായത്ത് അധികൃതരോട് സമിതി ആരാഞ്ഞപ്പോൾ അഞ്ച് സംരംഭങ്ങൾ തുടങ്ങുന്നതിനായി 5,07,807/- രൂപ അനുവദിച്ചിരുന്നുവെന്നും, പ്രസ്തുത സംരംഭങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഞ്ചായത്തിന്റെ പക്കൽ വിവരം ലഭ്യമല്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 2003-04-ൽ ആരംഭിച്ച തൊഴിൽ സംരംഭങ്ങളെപ്പറ്റിയും അവ പ്രവർത്തിക്കാതിരുന്ന സാഹചര്യവും നിലവിൽ വിശദമാക്കുന്നത് അപ്രായോഗികമായതിനാലും കാലപ്പഴക്കം പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിന് കത്ത് നൽകിയതായി നിരീക്ഷിച്ച സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രസ്തുത മറുപടി തീർത്തും നിരുത്തരവാദപരമാണെന്ന് അഭിപ്രായപ്പെടുകയും ആയതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

71. അഞ്ച് ലക്ഷത്തിലേറെ തുക ചെലവഴിച്ച പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതിരുന്നത് സംബന്ധിച്ചും അഞ്ച് സംരംഭങ്ങൾക്കായി അനുവദിച്ച തുക തിരിച്ചടവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും, ആയതിലേയ്ക്കായി പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ചും പ്രസ്തുത വിഷയത്തിൽ ഭരണ സമിതി കൈക്കൊണ്ട നിലപാട് സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിഷ്കർഷിച്ച സമിതി അല്ലാത്തപക്ഷം ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് നിരുത്തരവാദപരമായ മറുപടി നൽകിയതിന്റെ പേരിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് താക്കീത് നൽകുകയും ചെയ്തു.

72. ഉള്ള്യേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ 2003-04-ൽ 15 കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടിയാണ് ധനസഹായം നൽകിയതെന്നും, പ്രസ്തുത യൂണിറ്റുകൾ മൂന്ന് മാസം കൂടുമ്പോൾ വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കാത്തത് സംബന്ധിച്ചായിരുന്നു ഓഡിറ്റ് പരാമർശമെന്നും, കുടുംബശ്രീ യൂണിറ്റുകൾക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 9 യൂണിറ്റുകൾ വരവ് ചെലവ് കണക്കുകൾ നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്ന യൂണിറ്റുകൾക്ക് കണക്കും

പ്രവർത്തന റിപ്പോർട്ടും സമർപ്പിക്കാത്തപക്ഷം തുക തിരിച്ചടയ്ക്കുവാനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും സമിതി യോഗത്തിന് ഹാജരാകുന്നതിന് മുമ്പായി 15 യൂണിറ്റുകളുമായി ബന്ധപ്പെടുവാൻ ശ്രമിച്ചതിൽ 3 യൂണിറ്റുകളുമായി ബന്ധപ്പെടുവാൻ സാധിച്ചിരുന്നില്ലെന്നും ചില യൂണിറ്റംഗങ്ങൾ 60 വയസ്സ് കഴിഞ്ഞവരായതുകൊണ്ട് തൊഴിൽ സംരംഭങ്ങൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായും അവരുടെ അക്കൗണ്ടിലുള്ള തുക തിരിച്ചടയ്ക്കുവാൻ സന്നദ്ധമാണെന്നും അറിയിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

73. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ഗ്രാമപഞ്ചായത്തധികൃതർ നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിഷ്കർഷിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**74. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് ഭരണ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

**75. പെരുവയൽ ഗ്രാമപഞ്ചായത്തിന് പദ്ധതി ലക്ഷ്യം കൈവരിക്കുവാനാകാത്തതിനാൽ പദ്ധതിത്തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**76. അരിക്കുളം ഗ്രാമപഞ്ചായത്ത് അഞ്ച് സംരംഭങ്ങൾ തുടങ്ങുന്നതിനായി 5,07,807/- രൂപ അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത സംരംഭങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഞ്ചായത്തിന്റെ കൈവശം യാതൊരു രേഖകളും നിലവിലില്ലെന്ന് സമിതി നിരീക്ഷിക്കുന്നു.**

**77. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ്**

വകുപ്പിന് നൽകിയ മറുപടി തീർത്തും നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെടുകയും അതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. അഞ്ച് ലക്ഷത്തിലേറെ തുക ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം സംരംഭങ്ങൾക്കായി അനുവദിച്ച തുക തിരിച്ചടവാക്കിയിട്ടുണ്ടോ, അതിനായി പഞ്ചായത്ത് അധികൃതർ നാളിതുവരെ സ്വീകരിച്ച നടപടികൾ, പ്രസ്തുത വിഷയത്തിൽ ഭരണ വകുപ്പ് സ്വീകരിച്ച നിലപാട് എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം ഓഡിറ്റ് തടസ്സം സംബന്ധിച്ച് നിരുത്തരവാദപരമായ മറുപടി നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

78. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ ഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് ഭരണ വകുപ്പ് അധികൃതർ അറിയിച്ചിതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം ലഭ്യമാക്കണമെന്ന് സമിതി ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**തനത് ഫണ്ടിൽ നിന്ന് കുടിവെള്ള/ജലസേചന പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകി**

2002-03, 2003-04 വർഷങ്ങളിൽ പദ്ധതിപ്പണം ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുള്ള വിവിധ ജലസേചന, കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകുന്നതിനായി പല പഞ്ചായത്തുകളും തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതായി കാണുന്നു. ആസൂത്രണ വകുപ്പിന്റെ ജി.ഒ(എം.എസ്)20/02 നമ്പർ ഉത്തരവ് തീയതി 06.06.02 പ്രകാരം കുടിവെള്ള പദ്ധതികളും ജലസേചന പ്രോജക്ടുകളും നിർമ്മാണം പൂർത്തിയാക്കിയശേഷം ഗുണഭോക്തൃ പരിപാലന കമ്മിറ്റി രൂപീകരിച്ച് തുടർപ്രവർത്തനം ഏൽപ്പിക്കേണ്ടതും ആയതിന്റെ നടത്തിപ്പും മറ്റ് അറ്റകുറ്റപ്പണികളും ഈ കമ്മിറ്റിയുടെ ചുമതലയായിരിക്കുന്നതുമാണ്.

മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താഴെ വിശദീകരിച്ച പ്രകാരം കുടിവെള്ള/ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടച്ചതിന്റെ വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം, ഖണ്ഡിക | പദ്ധതികളുടെ പേര്/എണ്ണം | വൈദ്യുതി ചാർജ് അടച്ച തുക (രൂ) |
|---|---|---|---|---|
| 1. | ബേപ്പൂർ | 02-03 3(12) | മത്സ്യ ഗ്രാമ-ശുദ്ധജല വിതരണ പദ്ധതി | 14733 |
| 2. | ബേപ്പൂർ | 02-03 3(13) | നടുവട്ടം ജലവിതരണ പദ്ധതി | 58748 |
| 3. | പെരുമണ്ണ | 03-04 3(4) | ഇട്ടേരിക്കുന്ന്, ചെറുകുന്ന് കുടിവെള്ള പദ്ധതി | 16920 |
| 4. | പയ്യോളി | 03-04 3(9) | തീരദേശം തുറശ്ശേരികടവ് കുടിവെള്ള പദ്ധതികൾ | 5652 |
| 5. | തിരുവള്ളൂർ | 02-03 3(2) | പെരുനാട്ടുകുന്ന് ജലസേചന പദ്ധതി | 17185 |
| 6. | രാമനാട്ടുകര | 02-03 3(17) | 11 പദ്ധതികൾ | 159357 |
| 7. | ചെറുവണ്ണൂർ | 02-03 2(3) | പുറക്കാമല ശുദ്ധജല വിതരണ പദ്ധതി | 32866 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.79.10]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

79. 2002-03, 2003-04 വർഷങ്ങളിൽ പദ്ധതിപ്പണം ചെലവഴിച്ച് പണി

പൂർത്തീകരിച്ചിട്ടുള്ള വിവിധ ജലസേചന, കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകുന്നതിനായി പല പഞ്ചായത്തുകളും തനത് ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പഞ്ചായത്തുകളാണ് വൈദ്യുതി ചാർജ് ഒടുക്കിയിരുന്നതെന്നും പിന്നീട് കുടിവെള്ള പദ്ധതികൾ അതാത് ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിക്കുകയും അവരോട് വൈദ്യുതി ചാർജ് അടയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തുവെങ്കിലും പല കമ്മിറ്റികൾക്കും അതിന് കഴിഞ്ഞില്ലെന്നും വൈദ്യുതി ചാർജ് തുക അടയ്ക്കാത്തതിനാൽ കെ.എസ്.ഇ.ബി കണക്ഷൻ വിച്ഛേദിക്കുന്ന അവസ്ഥ സംജാതമായപ്പോഴാണ് പഞ്ചായത്തുകൾ തന്നെ തുക ഒടുക്കിയതെന്നും ആയതിന് സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചിട്ടുണ്ടെന്നും എ.ഡി.പി അറിയിച്ചു.

80. കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ചെലവായ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന് പകരം പഞ്ചായത്ത് തന്നെ അടച്ച നടപടിയിലൂടെ ജനങ്ങളുടെ നികുതിപ്പണം വകമാറ്റി ചെലവഴിക്കുകയാണുണ്ടായതെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പരാമർശവിധേയമായ ഏഴ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങളും ശിപാർശകളും

**81. കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ചെലവായ തുക ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്നതിനുപകരം പഞ്ചായത്തുകൾ തന്നെ അടവാക്കിയതിലൂടെ ജനങ്ങളുടെ നികുതിപ്പണം വകമാറ്റി ചെലവഴിക്കുകയാണുണ്ടായതെന്നും പൊതുധനവിനിയോഗത്തിൽ വരുത്തുന്ന ഇത്തരം വകമാറ്റലുകൾ ഗുരുതരവും ആയത് അവസാനിപ്പിക്കപ്പെടേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ഏഴ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കന്നുകുട്ടി പരിപാലനം - അപാകതകൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിൽ 20.01.2001 എം.എസ്.11/01/(മൃഗസംരക്ഷണം) നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതിയ്ക്ക് സബ്സിഡിയായി തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന തുകയ്ക്ക് പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർ വിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥ പല പഞ്ചായത്തുകളിലും പാലിക്കപ്പെട്ടിട്ടില്ല. തുക അനുവദിക്കുകയല്ലാതെ, തുക സ്വീകരിച്ചതിനുള്ള രശീതി, പദ്ധതിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് തുടങ്ങിയ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകൾ വിഹിതം നൽകുന്നുണ്ടെങ്കിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ഓരോ പഞ്ചായത്തിലെയും ഗുണഭോക്താക്കൾക്ക് എത്രത്തോളം ലഭ്യമാകുന്നുണ്ടെന്നത് സംബന്ധിച്ച യാതൊരു രേഖകളും ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| | **സ്ഥാപനം, വർഷം, ഖണ്ഡിക** | **ചെലവഴിച്ച തുക (രൂപ)** | **അപാകത** |
|---|---|---|---|
| 1 | താമരശ്ശേരി 2003-04 3(20) | 273000 | കന്നുകുട്ടി പരിപാലന പദ്ധതി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയ തുകയുടെ ചെലവ് വിവരം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. |
| 2 | കാരശ്ശേരി 2003-04 3(10) | 198250 | കന്നുകുട്ടി പരിപാലന പദ്ധതി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയ തുകയുടെ ചെലവ് വിവരം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. |
| 3 | പെരുവയൽ 2003-04 3(13) | 243750 | ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.79.11]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

82. ഓഡിറ്റ് പരാമർശം സംബന്ധിച്ച് താമരശ്ശേരി, പെരുവയൽ എന്നീ ഗ്രാമപഞ്ചായത്തുകൾ ഭരണ വകുപ്പിന് ലഭ്യമാക്കിയ മറുപടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

83. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കാരശ്ശേരി ഗ്രാമപഞ്ചായത്തധികൃതർ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിൽ കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ലഭിക്കുവാനുള്ള മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിച്ചിരുന്നുവെങ്കിലും, ഇതിന് വിരുദ്ധമായി പദ്ധതിയുമായി ബന്ധപ്പെട്ട് 66,223/- രൂപ കൂടി പിരിച്ചെടുക്കുവാൻ ശേഷിക്കുന്നുണ്ടെന്ന റിപ്പോർട്ടാണ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നതെന്ന് സമിതി നിരീക്ഷിച്ചു.

84. ഗ്രാമപഞ്ചായത്തധികൃതർ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ മറുപടിയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും എത്ര രൂപയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റാണ് ലഭിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും വകുപ്പുകൾ ചെലവഴിക്കുവാൻ ശേഷിക്കുന്ന പദ്ധതിത്തുകകൾ സർക്കാർ കഴിഞ്ഞ വർഷം അവസാനം തിരിച്ചെടുത്തിരുന്നതായും എന്നാൽ ആവശ്യാനുസരണം അത് തിരിച്ച് വകുപ്പുകൾക്ക് നല്കുന്നുണ്ടെന്നും, പ്രസ്തുത വിഷയത്തിൽ മൃഗസംരക്ഷണ വകുപ്പിൽനിന്നും തുക തിരികെ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഒരു ക്ലെയിം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുണ്ടെന്നും, അടിയന്തരമായി തുക തിരിച്ച് പിടിക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതാണ് ഉചിതമെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശിക തുക തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

## നിഗമനങ്ങളും ശിപാർശകളും

**85. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി, പെരുവയൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**86. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കാരശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശവിധേയമായ കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടെന്നാണ് അറിയിച്ചിരുന്നതെങ്കിലും, അതിന് വിരുദ്ധമായി പദ്ധതിയുമായി ബന്ധപ്പെട്ട് 66,223/- രൂപ കൂടി പിരിച്ചെടുക്കുവാൻ ശേഷിക്കുന്നുണ്ടെന്ന റിപ്പോർട്ടാണ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശികത്തുക തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി കാരശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലെയും പരിപാലനത്തിലെയും അപാകതകൾ**

അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സബ്സിഡി മാനദണ്ഡങ്ങളിലെ വ്യവസ്ഥകൾ, കാർഷികോപകരണങ്ങളുടെ വിതരണത്തിലും പരിപാലനത്തിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടില്ല. ട്രാക്ടറുകളും, ടില്ലറുകളും മറ്റ് കാർഷിക യന്ത്രോപകരണങ്ങളും കർഷക സംഘകരണ സംഘങ്ങൾക്കും പാടശേഖര സമിതികൾക്കും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ ഉപയോഗം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് മേൽ സമിതി/സംഘങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന വ്യവസ്ഥ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടില്ല. കൂടാതെ ഉപകരണങ്ങൾ കൈപ്പറ്റിയ സംഘങ്ങൾ അവയിൽ നിന്നുണ്ടാകുന്ന വരവുചെലവുകളെ സംബന്ധിച്ച് കണക്കുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലും ഉള്ള അപാകതകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| | സ്ഥാപനം വർഷം, ഖണ്ഡിക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂപ) | അപാകതകൾ |
|---|---|---|---|---|
| 1 | ഉണ്ണികുളം 2002-03 3/17 | നെൽകൃഷി പ്രോത്സാഹനം | 235304 | 1) പവർ ടില്ലറുകൾ വാങ്ങി രണ്ട് സമിതികൾക്ക് കൈമാറിയെങ്കിലും ഓരോ സമിതിയ്ക്കും 2652 രൂപ മാത്രമാണ് ചെലവ് വന്നത്. ഈ സാഹചര്യത്തിൽ പവർ ടില്ലറിന്റെ രജിസ്ട്രേഷൻ പഞ്ചായത്തിന്റെ പേരിൽ നടത്തേണ്ടതിനുപകരം സമിതിയുടെ പേരിൽ നടത്തിയത് അപാകതയാണ്.<br>2) ടില്ലറിന്റെ സൂക്ഷിപ്പ്, ഉപയോഗം എന്നിവ കൃഷി ഓഫീസർ പരിശോധന നടത്തിയിരുന്നില്ല.<br>3) ടില്ലറിന്റെ വരവ് ചെലവ് കണക്കു കൾ പരിശോധനയ്ക്ക് ലഭ്യമാക്കി യില്ല.<br>4) മൂലധന നിക്ഷേപം തിരികെ ലഭിക്കുവാനോ പുനർനിക്ഷേപം നടത്തുവാനോ ഉള്ള വ്യവസ്ഥ കരാറിൽ ഇല്ല. |
| 2. | പയ്യോളി 2002-03 3/6 | സമഗ്ര നെൽകൃഷി വികസനം | 264893 | നടീൽ യന്ത്രം, പാറ്റ് യന്ത്രം, മെതിയന്ത്രം, പവർ ടില്ലർ ഇവ പാടശേഖര സമിതികൾക്ക് കൈമാറുമ്പോൾ ഉടമ്പടി ചമച്ചില്ല. |
| 3. | രാമനാട്ടുകര 2002-03 3/7 | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം | 277202+54123 | 1) വരവ് ചെലവ് കണക്കുകൾ പാടശേഖര സമിതി കൺവീനർ സൂക്ഷിക്കുന്നില്ല<br>2) മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല.<br>3) കരാർ വ്യവസ്ഥ ലംഘിച്ചാൽ നഷ്ടപരിഹാരം ഈടാക്കുവാനുള്ള വ്യവസ്ഥ കരാറിൽ ഇല്ല.<br>4) വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി കൺവീനറെ അറിയിച്ചെങ്കിലും യാതൊരു നടപടികളും കൈക്കൊണ്ടില്ല. |
| 4. | പനങ്ങാട് 2003-04 3/02 | പവർ ടില്ലർ റിപ്പയർ | 11674 | റിപ്പയറിംഗ് തുക ചെലവഴിച്ചെങ്കിലും ടില്ലർ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ടില്ലർ ആരാണ് സൂക്ഷിക്കുന്നതെന്ന് വ്യക്തമല്ല. |

| | | | | |
|---|---|---|---|---|
| 5. | ഏലത്തൂർ 2003-04 3/12 | കൊപ്ര ഡ്രയർ | 8750 | കൃഷി ഓഫീസർ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. |
| 6. | തിക്കോടി 2003-04 3/13 | സമഗ്രവയൽ കൃഷികാർഷികോപ കരണങ്ങൾ | 325450 | പവർ ടില്ലർ, യന്ത്രക്കലപ്പ രണ്ട് പാടശേഖര സമിതികൾക്ക് കൈമാറി, തുടർ പ്രവർത്തനമില്ല |
| 7. | ബേപ്പൂർ 2002-03 3/22 | നെൽകൃഷി വികസനം | 92500 | ടില്ലർ വാങ്ങി സഹകരണ ബാങ്കിന് നൽകി. കരാർ, വരവ് ചെലവ് കണക്കുകൾ ഉപയോഗവിവരം എന്നിവ ലഭ്യമല്ല. |
| 8. | തിക്കോടി 2004-05 3/3 | നെൽകൃഷി വികസനം | 79220 | യന്ത്രകലപ്പ വാങ്ങി പാടശേഖര സമിതിയ്ക്ക് കൈമാറിയതിന്റെയും ഉപയോഗിക്കുന്നതിന്റെയും രേഖകൾ ലഭ്യമല്ല |
| 9. | കുന്നമംഗലം 2002-03 3/3 | കാർഷിക മേഖലയിലെ യന്ത്രവൽകരണം | 384637 | 1997-98-ൽ വാങ്ങിയ ട്രാക്ടറും ട്രെയിലറും ഉപയോഗപ്പെടുത്താതെ തുരുമ്പെടുത്ത് നശിക്കുന്നു. |
| 10. | ചാത്തമംഗലം 2003-04 3/6 | കാർഷിക മേഖലയിലെ യന്ത്രവൽകരണം | 10963 | 11.08.2000-ൽ ട്രാക്ടർ, ട്രെയിലർ, കൊയ്ത്ത് യന്ത്രം എന്നിവ ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിനെ ഏൽപ്പിച്ചു. വാടകയിനത്തിലെ ലാഭ വിഹിതത്തിന്റെ 60% ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ടതാണെങ്കിലും 11.2002 മുതൽ 08.2003 വരെ വരവ് ചെലവ് കണക്ക് സമർപ്പിച്ചില്ല. അതിനാൽ പഞ്ചായത്ത് ഫണ്ടിൽനിന്നും റിപ്പയർ ചാർജ് അനുവദിച്ചത് അംഗീകരിക്കുന്നില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.12]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

87. ഉണ്ണികുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 2002-03 കാലയളവിൽ വാങ്ങിയ പവർ ടില്ലർ ഏകദേശം 10 വർഷത്തോളം ഉപയോഗിച്ചിരുന്നുവെന്നും കഴിഞ്ഞ 6 വർഷമായി ആയത് പ്രവർത്തനക്ഷമമല്ലെന്നും നെൽകൃഷി ലാഭകരമല്ലെന്ന കാരണത്താൽ നിലവിൽ പാടശേഖരസമിതി കൃഷിപ്പണികൾ ചെയ്യുന്നില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

88. പാടശേഖര സമിതിയുമായി ഏതെങ്കിലും വിധത്തിലുള്ള കരാറിൽ ഏർപ്പെട്ടിരുന്നോയെന്നും, ഉണ്ടെങ്കിൽ കരാറിൽ ഉൾപ്പെട്ടിരുന്ന വിഷയങ്ങൾ സംബന്ധിച്ചും കരാർ പ്രകാരമുള്ള പരിശോധനകൾ നടത്തിയിരുന്നോയെന്നും സമിതി ആരാഞ്ഞപ്പോൾ പാടശേഖര സമിതിയുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരുന്നുവെന്നും വാറണ്ടി പീരിയഡ് സംബന്ധമായ എല്ലാ കാര്യങ്ങളും പഞ്ചായത്ത് ഭരണസമിതി പരിശോധിക്കുന്നതാണെന്നും അപാകതകൾ കാണുന്നപക്ഷം ഗ്രാമപഞ്ചായത്ത് പവർ ടില്ലർ തിരിച്ചെടുക്കുന്നതാണെന്നും കരാറിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കരാർ പ്രകാരമുള്ള പരിശോധനകൾ നടത്തിയിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്തധികൃതർ ലഭ്യമാക്കിയ റിപ്പോർട്ട് തൃപ്തികരമാണെന്ന് ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

89. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി പയ്യോളി നഗരസഭാ സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞപ്പോൾ പാടശേഖര സമിതിയ്ക്ക് കാർഷികോപകരണങ്ങൾ നൽകിയതുമായി ബന്ധപ്പെട്ടായിരുന്നു ഓഡിറ്റ് പരാമർശമെന്നും കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ പാടശേഖര സമിതിയ്ക്ക് നല്കിയ യന്ത്രങ്ങൾ കാലപ്പഴക്കം നിമിത്തം ഇനി പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുകയില്ലെന്നും, പ്രസ്തുത ഉപകരണങ്ങൾ കണ്ടം ചെയ്യുവാൻ മാത്രമേ സാധിക്കുകയുള്ളൂവെന്നും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നതെന്ന് പയ്യോളി നഗരസഭാ സെക്രട്ടറി മറുപടി നൽകി. പരാമർശവിധേയമായ കാർഷിക യന്ത്രങ്ങൾ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്തതിനാലും പാടശേഖര സമിതി നിലവിൽ കൃഷിപ്പണികൾ ഉപേക്ഷിച്ചിരിക്കുന്നതിനാലും നഗരസഭ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്തു.

90. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി രാമനാട്ടുകര നഗരസഭാ സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞപ്പോൾ പാടശേഖര സമിതിയ്ക്ക് കാർഷികോപകരണങ്ങൾ നൽകിയത് സംബന്ധിച്ചായിരുന്ന ഓഡിറ്റ്

പരാമർശമെന്നും കാലപ്പഴക്കംമൂലം പ്രവർത്തനരഹിതമായ പ്രസ്തുത യന്ത്രങ്ങൾ കണ്ടം ചെയ്ത് നൽകേണ്ട അവസരയിലാണെന്നും, കണ്ടം ചെയ്യുന്നതിനായി വാല്യുവേഷനുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പിൽ സമർപ്പിച്ചിരുന്നുവെങ്കിലും മറുപടി ലഭിക്കാതിരുന്നതിനാൽ നേരിട്ട് ബന്ധപ്പെട്ടപ്പോൾ വെഹിക്കിൾ ഹിസ്റ്ററി ഹാജരാക്കണമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും 2002-03 കാലഘട്ടത്തിൽ വാങ്ങിയ പ്രസ്തുത യന്ത്രങ്ങളുടെ ആർ.സി.യും മറ്റ് രേഖകളും ഹാജരാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നുവെങ്കിലും അത് സംബന്ധിച്ച രേഖകളടങ്ങിയ ഫയൽ കണ്ടെത്തുവാൻ കഴിയാത്തതിനാൽ അവ സമർപ്പിക്കുവാൻ സാധിക്കുന്നില്ലെന്നും പ്രസ്തുത രേഖകൾ ലഭിച്ചാൽ മാത്രമേ പ്രവർത്തനരഹിതമായ കാർഷിക യന്ത്രങ്ങൾ സ്ക്രാപ്പായി മാറ്റുവാൻ സാധിക്കുകയുള്ളൂവെന്ന് വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരുതവണ കൂടി അപേക്ഷ സമർപ്പിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

91. 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഓഡിറ്റ് തടസ്സത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്തധികൃതർ തയ്യാറായത് നിയമസഭാ സമിതി യോഗത്തിന് മുന്നോടിയായി മാത്രമാണെന്ന് ചൂണ്ടിക്കാണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് അഭിപ്രായം ആരാഞ്ഞപ്പോൾ രേഖകൾ ലഭ്യമായെങ്കിൽ മാത്രമേ കാർഷിക യന്ത്രങ്ങൾ ലേലം ചെയ്യുവാൻ സാധിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നതിനാൽ ഡ്യൂപ്ലിക്കേറ്റ് രേഖകൾ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തധികൃതർ ബന്ധപ്പെട്ട വകുപ്പിന് അപേക്ഷ നൽകുന്നതായിരിക്കും ഉചിതമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

92. കാർഷികയന്ത്രങ്ങളുടെ ആർ.സി.യും മറ്റ് രേഖകളുമടങ്ങിയ ഫയൽ സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നും സംഭവിച്ച കുറ്റകരമായ അനാസ്ഥയിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയ സമിതി പ്രസ്തുത രേഖകൾ നഷ്ടപ്പെടുവാനിടയായ സാഹചര്യവും ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറണമെന്ന് ഗ്രാമപഞ്ചായത്തധികൃതരോട് ആവശ്യപ്പെട്ടു. കൂടാതെ പ്രസ്തുത

യന്ത്രങ്ങൾ ലേലം ചെയ്യുന്നതിനായുള്ള ഡ്യൂപ്ലിക്കേറ്റ് രേഖകൾക്കായി ബന്ധപ്പെട്ട വകുപ്പിന് അപേക്ഷ സമർപ്പിക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

93. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി പനങ്ങാട് ഗ്രാമപഞ്ചായത്ത് അധികൃതരോട് വിശദീകരണം ആരാഞ്ഞപ്പോൾ പാടശേഖര സമിതിയ്ക്ക് അനുവദിച്ച ടില്ലറിന്റെ റിപ്പയറിംഗ് ചെലവ് പഞ്ചായത്ത് വഹിച്ചുവെന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും പദ്ധതിയുടെ ആരംഭഘട്ടത്തിൽ പരാമർശവിധേയമായ പവർ ടില്ലറുകൾ നന്നായി പ്രവർത്തിച്ചിരുന്നുവെന്നും കാലപ്പഴക്കം നിമിത്തം പിന്നീട് പ്രവർത്തനരഹിതമായെന്നും പാടശേഖര സമിതി നിലവിൽ കൃഷിപ്പണികൾ ഉപേക്ഷിച്ചിരിക്കുകയാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ഭരണ വകുപ്പിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

94. ഏലത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ഏലത്തൂർ നിലവിൽ കോഴിക്കോട് കോർപ്പറേഷന്റെ ഭാഗമാണെന്നും കൃഷി ഓഫീസറാണ് പാടശേഖര സമിതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ ഏലത്തൂർ സോണൽ റവന്യൂ ഓഫീസർ അറിയിച്ചു. പാടശേഖര സമിതിയുടെ നിലവിലെ പ്രവർത്തനം, ടില്ലറിന്റെ നിലവിലെ അവസ്ഥ, ടില്ലർ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഏലത്തൂർ സോണൽ റവന്യൂ ഓഫീസറോട് ആവശ്യപ്പെട്ടു.

95. ബേപ്പൂർ, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

96. കുന്നമ്മൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 1998-ൽ വാങ്ങിയ ട്രാക്ടറും ട്രെയിലറും നിലവിൽ പ്രവർത്തനരഹിതമാണെന്ന് അറിയിച്ചുകൊണ്ട് മെക്കാനിക്കൽ എ.ഇ റിപ്പോർട്ട് നൽകിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ട്രാക്ടറും ട്രെയിലറും

പ്രവർത്തനരഹിതമാണെന്ന് കാണിച്ചുകൊണ്ട് മെക്കാനിക്കൽ എ.ഇ.യുടെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്നും യന്ത്രങ്ങളുടെ രേഖകളും ആർ.സി ബുക്കിന്റെ പകർപ്പും ഹാജരാക്കുന്നപക്ഷം ഉടൻതന്നെ സർട്ടിഫിക്കറ്റ് നൽകാമെന്നാണ് പറഞ്ഞിരിക്കുന്നതെന്നും 2018 സെപ്റ്റംബറിലാണ് യന്ത്രങ്ങളുടെ പരിശോധന നടത്തിയതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

97. പ്രവർത്തനരഹിതമായ യന്ത്രങ്ങൾ ലേലം ചെയ്യുവാൻ 2012-ൽതന്നെ ഭരണ സമിതി തീരുമാനിച്ചിരുന്നുവെങ്കിലും 2018-ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് അതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊണ്ടതെന്ന് നിരീക്ഷിച്ച സമിതി ആയതിനുള്ള കാരണം ആരാഞ്ഞപ്പോൾ ആർ.സി ബുക്ക് കാണാതെ പോയതാണ് കാലതാമസത്തിന് ഇടയാക്കിയതെന്നും നിലവിൽ ആർ.സി ബുക്ക് ലഭിച്ചിട്ടുണ്ടെന്നും കൊല്ലം എ.ഡി.പി അറിയിച്ചു. ആവശ്യമായ രേഖകൾ അടിയന്തരമായി ഹാജരാക്കി പ്രവർത്തനരഹിതമായ യന്ത്രങ്ങൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

98. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് 2000-ൽ കാർഷിക യന്ത്രങ്ങൾ വാങ്ങി ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിനെ ഏല്പിക്കുകയും ബാങ്കുമായി കരാറിൽ ഏർപ്പെടുകയും ചെയ്തുവെങ്കിലും പ്രസ്തുത യന്ത്രങ്ങളുടെ റിപ്പയറിംഗ് ചാർജ് ഗ്രാമപഞ്ചായത്ത് തന്നെ വഹിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് നൽകുവാൻ കഴിയാത്ത സാഹചര്യങ്ങൾ ഉയർന്നുവന്നപ്പോൾ കൃഷിയെ നിലനിർത്തുന്നതിനായി ഒരു സഹായമെന്ന രീതിയിൽ ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് ഗ്രാമപഞ്ചായത്ത് തന്നെ തുക നൽകി കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കിയതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

99. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഉണ്ണിക്കുളം, പനങ്ങാട്, തിക്കോടി, ചാത്തമംഗലം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകളുമായും പയ്യോളി നഗരസഭയുമായും ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

100. കാർഷിക യന്ത്രവൽകരണ പദ്ധതിയുമായി ബന്ധപ്പെട്ട് രാമനാട്ടുകര നഗരസഭ പാടശേഖര സമിതിയ്ക്ക് കൈമാറിയ കാർഷിക യന്ത്രങ്ങൾ കാലപ്പഴക്കംമൂലം നിലവിൽ പ്രവർത്തനരഹിതമാണെന്നും, അവ കണ്ടം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും പ്രസ്തുത യന്ത്രങ്ങളുടെ ആർ.സി ബുക്കും മറ്റ് രേഖകളും ഹാജരാക്കുവാൻ സാധിക്കാതിരുന്നതിനാൽ അതിന് കഴിയാത്ത സാഹചര്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഓഡിറ്റ് തടസ്സത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് അധികൃതർ തയ്യാറായത് നിയമസഭാ സമിതിയോഗത്തിന് മുന്നോടിയായി മാത്രമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു.

101. കാർഷികയന്ത്രങ്ങളുടെ ആർ.സി ബുക്കും മറ്റ് രേഖകളുമടങ്ങിയ ഫയൽ സൂക്ഷിക്കുന്നതിൽ നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും സംഭവിച്ച കുറ്റകരമായ അനാസ്ഥയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ നഷ്ടപ്പെടുവാനിടയായ സാഹചര്യവും, ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറണമെന്ന് സമിതി രാമനാട്ടുകര നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. കൂടാതെ പരാമർശവിധേയമായ യന്ത്രങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായെങ്കിൽ മാത്രമേ അവ ലേലം ചെയ്യുന്നതിന് സാധിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത യന്ത്രങ്ങളുടെ ഡ്യൂപ്ലിക്കേറ്റ് രേഖകൾ ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് അപേക്ഷ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

102. ഏലത്തൂരിലെ പാടശേഖര സമിതിയുടെ നിലവിലെ പ്രവർത്തനം, ടില്ലറിന്റെ നിലവിലെ സ്ഥിതി, ടില്ലർ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഏലത്തൂർ സോണൽ റവന്യൂ ഓഫീസറോട് നിർദ്ദേശിക്കുന്നു.

103. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ കാർഷികയന്ത്രവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ ട്രാക്ടറും ട്രെയിലറും കാലപ്പഴക്കത്തെത്തുടർന്ന് പ്രവർത്തനരഹിതമാണെന്നും, അവ ലേലം ചെയ്യുന്നതിനായി 2012-ൽ ഭരണ സമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും പ്രസ്തുത യന്ത്രങ്ങളുടെ ആർ.സി ബുക്ക് നഷ്ടപ്പെട്ടുപ്പോയിരുന്നതിനാൽ അവ കണ്ടെത്തിയശേഷം 2018-ൽ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. പ്രവർത്തനരഹിതമായ കാർഷികയന്ത്രങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കി, ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി കുന്നമ്മൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നത് ക്രമവിരുദ്ധം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ കേരള സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെയാണ് വാങ്ങിക്കുന്നത്. 20000/- രൂപയിൽ കൂടിയ പർച്ചേസുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്നും, ആയതിന് പത്രപരസ്യം നൽകണമെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും പല പഞ്ചായത്തുകളും ഇപ്രകാരം പ്രവർത്തിക്കുന്നില്ല. ടെണ്ടറുകൾക്ക് പകരം ക്വട്ടേഷൻ ക്ഷണിക്കുന്നതായും, ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ വാങ്ങിക്കുന്ന സാധനത്തിന്റെ പ്രത്യേക ബ്രാന്റ് ആവശ്യപ്പെടുന്നതായും റേറ്റ് കോൺട്രാക്ട് നിലവിലുള്ള സാധനങ്ങൾ, മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങിക്കുന്നതായും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യാത്തതായും പല പഞ്ചായത്തുകളിലെയും ഓഡിറ്റ് പരിശോധനയിൽ കാണുന്നു. അപാകത സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | സ്ഥാപനം/ വർഷം/ഖണ്ഡിക | ഇനം | ചെലവഴിച്ച തുക (രൂപ) | അപാകതകൾ |
|---|---|---|---|---|
| 1 | കുന്ദമംഗലം 2003-04 2/9 | കണ്ണട വിതരണം | 60800 | നേത്ര പരിശോധനാ ക്യാമ്പ് നടത്തിയ സ്ഥാപനത്തിൽ നിന്ന് തന്നെ പട്ടം പാലിക്കാതെ കണ്ണട വാങ്ങി നൽകി. |
| 2 | കുന്ദമംഗലം 2003-04 2/14 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 164250 | ടെണ്ടറിന് പകരം ക്വട്ടേഷൻ ക്ഷണിച്ചു. പ്രത്യേക ബ്രാന്റുകൾ ക്ഷണിച്ചു. |
| 3 | അഴിയൂർ 2001-02 3/6 | ഫർണിച്ചർ | 9150 | റേറ്റ് കോൺട്രാക്ട് സ്ഥാപനത്തിൽ നിന്ന് വാങ്ങാതെ മറ്റ് സ്ഥാപനത്തിൽ നിന്ന് വാങ്ങി. |
| 4 | നന്മണ്ട 2002-03 3/2 | ഫർണിച്ചർ | 30000 | സിംഗർ ക്വട്ടേഷൻ പ്രകാരം വാങ്ങി |
| 5 | തിക്കോടി 2003-04 3/8 | ഫർണിച്ചർ വാങ്ങൽ | 26000 | ടെണ്ടർ ക്ഷണിച്ചില്ല. പ്രത്യേക ബ്രാൻഡ് ക്വട്ടേഷൻ ക്ഷണിച്ചു. |
| 6 | കുന്നമ്മൽ 2002-03 3/5 | തെരുവ് വിളക്ക് സ്ഥാപിക്കലും സംരക്ഷണവും | 25420 | ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചു. പുസ്തക പ്രസാധകരിൽ നിന്നും ലഭിച്ച ക്വട്ടേഷൻ പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ബൾബ്, അനുബന്ധ സാധനങ്ങൾ വാങ്ങി. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.13]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

104. കണ്ണട വിതരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരോട് ആരാഞ്ഞപ്പോൾ നേത്രപരിശോധനാ ക്യാമ്പ് നടത്തിയ സ്ഥാപനത്തിൽ നിന്നുതന്നെ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ കണ്ണടകൾ വാങ്ങിയെന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും ഗ്രാമപഞ്ചായത്തും മലബാർ കണ്ണാശുപത്രിയും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണടകൾ വാങ്ങുന്നതിനായി മലബാർ ഐ ഹോസ്പിറ്റൽ, മലബാർ ഒപ്റ്റിക്കൽസ്, നാഷണൽ ഒപ്റ്റിക്കൽസ് എന്നീ മൂന്ന് സ്ഥാപനങ്ങളിൽ നിന്നാണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നതെന്നും സൗജന്യമായി നേത്രപരിശോധന നടത്തിത്തരാമെന്ന് ഉറപ്പ് നല്കിയതിന്റെ അടിസ്ഥാനത്തിലാണ് മലബാർ ഐ ഹോസ്പിറ്റലിനെ തെരഞ്ഞെടുത്തതെന്നും പ്രസ്തുത പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

105. തെരുവ് വിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ടെണ്ടറിന് പകരം ക്വട്ടേഷൻ പ്രകാരം പ്രത്യേക ബ്രാൻഡുകൾ ക്ഷണിച്ചുവെന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും ഭരണ സമിതിയുടെ തീരുമാനപ്രകാരം ക്രോംപ്റ്റൺ ഗ്രീവ്സ്, ഫിലിപ്സ് എന്നീ രണ്ട് കമ്പനികളിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെന്നും അതിൽ ഏറ്റവും താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത വൈ.എം.കെ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയതെന്നും പ്രസ്തുത തെരുവ് വിളക്കുകൾ വർഷങ്ങളോളം ഉപയോഗിച്ചിരുന്നുവെന്നത് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ ഭരണ വകുപ്പ് മുഖേന ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

106. അഴിയൂർ, നന്മണ്ട, തിക്കോടി, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**107. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ കുന്ദമംഗലം, അഴിയൂർ, നന്മണ്ട, തിക്കോടി, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ - പൂർത്തിയാക്കിയില്ല. ചെലവഴിച്ച പണം പാഴ്ചെലവായി മാറുന്നു.**

ഗ്രാമപഞ്ചായത്തുകളിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥലം വാങ്ങിയതായി കാണുന്നു. എന്നാൽ വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. താഴെപ്പറയുന്ന പട്ടികയിൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മറ്റ് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പട്ടികയിൽ കാണിച്ച ബാക്കി പഞ്ചായത്തുകൾ ഭൂമി വാങ്ങിയതൊഴികെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ഇതിന്റെ ഫലമായി പഞ്ചായത്തുകൾ ചെലവഴിച്ച പദ്ധതിപ്പണം പാഴ്ചെലവായി മാറിയിരിക്കുകയാണ്. കൂടാതെ വ്യവസായങ്ങൾ സ്ഥാപിക്കുക എന്ന പഞ്ചായത്തുകളുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തിരിക്കുന്നു.

| സ്ഥാപനം/ വർഷം/ഖണ്ഡിക | വാങ്ങിയ ഭൂമിയുടെ അളവ്, വില | ഇതുവരെ ചെലവഴിച്ച തുക (രൂ) | ഇപ്പോഴത്തെ അവസ്ഥ | റിമാർക്സ് |
|---|---|---|---|---|
| കുന്നമ്മൽ 2002-03 3/4 | 98 സെന്റ് സ്ഥലം 3 ലക്ഷം രൂപ | വിശദാംശങ്ങൾ ലഭ്യമല്ല | ചുറ്റുമതിൽ നിർമ്മിച്ചു. കെട്ടിടം നിർമ്മിച്ചതിന്റെ വിശദവിവരം ലഭ്യമല്ല. | 1997-98 -ൽ 20 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി ലക്ഷ്യം കണ്ടില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.14]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

108. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 1.48 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന എസ്റ്റേറ്റ് ഒരു ഉയർന്ന പ്രദേശത്തായതിനാൽ അതിന്റെ താഴെ ഭാഗത്തായിട്ടാണ് ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സഹായത്തോടുകൂടി ഷെഡ് നിർമ്മാണം പൂർത്തീകരിച്ചതെന്നും വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനം തുടങ്ങിയ സമയത്ത് ഫാഷൻ ഡിസൈനിംഗ് യൂണിറ്റും തയ്യൽ മെഷീൻ യൂണിറ്റും അവിടെ പ്രവർത്തിച്ചിരുന്നുവെന്നും 2010-ൽ ആരംഭിച്ച സ്ഥാപനത്തിന്റെ പ്രവർത്തനം ലാഭകരമല്ലാത്തതിനാൽ 2011-12 ഓടുകൂടി നിർത്തിവയ്ക്കുകയായിരുന്നുവെന്നും നിലവിൽ അവിടെ വ്യവസായ യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ലെന്നും 2016-ലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം പ്രസ്തുത കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടെന്നും കുന്നമ്മൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

109. വ്യവസായ എസ്റ്റേറ്റിലെ തയ്യൽ മെഷീൻ യൂണിറ്റിനായി വാങ്ങിയ 19 തയ്യൽ മെഷീനുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് അറിവില്ലെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിച്ചിരുന്ന കുടുംബശ്രീ യൂണിറ്റിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 20 ഓളം വനിതകൾ ഉൾപ്പെട്ടിരുന്ന ഒരു കുടുംബശ്രീ യൂണിറ്റ് അവിടെ പ്രവർത്തിച്ചിരുന്നുവെങ്കിലും പല കാരണങ്ങളാൽ പിന്നീട് നിർത്തിപോവുകയാണ് ചെയ്തതെന്നും വ്യവസായ എസ്റ്റേറ്റിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഭരണസമിതി ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും അതിന് തയ്യാറായി ആരും മുന്നോട്ട് വന്നില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

110. വ്യവസായ യൂണിറ്റുകൾക്കായി ആളുകളെ കണ്ടെത്തിയശേഷം മാത്രം യന്ത്രോപകരണങ്ങൾ വാങ്ങി സംരംഭം ആരംഭിക്കുന്നതാണ് ഉചിതമെന്നും, അതിന് വിരുദ്ധമായി വ്യവസായ യൂണിറ്റിനായുള്ള യന്ത്രോപകരണങ്ങളും മറ്റും വാങ്ങിയശേഷം ആളുകളെ കിട്ടാത്ത കാരണത്താൽ ആയത് ആരംഭിക്കാനാവാതെ വരുകയും യന്ത്രോപകരണങ്ങൾ നശിച്ചുപോവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ കണ്ടുവരുന്നതെന്നും വിലയിരുത്തിയ സമിതി പ്രസ്തുത വിഷയത്തിൽ തയ്യൽ മെഷീൻ യൂണിറ്റിനായി വാങ്ങിയ 19 തയ്യൽ മെഷീനുകൾ പ്രവർത്തനക്ഷമമാണോയെന്നും, പരാമർശവിധേയമായ വ്യവസായ എസ്റ്റേറ്റിൽ കുടുംബശ്രീയുടെ സഹകരണത്തോടെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിക്കുമോയെന്നും പരിശോധിച്ച് ഭരണ വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**111. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിൽ ആരംഭിച്ച ഫാഷൻ ഡിസൈനിംഗ് യൂണിറ്റിന്റെയും തയ്യൽ മെഷീൻ യൂണിറ്റിന്റെയും പ്രവർത്തനം ലാഭകരമല്ലാത്ത കാരണത്താൽ ഒരു വർഷത്തിനുള്ളിൽത്തന്നെ നിർത്തിവച്ചിരുന്നുവെന്നും പിന്നീട് അവിടെ ആരംഭിച്ച കുടുംബശ്രീ യൂണിറ്റിന്റെയും പ്രവർത്തനം പല കാരണങ്ങളാൽ നിലച്ചുവെന്നും വ്യവസായ എസ്റ്റേറ്റിൽ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഭരണസമിതി ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും അതിന് തയ്യാറായി ആരും മുന്നോട്ട് വന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിച്ചിരുന്ന തയ്യൽ മെഷീൻ യൂണിറ്റിനായി വാങ്ങിയ 19 തയ്യൽ മെഷീനുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സാധിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

**112. വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ ഏറ്റെടുക്കുന്നതിനായി സംരംഭകരെ കണ്ടെത്തിയശേഷം മാത്രം പ്രസ്തുത വ്യവസായ**

യൂണിറ്റുകൾക്കായുള്ള യന്ത്രോപകരണങ്ങളും മറ്റും വാങ്ങുന്നതാണ് ഉചിതമെന്നും, അതിന് വിരുദ്ധമായി വ്യവസായ യൂണിറ്റുകൾക്കായുള്ള യന്ത്രങ്ങളും മറ്റും വാങ്ങിയശേഷം, അവ ഏറ്റെടുക്കുന്നതിനായി സംരംഭകർ ഇല്ലാത്ത കാരണത്താൽ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയാതെ വരുകയും യന്ത്രോപകരണങ്ങളും മറ്റും നശിച്ചുപോവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സംജാതമായിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുധന വിനിയോഗത്തിൽ വരുത്തുന്ന ഇത്തരം പിഴവുകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നതുമാണെന്നും അഭിപ്രായപ്പെടുന്നതോടൊപ്പം മേലിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

113. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തയ്യൽ മെഷീൻ യൂണിറ്റിനായി വാങ്ങിയ 19 തയ്യൽ മെഷീനുകൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും പരാമർശവിധേയമായ വ്യവസായ എസ്റ്റേറ്റിൽ കുടുംബശ്രീയുടെ സഹകരണത്തോടെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിക്കുമോയെന്നും പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല**

വിവിധ കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് താഴെ വിശദീകരിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായി

മാറുകയും പഞ്ചായത്ത് അടച്ച തുക അതത് സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയുമാണ്. മാത്രമല്ല കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യമേർപ്പെടുത്തുക എന്നീ പഞ്ചായത്തുകളുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്തിരിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | സ്ഥാപനം/ വർഷം/ഖണ്ഡിക | പ്രവൃത്തി | ഡെപ്പോസിറ്റ് തുക (രൂപ) | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാവിലുംപാറ 2003-04, 3/5 | കണ്ടൂതോട് ഏറക്കണ്ടി കുരുടൻ കടവ് കുടിവെള്ള പദ്ധതി. | 319367 | കേരള ജല അതോറിറ്റി | പൈപ്പ് ലൈൻ മാറ്റൽ പ്രവൃത്തിക്ക് 30.04.2004-ൽ തുക നിക്ഷേപിച്ചു. പ്രവൃത്തി ആരംഭിച്ചതിന് രേഖയില്ല. |
| 2 | ചെറുവണ്ണൂർ നല്ലളം 2003-04, 3/2 | വിവിധ പദ്ധതികൾ | 100880 | കെ.എസ്. ഇ. ബി | പ്രവൃത്തി നടത്തിയതിന്റെ വിശദാംശങ്ങൾ, പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 3 | മൂടാടി ഗ്രാമപഞ്ചായത്ത് 2003-04, 3/1 | നീലഞ്ചേരി മിത്തൽ ഹരിജൻ കോളനി വൈദ്യുതീകരണം | 142160 | കെ.എസ്. ഇ. ബി | നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 4 | രാമനാട്ടുകര 2002-03, 3/4 | ബംഗ്ലാവ് പറമ്പ് വാട്ടർ സപ്ലൈ സ്കീം | 48380 | കെ.എസ്. ഇ. ബി | 1. പൂർത്തീകരിച്ചിട്ടില്ല 2. 16775 രൂപ ചെലവഴിച്ച് പൈപ്പും അനുബന്ധ സാമഗ്രികളും വാങ്ങിയെങ്കിലും അവ ഉപയോഗിച്ചോ എന്ന് വ്യക്തമല്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.15]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

114. പരാമർശവിധേയമായ കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്നും പദ്ധതി പൂർത്തീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്നുമുള്ള കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

115. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്, മൂടാടി ഗ്രാമപഞ്ചായത്ത്, രാമനാട്ടുകര നഗരസഭ എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ പദ്ധതികൾ പൂർത്തീകരിക്കുകയും കെ.എസ്.ഇ.ബി.യിൽനിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**116. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കാവിലുംപാറ, ചെറുവണ്ണൂർ-നല്ലളം, മൂടാടി എന്നീ ഗ്രാമപഞ്ചായത്തുകളുമായും രാമനാട്ടുകര നഗരസഭയുമായും ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല

ജനകീയാസൂത്രണം, കേരള വികസന പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് അതത് സമയങ്ങളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ, പൊതുമരാമത്ത് ചട്ടങ്ങൾ, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കാതെ പദ്ധതി പണം ചെലവഴിച്ച നിരവധി കേസുകൾ കാണുന്നുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുക, ജില്ലാതല ടെക്നിക്കൽ കമ്മിറ്റി യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതെ ജലസേചന കിണറുകൾക്ക് സബ്സിഡി നൽകുക, ചട്ടവിരുദ്ധമായി

ബ്ലോക്ക് പഞ്ചായത്തുകൾ എസ്. ജി. ആർ. വൈ സ്കീമിൽ റോഡ് ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുക, ഡി.പി.സി.യുടെ അംഗീകാരത്തിന് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കുക, എന്നിവ ഉദാഹരണങ്ങളാണ്. ഇത്തരത്തിലുള്ള ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | സ്ഥാപനം/ വർഷം/ഖണ്ഡിക | ഇനം | ഉൾപ്പെട്ട തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|
| 1 | ബേപ്പൂർ 2002-03, 3/23 | മത്സ്യത്തൊഴിലാളികൾക്ക് കക്കൂസ് നിർമ്മാണ ധനസഹായം | 6000 | 12 പേർക്ക് 2000 രൂപയ്ക്ക് പകരം 2500 രൂപ വീതം പഞ്ചായത്ത് സബ്സിഡി നൽകി |
| 2 | കുന്ദമംഗലം 2003-04, 2/12 | പട്ടികജാതി യുവാക്കൾക്ക് തൊഴിൽ പരിശീലനം | 29400 | പട്ടം പറപ്പിച്ച് പരിശീലന പരിപാടിയ്ക്ക് 25% (8750 രൂപ) മുൻകൂർ നൽകി |
| 3 | കുന്ദമംഗലം 2003-04, 2/16 | മരാമത്ത് പ്രവൃത്തി | 210000 | കരാറുകാർക്ക് പ്രവൃത്തി അളവെടുത്ത് പാർട്ട് ബിൽ നൽകുന്നതിന് പകരം മുൻകൂർ അനുവദിച്ചു. (14 പ്രവൃത്തികൾ) (14x15000) |
| 4 | അത്തോളി 2004-05, 3/6 | കിണർ നിർമ്മാണം | 25000 | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കണമെന്ന നിബന്ധന പാലിച്ചില്ല |
| 5 | കുറ്റ്യാടി 2002-03, 3/1 | തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ | 24490 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി/മാറ്റി സ്ഥാപിക്കൽ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചു. |
| 6 | നന്മണ്ട 2002-03, 3/5 | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ | 79500 | ജി.ഒ(എം.എസ്)40/04 പ്ലാനിംഗ് തീയതി 30.03.2004 ഉത്തരവിന് വിരുദ്ധമായി കമ്മിറ്റി രൂപീകരിക്കാതെ കൃഷി ഓഫീസർ തുക വിതരണം ചെയ്തു. |
| 7 | തിരുവള്ളൂർ 2002-03, 3/14 | തെങ്ങുകയറ്റ തൊഴിലാളി ഇൻഷ്വറൻസ് | 17160 | സർക്കാർ ഉത്തരവ് 3/2001 പ്ലാനിംഗ് 13.02.2001 പ്രകാരം ഇൻഷ്വറൻസിന്റെ |

| | | | | |
|---|---|---|---|---|
| | | | | പ്രീമിയം ഒരാൾക്ക് 30 രൂപ പദ്ധതി വിഹിതം ചെലവഴിക്കാമെന്ന് പറയുന്നു. എന്നാൽ ഒരാൾക്ക് 60 രൂപ വീതം നൽകി. അധികം നൽകിയത് 8580 രൂപ. |
| 8 | അരിക്കളം 2003-04, 3/9 | കാർഷികാവശ്യത്തിന് കിണർ നിർമ്മാണം | 49740 | ജി.ഒ(എം.എസ്)20/02/ പ്ലാനിംഗ് 6/2002 ലെ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. |
| | 2003-04, 3/10 | കുടിവെള്ളം കിണർ നിർമ്മാണം (പട്ടികവർഗ്ഗക്കാർക്ക്) | 128000 | ” |
| 9 | പയ്യോളി 2003-04, 3/6 | മത്സ്യത്തൊഴിലാളികൾക്ക് ഓയിൽ സബ്സിഡി | 18000 | സ്വന്തം വള്ളം ഇല്ലാത്ത 9 പേർക്ക് 2000 രൂപ വീതം പ്രോജക്ട് നിർദ്ദേശത്തിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു. |
| 10 | തിക്കോടി 2003-04, 3/12 | ജലസേചന കിണർ (9 പേർക്ക്) | 45000 | ജലസേചന കിണറുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.16]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

117. ബേപ്പൂർ, അത്തോളി, കുറ്റ്യാടി, നന്മണ്ട തിരുവള്ളൂർ, അരിക്കളം, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളുമായും പയ്യോളി നഗരസഭയുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

118. പട്ടം വാംഗലിച്ച് തൊഴിൽ പരിശീലന പരിപാടിയ്ക്ക് മുൻകൂർ തുക നൽകി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരോട് സമിതി ആരാഞ്ഞു. പട്ടികജാതിക്കാരായ ആളുകളുടെ ഉന്നമനത്തിനായി പഞ്ചായത്ത് ആവിഷ്കരിച്ച ഒരു തൊഴിൽ പരിശീലന പദ്ധതി സംബന്ധിച്ചായിരുന്നു ഓഡിറ്റ് പരാമർശമെന്നും തൊഴിൽ പരിശീലനത്തിനുള്ള പണിസാധനങ്ങൾ വാങ്ങുന്നതിനായാണ് മുൻകൂർ തുക അനുവദിച്ചതെന്നും പട്ടികജാതിക്കാരായ 21 ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും തൊഴിലിൽ പ്രാവീണ്യം നേടുകയും ചെയ്തിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

119. മരാമത്ത് പ്രവൃത്തികൾക്കായി കരാറുകാർക്ക് പ്രവൃത്തിയുടെ അളവെടുത്ത് പാർട്ട് ബിൽ നൽകുന്നതിനുപകരം മുൻകൂർ അനുവദിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ 14 മരാമത്ത് പ്രവൃത്തികൾക്കായി 15,000 രൂപയാണ് മുൻകൂറായി നൽകിയതെന്നും ആയത് ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തതിനുശേഷമാണ് ബാക്കി തുക അനുവദിച്ചതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തധികൃതർ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തു.

## നിഗമനങ്ങളും ശിപാർശകളും

**120. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**121. കുന്ദമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി പാർട്ട് ബിൽ നൽകുന്നതിനുപകരം മുൻകൂർ അനുവദിച്ചുവെന്ന ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റി നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കിയില്ല**

ഗുണഭോക്തൃ സമിതി മുഖേന പദ്ധതികൾ നടത്തുന്നതിലേയ്ക്ക് മുൻകൂർ കൈപ്പറ്റിയ ശേഷം എഗ്രിമെന്റിൽ നിഷ്കർഷിക്കുന്ന തീയതിക്കുള്ളിൽ പണികൾ പൂർത്തിയാക്കാതെ മുടങ്ങിക്കിടക്കുന്ന ധാരാളം കേസുകൾ കാണുന്നുണ്ട്. ഒ.പി. നമ്പർ 1072/01 തീയതി 10.08.2001 ഓംബുഡ്സ്മാന്റെ വിധിയിൽ നിശ്ചിത തീയതിക്കുള്ളിൽ പ്രവൃത്തി ആരംഭിച്ചില്ലെങ്കിൽ കൺവീനർമാരിൽനിന്നും തുക തിരിച്ചുപിടിക്കേണ്ടതാണെന്നും നിശ്ചിത തീയതിക്കുമേൽ തുകയുടെ 18% പലിശ ചുമത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഗവൺമെന്റ് സർക്കുലർ നമ്പർ 10703/ഡി.പി.03/03/തസ്വഭവ തീയതി 27.03.2003 പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽനിന്നും അഡ്വാൻസ് തുക 12% പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതാണെന്നും പ്രസ്തുത തുക റവന്യൂ റിക്കവറി മുഖേന തിരിച്ചുപിടിക്കുമ്പോൾ 18% പലിശ ഈടാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മുൻകൂർ കൈപ്പറ്റി വർഷങ്ങളായിട്ടും യാതൊരു പ്രവൃത്തിയും നടക്കാത്ത കേസുകളുണ്ടായിട്ടും തുക തിരിച്ചുപിടിക്കാൻ യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

| | **സ്ഥാപനം/വർഷം/ ഖണ്ഡിക** | **പ്രവൃത്തി** | **മുൻകൂർ നൽകിയ തുക (രൂപ)** | **റിമാർക്സ്** |
|---|---|---|---|---|
| 1 | കൊടിയത്തൂർ 2002-03, 3(8) | വീട് റിപ്പയർ | 440000 | രണ്ട് കൺവീനർമാർക്കായി തുക നൽകി. ഗുണഭോക്തൃ ലിസ്റ്റില്ല. കരാർ, പൂർത്തീകരണ റിപ്പോർട്ട്, ചെലവ് വിവരം ഇല്ല. |
| 2 | കുന്ദമംഗലം 2003-04, 2(25) | എസ്.ജി.ആർ. വൈ പദ്ധതികൾ | 48933 | ആറ് കൺവീനർമാർക്ക് നൽകിയത് പൂർത്തീകരണ വിവരമില്ല. |
| 3 | നന്മണ്ട 2002-03 3(7) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി കോളനി റോഡ് പ്രവൃത്തി | 82286 | മുൻകൂർ കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കിയില്ല. |

| | | | | |
|---|---|---|---|---|
| 4 | കൂടരഞ്ഞി 2002-03, 3(5) | നടപ്പാത നിർമ്മാണം വി.സി.ബി റിപ്പയർ | 15000 | മുൻകൂർ കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കിയില്ല. |
| 5 | പയ്യോളി 2003-04, 3(11) | എസ്.ജി. ആർ.വൈ 2 പ്രവൃത്തികൾ | 5080 | മുൻകൂർ കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കിയില്ല. |
| 6 | തിക്കോടി 2004-05, 3(4) | എസ്.ജി. ആർ.വൈ 2 പ്രവൃത്തികൾ | 81250 | മുൻകൂറും പാർട്ട് ബില്ലും നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 7 | താമരശ്ശേരി 2002-03, 3(19) | പടിച്ചിക്കുന്ന് കുടിവെള്ള പദ്ധതി | 37500 | പൂർത്തീകരണ വിവരമില്ല |
| 8 | ഏറാമല്ലൂർ 2002-03, 3(4) | 6 പ്രവൃത്തികൾ | 197500 | വിവിധ അംഗനവാടി നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചില്ല. പുഞ്ചപ്പാടം ചിറ്റ് നിർമ്മാണം. |
| 9 | വില്ല്യാപ്പള്ളി 2000-01, 3(4) | 4 പ്രവൃത്തികൾ | 15189 | പാലം, തോട്, ഫുട്പാത്ത് തുടങ്ങിയ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയെങ്കിലും യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. |
| 10 | തിക്കോടി 2003-04, 3(6) | 4 കുടിവെള്ള പ്രവൃത്തികൾ | 80750 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 11 | തിക്കോടി 2003-04, 3(7) | ആനക്കുഴി ജലസേചന പദ്ധതി | 30000 | 31.01.2002-ൽ മുൻകൂർ കൈപ്പറ്റി. പ്രവൃത്തി നടത്തുകയോ തുക തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.17]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

122. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് അധികൃതരോട് സമിതി ആരാഞ്ഞപ്പോൾ വീട് റിപ്പയറിംഗുമായി ബന്ധപ്പെട്ട് രണ്ട് കൺവീനർമാർക്ക് 4,40,000/- രൂപ നൽകിയെങ്കിലും പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല എന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

123. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത രേഖകൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെടുന്നമുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതി നിർദ്ദേശിച്ചു.

124. കുന്ദമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന 6 പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ഒരാഴ്ചയ്ക്കകം തദ്ദേശസ്വയംഭരണ വകുപ്പിനും ഓഡിറ്റ് വകുപ്പിനും ലഭ്യമാക്കുന്നതുമാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

125. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നന്മണ്ട ഗ്രാമപഞ്ചായത്ത് അധികൃതരോട് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പട്ടികജാതി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മരാമത്ത് പ്രവൃത്തികൾക്കായി പണം മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ലെന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും നിലവിലും റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും മുൻകൂർ നൽകിയ തുക

ഈടാക്കുന്നതിനായി ആർ.ആർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പ്രവൃത്തി ഏറ്റെടുത്തിരുന്ന വിനോദൻ എന്ന ആൾക്കെതിരെ പഞ്ചായത്ത് കേസ് ഫയൽ ചെയ്തുവെങ്കിലും കോടതിവിധി അദ്ദേഹത്തിന് അനുകൂലമായിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

126. 2002-03 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തി പതിനഞ്ച് വർഷങ്ങൾക്കുശേഷവും പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല എന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ലെന്നും, പട്ടിക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പട്ടികജാതി കോളനിയിലേയ്ക്കുള്ള ഒരു റോഡിന്റെ സ്ഥിതി ഇത്തരത്തിലാവുന്നത് അംഗീകരിക്കുവാനാകില്ലെന്നും, ഗ്രാമപഞ്ചായത്ത് മുൻകൂർ തുക നൽകിയിട്ടുപോലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത എതിർകക്ഷിയ്ക്ക് അനുകൂലമായി കോടതി വിധി വന്നത് കേസ് നടപടികൾ വേണ്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ച മൂലമാണോ എന്ന് സംശയിക്കേണ്ടി വരുന്നതായും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടു. കൂടാതെ കേസ് നടത്തിപ്പിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും വിധത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യവും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടു.

127. പട്ടികജാതി കോളനിയിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി റോഡ് സഞ്ചാരയോഗ്യമാക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിച്ചു.

128. കൂടരഞ്ഞി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കൺവീനർമാർ മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും പിന്നീട് പ്രവൃത്തികൾ ഉപേക്ഷിച്ചതിനെത്തുടർന്ന് ആയത് മറ്റൊരാളെ ഏൽപ്പിക്കുകയാണ് ചെയ്തതെന്നും മുൻകൂറായി നൽകിയ തുക പഞ്ചായത്ത്

പിന്നീട് ഈടാക്കിയിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെയും ഭരണ വകുപ്പിന് നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

129. പയ്യോളി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ മുൻകൂർ തുക കൈപ്പറ്റിയ കൺവീനർമാരെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും അവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും നഗരസഭാ സെക്രട്ടറി മറുപടി നല്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരസഭാ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ട് തൃപ്തികരമാണെന്ന ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെയും നഗരസഭ സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

130. തിക്കോടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ രണ്ട് എസ്.ജി.ആർ.വൈ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പരാമർശവിധേയമായ പടവത്തകുനി നടപ്പാതയുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, മരത്തിൽമുക്ക് കിടങ്ങിനിക്കുന്ന് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്കെതിരെ സ്വീകരിച്ചിരുന്ന ആർ.ആർ നടപടികൾ പൂർത്തിയാക്കുകയും തുക തിരിച്ച് ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തധികൃതർ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

131. നാല് കുടിവെള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ നാല് കുടിവെള്ള പ്രവൃത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും ഇതിൽ മന്ദത്ത് പറമ്പ്

കുടിവെള്ള പദ്ധതി, ശക്തിമന്ദിരം കിണർ റിപ്പയറിംഗ്, വാരിക്കോളിതാഴം ലക്ഷം വീട് തുടങ്ങിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പുതുക്കോളി വാട്ടർ ടാങ്ക് നിർമ്മാണ പദ്ധതിയുടെ കൺവീനർ മരണപ്പെട്ടതിനാൽ മുൻകൂറായി നൽകിയ 31,000 രൂപ ഈടാക്കുവാൻ സാധിച്ചിട്ടില്ലെന്നും തിക്കോടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

132. ആനക്കുഴി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പരാമർശവിധേയമായ ആനക്കുഴി ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് 120000 രൂപയായിരുന്നുവെന്നും അതിൽ 30000 രൂപ മുൻകൂറായി നൽകിയെങ്കിലും 23,100 രൂപയുടെ പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ശേഷിച്ച തുക റവന്യൂ റിക്കവറിയിലൂടെ കരാറുകാരനിൽനിന്നും ഈടാക്കിയിട്ടുണ്ടെന്നും ജലസേചന പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ലെന്നും തിക്കോടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

133. കരാർ ലംഘിച്ച് പ്രവൃത്തി ആരംഭിച്ചശേഷം പാതിവഴിയിൽ നിർത്തിപ്പോകുന്ന കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് അയാളിൽനിന്നും തുക ഈടാക്കി പദ്ധതി പൂർത്തീകരിക്കണമെന്നിരിക്കെ അതിനുവിരുദ്ധമായി മുൻകൂർ തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാതെ ഇടയ്ക്ക് വെച്ച് ഉപേക്ഷിച്ചുപോയ കരാറുകാരനിൽനിന്നും മുൻകൂർ നൽകിയ തുക മാത്രം തിരികെ ഈടാക്കി അയാളെ ബാധ്യതയിൽനിന്നും ഒഴിവാക്കിയ ഗ്രാമപഞ്ചായത്ത് അധികൃതരുടെ നിരുത്തരവാദപരമായ സമീപനത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി പൊതുധന വിനിയോഗത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ആശങ്കാജനകമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഭരണ വകുപ്പിന് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിഷ്കർഷിച്ചു.

134. താമരശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പരാമർശവിധേയമായ പടിച്ചിക്കുന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് നിലവിൽ പദ്ധതി

പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട ബിൽ, അളവ് പുസ്തകം തുടങ്ങിയവ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖകൾ ഒരാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ട സമിതി ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

135. ഏറത്തുരുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഏറത്തൂർ നിലവിൽ കോഴിക്കോട് കോർപ്പറേഷന്റെ ഭാഗമാണെന്നും പരാമർശവിധേയമായ അംഗനവാടി കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, പുഞ്ചപ്പാടം ചീർപ്പ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ മുൻകൂർ നൽകിയ തുക തിരിച്ചീടാക്കിയിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

136. വില്യാപ്പള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പാലം, തോട്, ഫുട്പാത്ത് എന്നിവ ഉൾപ്പെടെ മുൻകൂർ നൽകിയ നാല് പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 29/09/2011-ൽ ഭരണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എന്നാൽ പരാമർശവിധേയമായ നാല് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതായി ഭരണ സമിതിയ്ക്ക് ബോദ്ധ്യപ്പെട്ട എന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളതെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഭരണസമിതി പ്രമേയം പാസാക്കി വകുപ്പിനെ അറിയിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും പ്രവൃത്തിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച ബിൽ, എം. ബുക്ക് തുടങ്ങിയവയാണ് ഹാജരാക്കേണ്ടതെങ്കിലും ഇവയൊന്നും ഹാജരാക്കിയിട്ടില്ലെന്നും

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഭരണ സമിതി തീരുമാനം എടുത്ത് അറിയിക്കുന്നതായിരിക്കും ഉചിതമെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ട സമിതി ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെടുന്നമുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനങ്ങളും ശിപാർശകളും

**137. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, പയ്യോളി നഗരസഭ, തിക്കോടി ഗ്രാമപഞ്ചായത്തിലെ 4 കുടിവെള്ള പ്രവൃത്തികൾ, ഏലത്തൂർ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**138. കൊടിയത്തൂർ, കുന്ദമംഗലം, താമരശ്ശേരി, വില്യാപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ, തിക്കോടി ഗ്രാമപഞ്ചായത്തിലെ രണ്ട് എസ്.ജി. ആർ.വൈ പ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ പരിഹരിച്ചതായി പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അറിയിച്ചിരുന്നുവെങ്കിലും അതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സങ്ങൾ പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**139. നന്മണ്ട ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനിയിലേക്കുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർ തുക മുൻകൂർ കൈപ്പറ്റിയിരുന്നുവെങ്കിലും നാളിതുവരെ റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും, പ്രവൃത്തിയുടെ കൺവീനർക്ക് എതിരെ ഗ്രാമപഞ്ചായത്ത് അധികൃതർ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കോടതി വിധി ടിയാന് അനുകൂലമായിരുന്നുവെന്നും, മുൻകൂർ നൽകിയ തുക തിരിച്ചുപിടിക്കുന്ന**

തിനായി നിലവിൽ ആർ.ആർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും സമിതി നിരീക്ഷിക്കുന്നു.2002-03 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തി പതിനെട്ട് വർഷങ്ങൾക്കുശേഷവും നാളിതുവരെ പൂർത്തിയാക്കുവാൻ സാധിച്ചില്ല എന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ലെന്നും പട്ടിക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പട്ടികജാതി കോളനിയിലേക്കുള്ള ഒരു റോഡിന്റെ സ്ഥിതി ഇത്തരത്തിലാവുന്നത് അംഗീകരിക്കുവാനാകില്ലെന്നും ഗ്രാമപഞ്ചായത്ത് മുൻകൂർ തുക നൽകിയിട്ടുപോലും പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കൺവീനർക്ക് അനുകൂലമായി കോടതി വിധി വന്നത് കേസ് നടപടികൾ കൈകാര്യം ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചമൂലമാണോ എന്ന് സംശയിക്കേണ്ടി വരുന്നതായും സമിതി അഭിപ്രായപ്പെടുന്നു.

140. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിക്കുന്നു. കൂടാതെ കേസ് നടത്തിപ്പിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും വിധത്തിലുള്ള

വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യവും പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പട്ടികജാതി കോളനിയിലേക്കുള്ള റോഡ് നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി റോഡ് സഞ്ചാരയോഗ്യമാക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നന്മണ്ട ഗ്രാമപഞ്ചായത്ത് അധികൃതരോട് നിഷ്കർഷിക്കുന്നു.

141. തിക്കോടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ആനക്കുഴി ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് 1,20,000/- രൂപയായിരുന്നുവെന്നും അതിൽ 30,000/- രൂപ മുൻകൂറായി നൽകിയിരുന്നുവെങ്കിലും 23,100/- രൂപയുടെ

പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ശേഷിച്ച തുക ആർ.ആർ നടപടിയിലൂടെ കരാറുകാരിൽനിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും പരാമർശ വിധേയമായ ജലസേചന പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.

142. കരാർ ചമച്ച് പ്രവൃത്തി ആരംഭിച്ചശേഷം ഇടയ്ക്കുവെച്ച് നിർത്തിപ്പോകുന്ന കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കി പദ്ധതി പൂർത്തീകരിക്കണമെന്നിരിക്കെ അതിന് വിരുദ്ധമായി മുൻകൂർ തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചുപോയ കരാറുകാരനിൽനിന്നും മുൻകൂർ നൽകിയ തുക മാത്രം ഈടാക്കി അയ്യാളെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കിയ ഗ്രാമപഞ്ചായത്ത് അധികൃതരുടെ നിരുത്തരവാദപരമായ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതിപ്പണ വിനിയോഗത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഇത്തരം വീഴ്ചകളെ സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് തിക്കോടി ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ പിഴവുകൾ ആശങ്കാജനകമാണെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021, ജനുവരി 18

## അനുബന്ധം I

## പ്രധാന നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണം | 3 | വളയം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിൽ നെയ്ത്തുശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് വക കെട്ടിടം കൈമാറിയ അവസരത്തിൽ ഖാദി ബോർഡുമായി ഏതെങ്കിലും വിധത്തിലുള്ള കരാറുകൾ ചമച്ചിരുന്നോ എന്ന കാര്യത്തിൽ നിലവിലും അവ്യക്തത നിലനിൽക്കുകയാണെന്ന് സമിതി നിരീക്ഷിക്കുന്നു. സർക്കാർ വക കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്കായി കൈമാറുമ്പോൾ കരാർ ചമയ്ക്കേണ്ടത് അത്യാവശ്യമാണെന്നിരിക്കെ, അതിന് വിരുദ്ധമായി കൃത്യമായ കരാർ വ്യവസ്ഥകളൊന്നുമില്ലാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഖാദി ബോർഡിന് കൈമാറിയ പഞ്ചായത്തധികൃതരുടെ നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടം ഖാദി ബോർഡിന് കൈമാറിയപ്പോൾ ഏതെങ്കിലും വിധത്തിലുള്ള കരാർ ചമച്ചിരുന്നോയെന്നതും, ഉണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടോയെന്നതും സംബന്ധിച്ച് പരിശോധന നടത്തി ഒരാഴ്ചയ്ക്കകം മറുപടി ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നിട്ടും ആയത് യഥാസമയം ലഭ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്തും തദ്ദേശസ്വയംഭരണ വകുപ്പും വീഴ്ച വരുത്തിയിരിക്കുന്നു. ആയതിനാൽ സമിതി നിർദ്ദേശം അടിയന്തരമായി പാലിച്ച് പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2. | ,, | 6 | വേളം ഗ്രാപഞ്ചായത്ത് 40,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച കളിമൺ പാത്രനിർമ്മാണ യൂണിറ്റിന്റെയും, കായക്കൊടി ഗ്രാമപഞ്ചായത്ത് 38,200/- രൂപ |

| | | | |
|---|---|---|---|
| | | | ചെലവഴിച്ച് സ്ഥാപിച്ച ബേക്കറി നിർമ്മാണ യൂണിറ്റിന്റെയും പ്രവർത്തനം നിലവിൽ നിലച്ചിരിക്കുകയാണെന്ന ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3. | തദ്ദേശസ്വയംഭരണം | 12, 13 | 12. കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കാർഷികയന്ത്രവൽകരണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ലെന്നും പദ്ധതികൾക്കായി ചെലവഴിച്ച തുക പാഴായിപോയെന്നുമുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കക്കോടി, തൂണേരി എന്നീ ഗ്രാമപഞ്ചായത്തുകളെ പ്രസ്തുത ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 13. കാർഷിക യന്ത്രവൽകരണ പദ്ധതിയുമായി ബന്ധപ്പെട്ട് കുറ്റ്യാടി ഗ്രാമപഞ്ചായത്ത് വാങ്ങിയ പവർ ടില്ലർ നിലവിൽ ഊരത്ത് പാടശേഖര സമിതി ഉപയോഗിച്ചുവരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ പരാമർശവിധേയമായ പവർ ടില്ലർ നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 4. | തദ്ദേശസ്വയംഭരണം | 15 | കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പിലാക്കിയിട്ടും കണക്ക് സൂക്ഷിപ്പിലും മറ്റും അപാകങ്ങൾ തുടരുന്നുവെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ആറ് ഗ്രാമപഞ്ചായത്തുകളിലും നിലവിൽ പുതിയ അക്കൗണ്ടിംഗ് ഫോർമാറ്റ് പ്രകാരമുള്ള രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും, ധനവിനിമയത്തിൽ കൃത്യതയും സുതാര്യതയും ഉറപ്പാക്കിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 5. | ” | 17 | ബഡ്ജറ്റുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ആറ് ഗ്രാമപഞ്ചായത്തുകളിലും ഓഡിറ്റ് വകുപ്പ് ഉന്നയിച്ചിരുന്ന ന്യൂനതകളെല്ലാം നിലവിൽ പരിഹരിച്ചിട്ടുണ്ടെന്നുള്ള ഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ആറ് പഞ്ചായത്തുകളിലെയും അംഗീകരിച്ച ബഡ്ജറ്റിന്റെ പകർപ്പ് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ” | 23, 24, 25, 26 | 23. നികുതികളും മറ്റ് വരവുകളും പിരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന അലംഭാവംമൂലം അവയുടെ തനത് വരവിൽ കുടിശ്ശിക പെരുകുന്നുവെന്ന ഓഡിറ്റ് നിരീക്ഷണവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ഗ്രാമപഞ്ചായത്തുകളിൽ കുരുവട്ടൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ ഗ്രാമപഞ്ചായത്തുകളൊഴികെ ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ കെട്ടിട നികുതിയും തൊഴിൽ നികുതിയും കൃത്യമായി പിരിച്ചെടുത്തിട്ടുണ്ടെന്നും, ടി ഗ്രാമപഞ്ചായത്തുകളെല്ലാം നിലവിൽ നികുതി |

| | | | |
|---|---|---|---|
| | | | പിരിവിൽ 100% കൈവരിച്ചിട്ടുമുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കരുവട്ടൂർ, ചെറുവണ്ണൂർ-നല്ലളം ഒഴികെയുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളെ ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 24. കരുവട്ടൂർ ഗ്രാമപഞ്ചായത്ത് 2000-2001 ലെ നികുതി കുടിശ്ശിക പിരിച്ചെടുത്തില്ലെന്നതായിരുന്ന ഓഡിറ്റ് പരാമർശമെന്നും ആയത് തുടർന്നുള്ള വർഷങ്ങളിൽ പിരിച്ചെടുത്തിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് കരുവട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 25. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിനെ കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം പരാമർശവിധേയമായ കുടിശ്ശികത്തുകകൾ എഴുതി തള്ളുന്നതിനായി സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ പഞ്ചായത്തധികൃതരുടെ പ്രസ്തുത തീരുമാനം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നാളിതുവരെ അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രത്യേക സാഹചര്യങ്ങളിൽ നികുതിയിനങ്ങളിലെ കുടിശ്ശിക ഒഴിവാക്കി കൊടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെല്ലാം കൃത്യമായി പാലിച്ചിരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| | | | 26. എന്നാൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് നികുതിയിനങ്ങളിലെ കുടിശ്ശിക ഒഴിവാക്കി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുപോലും നാളിതുവരെ അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തധികൃതർ കുടിശ്ശിക ഒഴിവാക്കി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെല്ലാം കൃത്യമായി പാലിച്ചിരുന്നോ എന്ന കാര്യത്തിൽ നിലവിലും അവ്യക്തത നിലനിൽക്കുകയാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 7 | തദ്ദേശസ്വയംഭരണം | 35, 36, 37 | 35. ഓഡിറ്റ് വകുപ്പ് തടസ്സമായി ഉന്നയിച്ചിരുന്ന ന്യൂനതകൾ പരിഹരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറാമല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 36. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മൂടാടി ഗ്രാമപഞ്ചായത്ത് ഒഴികെ ശേഷിക്കുന്ന ബേപ്പൂർ, അഴിയൂർ, ചെറുവണ്ണൂർ, വാണിമേൽ, മേപ്പയ്യൂർ എന്നീ അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 37. മൂടാടി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറക്ക് ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 8 | തദ്ദേശസ്വയംഭരണം | 39 | തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | ,, | 42, 43 | 42. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ 27 ഗ്രാമപഞ്ചായത്തുകളെയും ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 43. ഗ്രാമപഞ്ചായത്തുകളെ കോർപ്പറേഷനുകളിലേയ്ക്കോ, മുനിസിപ്പാലിറ്റികളിലേയ്ക്കോ ലയിപ്പിക്കുന്ന അവസരത്തിൽ തന്നെ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി അത് സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷനുകൾക്ക്/മുനിസിപ്പാലിറ്റികൾക്ക് നൽകണമെന്നിരിക്കെ അതിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തുകളുടെ ബാധ്യതകൾ മുഴുവൻ എഴുതിതള്ളുന്ന പ്രവണതയാണ് സംസ്ഥാനത്ത് പൊതുവായി നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ലയനത്തിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ പേരിലുള്ള ബാധ്യതകളെല്ലാം സ്വാഭാവികമായും കോർപ്പറേഷന്റേത്/ മുനിസിപ്പാലിറ്റിയുടേത് ആയി മാറ്റേണ്ടതാണെന്നും, കുടിശ്ശികകളെല്ലാം തിരിച്ച് പിടിക്കേണ്ടത് പിന്നീട് അവരുടെ ഉത്തരവാദിത്തമാണെന്നും, അതിനുപകരം ബാധ്യതകളെല്ലാം ഒഴിവാക്കി നൽകുന്ന നടപടി തികച്ചും ക്രമരഹിതവും നിയമവിരുദ്ധമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | തദ്ദേശസ്വയംഭരണം | 50, 51, 52, 53 | 50. താമരശ്ശേരി ഗ്രാമപഞ്ചായത്ത് കെട്ടിടവാടകയിനത്തിൽ കുടിശ്ശിക വരുത്തിയവർക്കുതന്നെ വീണ്ടും വാടകയ്ക്ക് മുറികൾ അനുവദിച്ചുവെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | കടിശ്ശികക്കാർക്ക് വീണ്ടും മുറികൾ അനുവദിക്കാതിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെന്നിരിക്കെ, അതിന് വിപരീതമായി കടിശ്ശികക്കാർക്ക് തന്നെ വീണ്ടും മുറി അനുവദിച്ച പഞ്ചായത്ത് ഭരണസമിതിയുടെ നടപടി തികച്ചും ക്രമരഹിതമാണെന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി അത്തരത്തിൽ നിയമ വിരുദ്ധമായ തീരുമാനം കൈക്കൊണ്ടപ്പോൾ അതിലെ നിയമസാധുതയില്ലായ്മ ചൂണ്ടിക്കാണിച്ച് അവരെ തിരുത്തേണ്ടത് ഗ്രാമപഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയായിരുന്നുവെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ കൃത്യവിലോപത്തിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം പിഴവുകൾ ആവർത്തിക്കരുതെന്ന താക്കീതോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 51. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിയൂർ, നന്മണ്ട, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 52. കോഴിക്കോട് താലൂക്കിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ 1992-93, 1997-98 എന്നീ വർഷങ്ങളിൽ നടത്തിയ മണൽ ലേലവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലേലം നടത്തിയ തഹസിൽദാറിൽനിന്നും |

| | | | |
|---|---|---|---|
| | | | നാളിതുവരെ ലഭിച്ചിട്ടില്ലെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ നടത്തിയ കത്തിടപാടുകൾക്ക് തഹസിൽദാർ നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പെരുവയൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ലേലത്തുക അക്കാലയളവിലെ തഹസിൽദാറിൽനിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടി റവന്യൂ വകുപ്പ് മുഖേന സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 53. മാവൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | തദ്ദേശസ്വയംഭരണം | 55 | പരാമർശവിധേയമായ 15 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | തദ്ദേശസ്വയംഭരണം | 57 | പരാമർശവിധേയമായ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | ” | 59 | സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടെന്നും പൈപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വെള്ളക്കരം അടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3500 രൂപയാണ് അടയ്ക്കുന്നതെന്നുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയും ഓഡിറ്റ് തടസ്സമായി ഉന്നയിക്കുന്ന വസ്തുക്കൈമാറ്റത്തീരുവ 2000 മുതൽ നിലവിലില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൂടരഞ്ഞി, തിരുവള്ളൂർ, കുരുവട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ വെള്ളക്കരമിനത്തിൽ അധിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | ” | 61 | ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 15 | തദ്ദേശസ്വയംഭരണം | 63 | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും കെ.എസ്.ഇ.ബി.യുമായി ചേർന്ന് നിർദ്ദിഷ്ട ഇടവേളകളിൽ പരിശോധന നടത്തണമെന്നും തെരുവ് വിളക്കുകളുടെ എണ്ണം/ഇനം സംബന്ധിച്ച രജിസ്റ്ററുകളും ചെലവ് സംബന്ധിച്ച രസീതും വിനിയോഗ വിവരങ്ങൾ സംബന്ധിച്ച രേഖകളും കൃത്യമായി പരിപാലിക്കണമെന്നും എല്ലാ പഞ്ചായത്തുകളിലും മീറ്റർ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | ” | 66, 67 | 66. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് താമരശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>67. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | ” | 74, 75, 76, 77, 78 | 74. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ തദ്ദേശസ്വയം ഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് ഭരണ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ അടിയന്തരമായി തദ്ദേശസ്വയം ഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.<br>75. പെരുവയൽ ഗ്രാമപഞ്ചായത്തിന് പദ്ധതി ലക്ഷ്യം കൈവരിക്കുവാനാകാത്തതിനാൽ പദ്ധതിത്തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | 76. അരിക്കുളം ഗ്രാമപഞ്ചായത്ത് അഞ്ച് സംരംഭങ്ങൾ തുടങ്ങുന്നതിനായി 5,07,807/- രൂപ അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത സംരംഭങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഞ്ചായത്തിന്റെ കൈവശം യാതൊരു രേഖകളും നിലവിലില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. |
| | | | 77. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിന് നൽകിയ മറുപടി തീർത്തും നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെടുകയും അതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. അഞ്ച് ലക്ഷത്തിലേറെ തുക ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം സംരംഭങ്ങൾക്കായി അനുവദിച്ച തുക തിരിച്ചടവാക്കിയിട്ടുണ്ടോ, അതിനായി പഞ്ചായത്ത് അധികൃതർ നാളിതുവരെ സ്വീകരിച്ച നടപടികൾ, പ്രസ്തുത വിഷയത്തിൽ ഭരണ വകുപ്പ് സ്വീകരിച്ച നിലപാട് എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം ഓഡിറ്റ് തടസ്സം സംബന്ധിച്ച് നിരുത്തരവാദപരമായ മറുപടി നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| | | | 78. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം സമിതി അംഗീകരിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ ഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് ഭരണ വകുപ്പ് അധികൃതർ അറിയിച്ചിതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം ലഭ്യമാക്കണമെന്ന് സമിതി ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. |
| 18 | തദ്ദേശസ്വയംഭരണം | 81 | 81. കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ചെലവായ തുക ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്നതിനു പകരം പഞ്ചായത്തുകൾ തന്നെ അടവാക്കിയതിലൂടെ ജനങ്ങളുടെ നികുതിപ്പണം വകമാറ്റി ചെലവഴിക്കുകയാണുണ്ടായതെന്നും പൊതുധനവിനിയോഗത്തിൽ വരുത്തുന്ന ഇത്തരം വകമാറ്റലുകൾ ഗുരുതരവും ആയത് അവസാനിപ്പിക്കപ്പെടേണ്ട താണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ ഏഴ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | " | 85, 86 | 85. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി, പെരുവയൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 86. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കാരശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശവിധേയമായ കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടെന്നാണ് അറിയിച്ചിരുന്നതെങ്കിലും, അതിന് വിരുദ്ധമായി പദ്ധതിയുമായി ബന്ധപ്പെട്ട് 66,223/- രൂപ കൂടി പിരിച്ചെടുക്കുവാൻ ശേഷിക്കുന്നുണ്ടെന്ന റിപ്പോർട്ടാണ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശികത്തുക തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി കാരശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു. |
| 20 | തദ്ദേശസ്വയംഭരണം | 99, 100, 101, 102, 103 | 99. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഉണ്ണികുളം, പനങ്ങാട്, തിക്കോടി, ചാത്തമംഗലം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകളുമായും പയ്യോളി നഗരസഭയുമായും ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 100. കാർഷിക യന്ത്രവൽകരണ പദ്ധതിയുമായി ബന്ധപ്പെട്ട് രാമനാട്ടുകര നഗരസഭ പാടശേഖര സമിതിയ്ക്ക് കൈമാറിയ കാർഷിക യന്ത്രങ്ങൾ കാലപ്പഴക്കംമൂലം നിലവിൽ പ്രവർത്തനരഹിതമാണെന്നും, അവ കണ്ടം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും പ്രസ്തുത യന്ത്രങ്ങളുടെ ആർ.സി ബുക്കും മറ്റ് രേഖകളും ഹാജരാക്കുവാൻ സാധിക്കാതിരുന്നതിനാൽ അതിന് കഴിയാത്ത സാഹചര്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഓഡിറ്റ് തടസ്സത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് അധികൃതർ തയ്യാറായത് നിയമസഭാ സമിതിയോഗത്തിന് മുന്നോടിയായി മാത്രമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. |
| | | | 101. കാർഷികയന്ത്രങ്ങളുടെ ആർ.സി ബുക്കും മറ്റ് രേഖകളുമടങ്ങിയ ഫയൽ സൂക്ഷിക്കുന്നതിൽ നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും സംഭവിച്ച കുറ്റകരമായ അനാസ്ഥയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ നഷ്ടപ്പെടുവാനിടയായ സാഹചര്യവും, |

| | | | |
|---|---|---|---|
| | | | ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറണമെന്ന് സമിതി രാമനാട്ടുകര നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. കൂടാതെ പരാമർശവിധേയമായ യന്ത്രങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായെങ്കിൽ മാത്രമേ അവ ലേലം ചെയ്യുന്നതിന് സാധിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത യന്ത്രങ്ങളുടെ ഡ്യൂപ്ലിക്കേറ്റ് രേഖകൾ ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് അപേക്ഷ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. |
| | | | 102. ഏലത്തൂരിലെ പാടശേഖര സമിതിയുടെ നിലവിലെ പ്രവർത്തനം, ടില്ലറിന്റെ നിലവിലെ സ്ഥിതി, ടില്ലർ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഏലത്തൂർ സോണൽ റവന്യൂ ഓഫീസറോട് നിർദ്ദേശിക്കുന്നു. |
| | | | 103. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ കാർഷികയന്ത്രവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ ട്രാക്ടറും ട്രെയിലറും കാലപ്പഴക്കത്തെത്തുടർന്ന് പ്രവർത്തനരഹിതമാണെന്നും, അവ ലേലം ചെയ്യുന്നതിനായി 2012-ൽ ഭരണ സമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും പ്രസ്തുത യന്ത്രങ്ങളുടെ ആർ.സി ബുക്ക് നഷ്ടപ്പെട്ടുപോയിരുന്നതിനാൽ അവ കണ്ടെത്തിയശേഷം 2018-ൽ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. പ്രവർത്തനരഹിതമായ കാർഷികയന്ത്രങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കി, ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കണമെന്ന് സമിതി കുന്നമ്മൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. |
| 21 | തദ്ദേശസ്വയംഭരണം | 107 | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ കുന്ദമംഗലം, അഴിയൂർ, നന്മണ്ട, തിക്കോടി, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | " | 111, 112, 113 | 111. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിൽ ആരംഭിച്ച ഫാഷൻ ഡിസൈനിംഗ് യൂണിറ്റിന്റെയും തയ്യൽ മെഷീൻ യൂണിറ്റിന്റെയും പ്രവർത്തനം ലാഭകരമല്ലാത്ത കാരണത്താൽ ഒരു വർഷത്തിനുള്ളിൽത്തന്നെ നിർത്തിവച്ചിരുന്നുവെന്നും പിന്നീട് അവിടെ ആരംഭിച്ച കുടുംബശ്രീ യൂണിറ്റിന്റെയും പ്രവർത്തനം പല കാരണങ്ങളാൽ നിലച്ചുവെന്നും വ്യവസായ എസ്റ്റേറ്റിൽ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഭരണസമിതി ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും അതിന് തയ്യാറായി ആരും മുന്നോട്ട് വന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിച്ചിരുന്ന തയ്യൽ മെഷീൻ യൂണിറ്റിനായി വാങ്ങിയ 19 തയ്യൽ മെഷീനുകളുടെ നിലവില സ്ഥിതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സാധിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| | | | 112. വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ ഏറ്റെടുക്കുന്നതിനായി സംരംഭകരെ കണ്ടെത്തിയശേഷം മാത്രം പ്രസ്തുത വ്യവസായ യൂണിറ്റുകൾക്കായുള്ള |

| | | | |
|---|---|---|---|
| | | | യന്ത്രോപകരണങ്ങളും മറ്റും വാങ്ങുന്നതാണ് ഉചിതമെന്നും, അതിന് വിരുദ്ധമായി വ്യവസായ യൂണിറ്റുകൾക്കായുള്ള യന്ത്രങ്ങളും മറ്റും വാങ്ങിയശേഷം, അവ ഏറ്റെടുക്കുന്നതിനായി സംരംഭകർ ഇല്ലാത്ത കാരണത്താൽ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയാതെ വരുകയും യന്ത്രോപകരണങ്ങളും മറ്റും നശിച്ചുപോവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ സംജാതമായിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുധന വിനിയോഗത്തിൽ വരുത്തുന്ന ഇത്തരം പിഴവുകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നതുമാണെന്നും അഭിപ്രായപ്പെടുന്നതോടൊപ്പം മേലിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 113. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തയ്യൽ മെഷീൻ യൂണിറ്റിനായി വാങ്ങിയ 19 തയ്യൽ മെഷീനുകൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും പരാമർശവിധേയമായ വ്യവസായ എസ്റ്റേറ്റിൽ കുടുംബശ്രീയുടെ സഹകരണത്തോടെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിക്കുമോയെന്നും പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 23 | തദ്ദേശസ്വയംഭരണം | 116 | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കാവിലുംപാറ, ചെറുവണ്ണൂർ-നല്ലളം, മൂടാടി എന്നീ ഗ്രാമപഞ്ചായത്തുകളുമായും രാമനാട്ടുകര |

| | | | |
|---|---|---|---|
| | | | നഗരസഭയുമായും ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 24 | ” | 120, 121 | 120. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 121. കുന്ദമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി പാർട്ട് ബിൽ നൽകുന്നതിനുപകരം മുൻകൂർ അനുവദിച്ചുവെന്ന ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 25 | ” | 137, 138, 139, 140, 141, 142 | 137. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, പയ്യോളി നഗരസഭ, തിക്കോടി ഗ്രാമപഞ്ചായത്തിലെ 4 കുടിവെള്ള പ്രവൃത്തികൾ, ഏലത്തൂർ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 138. കൊടിയത്തൂർ, കുന്ദമംഗലം, താമരശ്ശേരി, വില്യാപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ, തിക്കോടി ഗ്രാമപഞ്ചായത്തിലെ രണ്ട് എസ്.ജി. ആർ.വൈ പ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ പരിഹരിച്ചതായി പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അറിയിച്ചിരുന്നുവെങ്കിലും അതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സങ്ങൾ പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 139. നന്മണ്ട ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനിയിലേക്കുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർ തുക മുൻകൂർ കൈപ്പറ്റിയിരുന്നുവെങ്കിലും നാളിതുവരെ റോഡ് നിർമ്മാണം പൂർത്തീകരി ച്ചിട്ടില്ലെന്നും, പ്രവൃത്തിയുടെ കൺവീനർക്ക് എതിരെ ഗ്രാമപഞ്ചായത്ത് അധികൃതർ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കോടതി വിധി ടിയാന് അനുകൂലമായിരുന്നുവെന്നും, മുൻകൂർ നൽകിയ തുക തിരിച്ചുപിടിക്കുന്ന തിനായി നിലവിൽ ആർ.ആർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും സമിതി നിരീക്ഷിക്കുന്നു. 2002-03 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തി പതിനെട്ട് വർഷങ്ങൾക്കുശേഷവും നാളിതുവരെ പൂർത്തിയാക്കുവാൻ സാധിച്ചില്ല എന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ലെന്നും പട്ടിക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പട്ടികജാതി കോളനിയിലേക്കുള്ള ഒരു റോഡിന്റെ സ്ഥിതി ഇത്തരത്തിലാവുന്നത് അംഗീകരിക്കുവാനാകില്ലെന്നും ഗ്രാമപഞ്ചായത്ത് മുൻകൂർ തുക നൽകിയിട്ടുപോലും പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കൺവീനർക്ക് അനുകൂലമായി കോടതി വിധി വന്നത് കേസ് നടപടികൾ കൈകാര്യം ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചമൂലമാണോ എന്ന് സംശയിക്കേണ്ടി വരുന്നതായും സമിതി അഭിപ്രായപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | 140. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിക്കുന്നു. കൂടാതെ കേസ് നടത്തിപ്പിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും വിധത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യവും പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പട്ടികജാതി കോളനിയിലേക്കുള്ള റോഡ് നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി റോഡ് സഞ്ചാരയോഗ്യമാക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നന്മണ്ട ഗ്രാമപഞ്ചായത്ത് അധികൃതരോട് നിഷ്കർഷിക്കുന്നു. |
| | | | 141. തിക്കോടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ആനക്കുഴി ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് 1,20,000/- രൂപയായിരുന്നുവെന്നും അതിൽ 30,000/- രൂപ മുൻകൂറായി നൽകിയിരുന്നുവെങ്കിലും 23,100/- രൂപയുടെ പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ശേഷിച്ച തുക ആർ.ആർ നടപടിയിലൂടെ കരാറുകാരിൽനിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും പരാമർശ വിധേയമായ ജലസേചന പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. |
| | | | 142. കരാർ ചമച്ച് പ്രവൃത്തി ആരംഭിച്ചശേഷം ഇടയ്ക്കുവെച്ച് നിർത്തിപ്പോകുന്ന കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കി പദ്ധതി പൂർത്തീകരിക്കണമെന്നിരിക്കെ അതിന് വിരുദ്ധമായി മുൻകൂർ തുക കൈപ്പറ്റി പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചുപോയ കരാറുകാരനിൽ നിന്നും മുൻകൂർ നൽകിയ തുക മാത്രം ഈടാക്കി അയ്യാളെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കിയ ഗ്രാമപഞ്ചായത്ത് അധികൃതരുടെ നിരുത്തരവാദപരമായ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതിപ്പണ വിനിയോഗത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഇത്തരം വീഴ്ചകളെ സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് തിക്കോടി ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ പിഴവുകൾ ആശങ്കാജനകമാണെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

അനുബന്ധം - II - 110

## സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004/05 കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | നടപടി പരിഹാര പത്രിക |
|---|---|---|---|---|
| 1. | 2004/05 | 2.1 | **തുടർപ്രവർത്തനമില്ലഃ പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാവുന്നു.**<br>ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി തുടർപ്രവർത്തനമില്ലാതെ പാഴാവുന്നു.<br><br>രജിസ്റ്ററും രേഖകളും കൃത്യമല്ലാത്തതിനാൽ സംസ്ഥാനത്ത് ഒട്ടാകെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമല്ല. ലഭ്യമായ കണക്കുകൾ 4.01 കോടി രൂപയുടെ ഭൂമി പാഴാവുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നു. പദ്ധതിവിഹിതത്തിൽ നിന്നാണ് തുക ചെലവിട്ടത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ പാഴാവുന്ന ഭൂമിയുടെ അളവും അതിന് ചെലവഴിച്ച പദ്ധതി വിഹിതവും ഉയരും<br><br>ജലസേചന/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, പട്ടിക വിഭാഗങ്ങൾക്ക് ഭവനനിർമ്മാണം വ്യവസായ പാർക്കുകളും മറ്റ് സ്ഥാപനങ്ങളും നിർമ്മിക്കുക, കളിസ്ഥലം പണിയുക, ബസ് സ്റ്റാൻറ് വികസനം, വ്യാപാരസമുച്ചയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്തത്. 97-98 മുതൽ 2001-2002 വരെ ഏറ്റെടുത്തതാണിത്.<br><br>ഏറ്റെടുത്ത ഭൂമിയുടെ വിവരം ആസ്തി വിവര രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആധാരം തുടങ്ങിയ അടിസ്ഥാന രേഖകൾ പോലും ചില സ്ഥാപനങ്ങളിൽ ലഭ്യമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്നത് കൃത്യമായ രേഖയില്ലാത്തത് ഭൂമി അന്യാധീനപ്പെടുന്നതിനും | **വളയം**<br>വളയം ഗ്രാമപഞ്ചായത്തിൽ നിലവിലെ എട്ടാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചിട്ടുണ്ട്. 2005 വർഷം മുതൽ ഇവിടെ ഖാദി ബോർഡിന്റെ സഹായത്താൽ ഒരു നെയ്ത്തുശാല പ്രവർ ത്തിച്ചു വരുന്നുണ്ട്. നിലവിൽ 11 നെയ്ത്ത് തറികളും 22 സ്ത്രീ തൊഴിലാളികളുമായി സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള **"കുപ്പട"** മുണ്ടുകൾ ഉൽപ്പാദിപ്പിക്കുന്ന ഖാദിയുടെ ഒരു കേന്ദ്രമാണിത് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | അനാവശ്യ വ്യവഹാരങ്ങൾക്കും ഇടയാക്കിയേക്കും.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് പദ്ധതികൾ പൂർത്തിയാക്കാതെ ഭൂമി അന്യാധീനപ്പെടുന്നതിന് പ്രധാന കാരണം.<br><br>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ തുടർനടപടി ഉണ്ടായില്ല. വിഷയത്തിന്റെ ഗൗരവം അറിയാൻ തിരഞ്ഞെടുത്ത ചില ഒഡിറ്റ് പരാമർശങ്ങൾ താഴെ:-<br><br>കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്ത് 113580 രൂപയ്ക്ക് വാങ്ങിയ 50 സെൻറ് സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചില്ല. ഭൂമി ഇപ്പോൾ പ്രയോജനമില്ലാതെ കിടക്കുന്നു.<br>(2001-2002 ഒഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12) | |
| | | 2.3 | **തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി . പദ്ധതി വിഹിതം 4.02 കോടി നഷ്ടം.**<br><br>തൊഴിലും വ്യവസായ വികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപന ചെലവ് കോടികൾ പാഴായി.<br>ഇടുക്കി, പാലക്കാട്, മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം അടച്ചു പൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് 4.02 കോടിയാണ്. സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധ്യത വിരളമായതിനാൽ തുക നഷ്ടപ്പെട്ടതായി കണക്കാക്കാം.<br><br>ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ ലഭ്യമായ | **വേളം**<br>വേളം ഗ്രാമപഞ്ചായത്തിൽ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ ഭൂരിഭാഗവും താമസിക്കുന്ന അന്നത്തെ പതിനൊന്നാം വാർഡിലാണ് പദ്ധതി നടപ്പിലാക്കിയത്. ഇവരിൽ അധികം പേരും സാമ്പത്തിക ശേഷി കുറഞ്ഞവരായിരുന്നു. ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് പദ്ധതി ആവിഷ്ക്കരിച്ചത്. പദ്ധതി പ്രവർത്തനം 2000-2001 വർഷത്തിൽ തന്നെ ആരംഭിച്ചിരുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിതായി കാണുന്നില്ല. 2000-2001 ൽ ആരംഭിച്ച യൂണിറ്റുകൾ വളരെ വിജയകരവും ഗുണഭോക്താക്കൾക്ക് നല്ല സാമ്പത്തിക വരുമാനം ലഭിച്ചിരുന്നതുമാണ്. ആയതിനാലാണ് 2001/2002 വർഷവും ഇതേ ഇനത്തിൽ തുക വകയിരുത്തിയത്.<br>2000/2001, 2001/2002, 2002/2003 വർഷങ്ങളിൽ കോഴിക്കോട് നടത്തിയ ഐഎച്ച്ആർഡി മേളയിൽ യൂണിറ്റുകൾ വളരെയധികം സാധനങ്ങൾ വിൽപനക്കായി എത്തിച്ചിരുന്നു.<br>ഗുണഭോക്തൃ വിഹിതം കണക്കാക്കിയ തുകയേക്കാൾ എത്രയോ കൂടുതൽ തുക യൂണിറ്റിന്റെ അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നതിന് വേണ്ടി ഗുണഭോക്താക്കൾ |

| | | | | |
|---|---|---|---|---|
| | | | ചില വിവരങ്ങൾ:-<br>കൊല്ലം കോർപ്പറേഷൻ 4866106 രൂപ ചെലവഴിച്ച് സ്ഥാപിച്ച സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിൽ തുടങ്ങിയ യൂണിറ്റുകളിൽ ഒന്നൊഴികെയെല്ലാം വിട്ടുപോയി. ശേഷിക്കുന്നത് അടച്ചുപൂട്ടൽ ഭീഷണിയിലാണ്.<br><br>കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് മൺപാത്ര നിർമ്മാണ യൂണിറ്റിന്റെ പേരിൽ 2000-01 ലും, 2001-02 ലും 40,000 രൂപ പദ്ധതി വിഹിതം ചെലവഴിച്ചതായി രേഖയുണ്ടെങ്കിലും യൂണിറ്റ് പ്രവർത്തിക്കുന്നതിന് തെളിവില്ല.<br><br>ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്ത് 38200 രൂപ ചെലവഴിച്ച ബേക്കറി നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നില്ല. | ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ കാരണം യൂണിറ്റ് ഇൻഷൂർ ചെയ്യുകയോ ഇത് സംബന്ധിച്ച ചെലവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2000/2001 വർഷത്തിലും 2001/2002 വർഷത്തിലും ആരംഭിച്ച യൂണിറ്റുകൾ 2014/15 വർഷം വരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. യൂണിറ്റടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റ് അംഗങ്ങൾ പല കാരണങ്ങളാൽ സ്ഥലം മാറി താമസിക്കുന്നതിനാൽ ഇപ്പോൾ സ്വന്തം നിലയിലാണ് പ്രവർത്തിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഈ മേഖലയെ തളർത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയ വർഷം മുതൽ ഇതിന്റെ ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും യൂണിറ്റ് ഭാഗികമായി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.<br><br>**കായക്കൊടി**<br><br>കായക്കൊടി ഗ്രാമപഞ്ചായത്തിൽ 1999–2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ബേക്കറി യൂണിറ്റുകൾ 2004 വർഷം വരെ പ്രവർത്തിച്ചിരുന്നു. പ്രാദേശികമായി നിരവധി വ്യാവസായിക അടിസ്ഥാനത്തിലുള്ള ബേക്കറികൾ വരുകയും പരസ്യത്തിലും മൽസരത്തിലും ആവശ്യമായ പ്രവർത്തന മൂലധനം ഇല്ലാത്തതിനാലും കച്ചവടം മുന്നോട്ട് കൊണ്ടുപോവാൻ കഴിഞ്ഞില്ല എന്ന് കൺവീനർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ബേക്കറി നിർമ്മാണ യൂണിറ്റുകൾ നടത്താതെ ഗുണഭോക്തൃസമിതി അംഗങ്ങൾ മറ്റ് തൊഴിലുകളിൽ ഏർപ്പെടുകയാണ് ചെയ്തതെന്ന് ഇപ്പോൾ നടത്തിയ അന്വേഷണത്തിൽ നിന്നും ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |
| | | 3.11 | പൊതു പരാമർശങ്ങൾ<br>1. പുതിയ അക്കൗണ്ടിംഗ് - കണക്കുകൾ ശരിയായില്ല. അപാകതകൾ തുടരുന്നു<br>പഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പായിട്ടും കണക്കുകൾ ശരിയായില്ല. 2001 ഏപ്രിൽ ഒന്നിനാണ് ധന വകുപ്പ് 319/2003, 12.06.2003 ഉത്തരവിലൂടെ | 1. പുതിയ അക്കൗണ്ടിംഗ് - കണക്കുകൾ ശരിയായില്ല. അപാകതകൾ തുടരുന്നു<br><br>**വേളം, കീഴക്കോത്ത്, മേപ്പയൂർ**<br>ഗ്രാമപഞ്ചായത്തുകളിൽ 2002/03 വർഷത്തെ ക്യാഷ് ബുക്ക് യഥാവിധി എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തി |

പുതിയ അക്കൗണ്ടിംഗ് നിലവിൽ വന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ കുത്തഴിഞ്ഞ് സാമ്പത്തിക ക്രമക്കേടുകൾ വ്യാപകമായ പശ്ചാത്തലത്തിലായിരുന്നു ഉത്തരവ് ഇതിന് ശേഷവും കണക്കുകളിൽ മുമ്പുണ്ടായിരുന്ന അപാകതകൾ തുടരുന്നതായി ഓഡിറ്റിൽ വ്യക്തമായി.

പുതിയ രീതി നടപ്പായിട്ടും നിത്യേനയുള്ള വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കണക്കുകൾ വാർഷികമായി വിവിധ അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നതിലും ഉദാസീനത പ്രകടമാണ്.

ക്യാഷ് ബുക്ക്, വരവ്/ചെലവ് രജിസ്റ്ററുകൾ തുടങ്ങിയ അടിസ്ഥാന രജിസ്റ്ററുകൾ പോലും ചില പഞ്ചായത്തുകളിൽ എഴുതുന്നില്ല. അനുബന്ധരജിസ്റ്ററുകളും ചെലവ് രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിലും അപാകതകൾ വ്യാപകമാണ്. പുതിയ അക്കൗണ്ടിംഗ് രീതി നിലവിൽ വന്നിട്ടും ധനവിനിമയത്തിൽ കൃത്യതയും സുതാര്യതയും സത്യസന്ധതയും ഉറപ്പാക്കാനായിട്ടില്ല.

പുതിയ രീതി നടപ്പാക്കുന്നതിന് മുന്നോടിയായി ജീവനക്കാർക്ക് പരിശീലനം നൽകാൻ സർക്കാരും രജിസ്റ്ററുകൾ പുതിയ മാതൃകയിൽ തയ്യാറാക്കാൻ പഞ്ചായത്തുകളും വൻ തുകയാണ് ചെലവഴിച്ചത് ഉദ്ദേശിച്ച ഫലം കിട്ടാതെ ഇത് പാഴ് ചെലവായിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ പരിശോധനയിൽ വ്യാപകമായ അപാകതകളാണ് കണ്ടെത്തിയത്. മറ്റ് ജില്ലകളിലും സമാന സ്ഥിതി കണ്ടെത്താവുന്നതാണ്. അതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ.

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക | അപാകതയുടെ സംക്ഷിപ്ത വിവരം |
|---|---|---|

ഓഫീസിൽ സൂക്ഷിക്കുകയും തുടർവർഷങ്ങളിലെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എല്ലാ വർഷങ്ങളിലും ക്യാഷ്ബുക്ക് യഥാവിധി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. തുടർന്നു വരുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ക്യാഷ് ബുക്ക് സംബന്ധിച്ച അപാകതകളില്ല. നിലവിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ രജിസ്റ്ററുകളും കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും പുതിയ എക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറിയിട്ടുണ്ട്. നിലവിൽ സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്തിലെ എക്കൗണ്ട് തയ്യാറാക്കുന്നതിനാൽ കണക്കുകളിൽ അപാകതയുകുന്നില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>1. വേളം</td><td>00-01 - 2(1)</td><td>കാഷ് ബുക്ക് - വരവ് രജിസ്റ്റർ ചെലവ് രജിസ്റ്ററുകളും മറ്റ് അനുബന്ധ രജിസ്റ്ററുകളും എഴുതിയില്ല.</td></tr>
<tr><td>2. കിഴക്കോത്ത്</td><td>02-03 - 23</td><td>കാഷ് ബുക്ക് എഴുതിയിട്ടില്ല.</td></tr>
<tr><td>3. മേപ്പയൂർ</td><td>97-98 - ഭാഗം 1</td><td>കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും എഴുതിയിട്ടില്ല.</td></tr>
</table>
</td><td></td></tr>
<tr><td></td><td></td><td></td><td>
2. ബജറ്റ് പാസ്സാക്കുന്നില്ല:<br>ഗ്രാമപഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു.<br>ബജറ്റ് പാസ്സാക്കാതെ ചെലവ് നടത്തി ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് രാജ് നിയമം ലംഘിക്കുന്നു.<br>ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ ഒന്നിന് മുമ്പ് ബജറ്റ് പാസ്സാക്കണമെന്നും അല്ലാത്തപക്ഷം അന്നുമുതൽ ചെലവ് ചെയ്യാൻ പാടില്ലെന്നും 94 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(8) വകുപ്പ് അനുശാസിക്കുന്നു. 214(6) വകുപ്പ് അനുസരിച്ച് ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങളിൽ ചെലവ് ചെയ്യരുതെന്നും നിബന്ധനയുണ്ട്. മാത്രമല്ല 214(7) വകുപ്പ് പ്രകാരം ബജറ്റ് പകർപ്പ് ഓഡിറ്റർക്ക് നൽകണമെന്ന വ്യവസ്ഥയും പാലിക്കുന്നില്ല.<br><br>ബജറ്റ് സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളുടെ ചില ഉദാഹരണങ്ങൾ താഴെ വിവരിക്കുന്നു. മറ്റ് ജില്ലകളിലും ഇത്തരം അപാകതകൾക്ക് സാധ്യതയുണ്ട്. ബജറ്റ് പാസ്സാക്കാതെ ചെലവ് നടത്തുന്നത് സാമ്പത്തിക അരാജകത്വത്തിന് വഴിവെക്കാവുന്നതിനാൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.
<table>
<tr><td>ഗ്രാമപഞ്ചായത്തിന്റെ പേര്</td><td>വീഴ്ചയുടെ സ്വഭാവം</td><td>ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക</td></tr>
<tr><td>1. നരിപ്പറ്റ</td><td>ബജറ്റിന്റെ കോപ്പി</td><td>1998-99 - 1</td></tr>
</table>
</td><td>
2. ബജറ്റ് പാസ്സാക്കുന്നില്ല:<br>ഗ്രാമപഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു.<br><br>ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ബജറ്റിന്റെ കോപ്പി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും മിനുട്സ് ബുക്ക് ബജറ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല എന്നുമാണ് പരാമർശിച്ചിട്ടുള്ളത്. ഒഞ്ചിയം മേപ്പയൂർ ചെക്ക്യാട്, നരിപ്പറ്റ കുന്നുമ്മൽ, കായക്കൊടി എന്നീ ഗ്രാമപഞ്ചായത്തുകളാണ് പരാമർശ വിധേയമായിട്ടുള്ളത് മാർച്ച് മാസത്തിൽ ബജറ്റ് അംഗീകരിച്ച് മുനുട്സിൽ രേഖപ്പെടുത്തുന്നതിൽ അപാകതവന്നതാണെന്ന് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(8) അനുശാസിക്കുന്ന രീതിയിൽ മാർച്ച് മാസത്തിൽ തന്നെ കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബജറ്റ് പാസാക്കുകയും മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.
</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | | മിനുട്ട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | | |
| | | | 2. കുന്നുമ്മൽ | ബജറ്റിന്റെ കോപ്പി മിനുട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 2000-01 - 6എ) | |
| | | | 3. ഒഞ്ചിയം | ബജറ്റ് അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. | 2000-01 - 1-3 | |
| | | | 4. ഒഞ്ചിയം | ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ബജറ്റിന്റെ കോപ്പി മിനുട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല. | 2001-02 - 1-1 | |
| | | | 5. കായക്കൊടി | | 2000-01 - 1 | |
| | | | 6. മേപ്പയൂർ | ടി | 1997-98 - 1 | |
| | | | 7. മേപ്പയൂർ | ബജറ്റ് പാസ്സാക്കിയതിന്റെ വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കി അംഗീകരിച്ചതായി കാണുന്നില്ല. | 1998-99 - 1 | |
| | | | 8. മേപ്പയൂർ | | 1996-97 - 1-9 | |
| | | | 9. ചെക്യാട് | ബജറ്റ് അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-5 | |

| | | | | |
|---|---|---|---|---|
| | | | **3. നികുതി പിരിവിൽ അലംഭാവ കുടിശ്ശിക പെരുകുന്നു.**<br><br>നികുതികളും മറ്റ് വരവുകളും പിരിക്കുന്നതിൽ അലംഭാവം തുടരുന്നതിനാൽ ഗ്രാമപഞ്ചായത്തുകളുടെ തനത് വരവിൽ കുടിശ്ശിക പെരുകുന്നു.<br><br>2004-05 ൽ പുറപ്പെടുവിച്ച കോഴിക്കോട് ജില്ലയിലെ 51 ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം 235897/- രൂപയാണ് കുടിശ്ശിക. മറ്റ് ജില്ലകളിലും സമാനസ്ഥിതി നിലവിലുണ്ട്.<br><br>കെട്ടിട/തൊഴിൽ നികുതികൾ, വിവിധ ലേല തുകകൾ, ലൈസൻസ് ഫീസുകൾ എന്നിവയാണ് പിരിച്ചെടുക്കുവാനുള്ളത്. സമയബന്ധിതമായി ഇവ പിരിച്ചെടുത്തില്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ലാപ്സാകുവാനും സാധ്യതയുണ്ട്.<br><br>തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തത് പഞ്ചായത്തുകളിൽ ഗുരുതരമായ സാമ്പത്തിക തകർച്ച സൃഷ്ടിക്കും. ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യം നിഷേധിക്കപ്പെടുവാനും നിയമപ്രകാരമുള്ള സാമൂഹ്യ ബാധ്യതകൾ നിറവേറ്റപ്പെടാതെ പോകാനും ഇടയാക്കും. ഫലത്തിൽ ഇത് പ്രാദേശിക ജനാധിപത്യ സംവിധാനത്തിൻെറ തകർച്ചയ്ക്കു വഴിവെക്കും.<br><br>അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി 97-98 മുതൽ പദ്ധതി വിഹിതം/സർക്കാർ ഫണ്ടുകൾ ലഭിക്കാൻ തുടങ്ങിയതോടെയാണ് തനത് വരവ് പിരിച്ചെടുക്കുന്നതിൽ അലംഭാവം തുടങ്ങിയത്. മുൻവർഷങ്ങളിൽ 100 ശതമാനം പിരിവ് നടത്തിയ ഗ്രാമപഞ്ചായത്തുകളിൽപ്പോലും കുടിശ്ശിക പെരുകുകയാണ്. മാത്രമല്ല ഭരണ വകുപ്പിന്റെയും പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന്റെയും ഗുരുതരമായ വീഴ്ചയുടെ തെളിവാണ് പെരുകുന്ന കുടിശ്ശിക. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ പ്രായോഗിക നിർദ്ദേശങ്ങൾ ഉണ്ടാവണം. | 3.നികുതി പിരിവിൽ അലംഭാവം. കുടിശ്ശിക പെരുകുന്നു.<br><br>ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള കെട്ടിട നികുതി തൊഴിൽ നികുതി എന്നിവ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പിരിച്ചെടുത്തയായി റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും കെട്ടിടനികുതി അലംഭാവം കൂടാതെ പിരിച്ചെടുക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിലെ 55 ഗ്രാമപഞ്ചായത്തുകൾ നികുതിപിരിവിൽ 100% കൈവരിച്ചിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു. |

**കോഴിക്കോട് ജില്ലയിൽ നിന്നുള്ള വിവരങ്ങൾ താഴെഃ-**

**<u>പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി</u>**

| ഗ്രാമപഞ്ചായത്തിന്റെ പേര് | കെട്ടിട നികുതി | തൊഴിൽ നികുതി | കെട്ടിട വാടക | ലേലം | റിപ്പോർട്ട് വർഷം |
|---|---|---|---|---|---|
| നരിപ്പറ്റ | 390945 | 128188 | 91835 | | 1998-99 |
| കുന്നുമ്മൽ | 392465 | 238670 | 25208 | | 2000-01 |
| പെരുവയൽ | 142692 | 108212 | 3013 | 333501 | 2000-01 |
| കായക്കൊടി | 396881 | 119416 | | | 1999-00 |
| വേളം | 449355 | 99630 | | 407830 | 2000-01 |
| പുതുപ്പാടി | 374774 | 106660 | | | 2001-02 |
| തൂണേരി | 139806 | 73358 | | | 2000-01 |
| ചെങ്ങോട്ടുകാവ് | 120683 | 60895 | | | 2000-01 |
| തലക്കുളത്തൂർ | 152624 | 42790 | | 7080 | 1998-99 |
| കുരുവട്ടൂർ | 450662 | 355103 | | 392300 | 2000-01 |
| കക്കോടി | 400966 | 150823 | 41480 | | 2000-01 |
| മണിയൂർ | 348762 | 75380 | | | 2000-01 |
| ചെറുവണ്ണൂർ | 271679 | 196940 | | | 1999-00 |
| ചേമഞ്ചേരി | 39999 | 24010 | | 2648 | 2002-03 |
| ചോറോട് | 381848 | 99890 | | | 2000-01 |
| കാവിലുംപാറ | 270814 | 239742 | 23008 | | 2000-01 |
| കായണ്ണ | | 4860 | | | 2000-02 |
| കിഴക്കോത്ത് | 93331 | 23715 | | | 2002-03 |
| ചങ്ങരോത്ത് | 665436 | 149624 | | 22562 | 2000-01 |
| നരിപ്പറ്റ | 390945 | 128188 | 91835 | | 1998-99 |
| ഒഞ്ചിയം | 445812 | 39895 | | | 2001-02 |
| തുറയൂർ | 33948 | 35220 | | | 2000-01 |
| നാദാപുരം | 1034250 | 243206 | | 109619 | 2001-02 |
| കായക്കൊടി | 469054 | 62976 | | | 2000-01 |
| കുന്നുമ്മൽ | 392464 | 238670 | 25260 | | 2000-01 |
| മേപ്പയ്യൂർ | 416616 | 182404 | | | 1997-98 |
| ചേളന്നൂർ | 153883 | 284499 | | | 1999-00 |
| പെരുവയൽ | 142692 | 108212 | 3013 | 336568 | 2000-01 |
| കൂടരഞ്ഞി | 292186 | 139265 | 2626 | 500 | 2001-02 |

| | | | | | |
|---|---|---|---|---|---|
| ചേളന്നൂർ | 195748 | 352154 | | | 2000-01 |
| മേപ്പയ്യൂർ | 415946 | 116664 | | | 1998-99 |
| തൂണേരി | 139806 | 73358 | | | 2000-01 |
| നടുവണ്ണൂർ | 339482 | 110213 | | | 2000-01 |
| കുറ്റ്യാടി | 867828 | 428746 | 73490 | 194827 | 2000-01 |
| ഓമശ്ശേരി | 241348 | 9520 | 23044 | | 2001-02 |
| അത്തോളി | 123826 | 62023 | 13540 | | 2001-02 |
| മടവൂർ | | 16502 | | | 2002-03 |
| ചെറുവണ്ണൂർ | 267369 | 156355 | | | 2000-01 |
| ഒഞ്ചിയം | 315865 | 102680 | | | 2001-02 |
| ഓമശ്ശേരി | 182659 | 12250 | 22231 | 2466 | 2001-02 |
| ചെക്യാട് | 79865 | 6690 | | | 2000-01 |
| നരിപ്പറ്റ | 388123 | 86840 | 91835 | | 1999-00 |
| കുരുവട്ടൂർ | 448555 | 118385 | | | 2001-02 |
| കക്കോടി | 400965 | 150823 | 41480 | 392500 | 2000-01 |
| ആകെ | **20400434** | **8604041** | **1481227** | **2358297** | |

**4. തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു.**

ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിന് പഞ്ചായത്തുകൾ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളിൽ മിക്കതും ലക്ഷ്യം കാണാതെ പദ്ധതി തുക പാഴാവുന്നതായി കാണുന്നു. അംഗീകാരമില്ലാത്ത കോഴ്സുകളിൽ പരിശീലനം നൽകുകയും ചട്ടം ലംഘിച്ച് സ്വകാര്യ സ്ഥാപനങ്ങളെ പരിശീലന ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നതുൾപ്പെടെ പദ്ധതികളുടെ പരാജയത്തിൽ നിരവധി കാരണങ്ങളുണ്ട്. വേണ്ടത്ര ആസൂത്രണവും ദീർഘ വീക്ഷണവുമില്ലാതെയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതായും കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്തിൻെറ പേര് | ആകെ ചെലവ് | പ്രൊജക്ട് | അപാകതയിൽ ഉൾപ്പെട്ട തുക | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|---|---|

<u>4. തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു.</u>

**<u>ഏറാമല</u>**

250000 രൂപ പദ്ധതി വിഹിതം നിശ്ചയിച്ച് 2000/2001 ൽ നടപ്പിലാക്കാൻ തീരുമാനിച്ച കമ്പ്യൂട്ടർ പരിശീലന പദ്ധതിക്ക് 2000/01 ൽ 149500 രൂപയും 2001/2002 ൽ 70000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എഗ്രിമെന്റ് വെക്കുന്ന മുറക്ക് 149550 രൂപ നൽകാനും ബാക്കി 100000 രൂപ കോഴ്സ് തൃപ്തികരമായി പൂർത്തീകരിച്ചതിന് ശേഷം നൽകാനുമാണ് തീരുമാനിച്ചിരുന്നത്. എന്നാൽ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ 149550 രൂപ അഡ്വാൻസായി നൽകുകയും പിന്നീട് 70000 രൂപ നൽകുകയുമാണുണ്ടായത്. ഇക്കാര്യത്തിൽ 06/02/2001 ലെ 59-ാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം കോഴ്സ് പൂർത്തിയാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ടും ഉണ്ടായിരുന്നു. എന്നാൽ ഓഡിറ്റ് സമയത്ത് സ്ഥാനം മാറി വെച്ച് പോയതിനാലാണ് ഓഡിറ്റിന് ഹാജരാക്കാൻ കഴിയാതെ പോയത്. കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തീകരിച്ച 62 ഗുണഭോക്താക്കൾക്കും സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്ഥാപനം നേരിട്ട് അനുവദിച്ചിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട്

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | 1.ഏറാമല | 219550 | കമ്പ്യൂട്ടർ പരിശീലനം | 149550 | കോഴ്സ് യഥാവിധി നടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടില്ല. | 01-12(7) | ചെയ്തിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു. |
| | | | അഴിയൂർ | 30500 | പട്ടികജാതിക്കാർക്ക് കംപ്യൂട്ടർ ഡി.ടി.പി. പരിശീലനം | 30500 | പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തില്ല. | | **അഴിയൂർ**<br>അഴിയൂർ ഗ്രാമപഞ്ചായത്തിൽ 9 പട്ടിക ജാതിയിൽ പെട്ട ഗുണഭോക്താക്കൾക്കാണ് പരിശീലനം നൽകിയത്. ഇവർ വിജയകരമായി കോഴ്സ് പൂർത്തീകരിക്കുകയും ഒരു പൊതു പരിപാടിയിൽ വെച്ച് ഇവർക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് സമയത്ത് ഇവ ഹാജരാക്കുന്നതിൽ വന്ന അപാകത മാത്രമാണെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |
| | | | മൂടാടി | 109800 | വനിതാ കപ്യൂട്ടർ പരിശീലന പദ്ധതി | 109800 | പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകിയില്ല. | 02-03(27) | **മൂടാടി**<br>മൂടാടി ഗ്രാമപഞ്ചായത്തിൽ വനിതാ കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തീകരിച്ച 61 ഗുണഭോക്താക്കൾക്കും സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്ഥാപനം നേരിട്ട് അനുവദിച്ചിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു. |
| | | | ചെറുവണ്ണൂർ | 5000 | വനിതകൾക്ക് ഓട്ടോറിക്ഷാ പരിശീലനം | 5000 | പരിശീലനം പൂർഥ്തിയാക്കിയതിന് രേഖകളില്ല | 00-01(5) | **ചെറുവണ്ണൂർ**<br>നാല് വനിതകൾക്കുള്ള ഡ്രൈവിംഗ് പരിശിലന പദ്ധതിയായിരുന്നു ഇത്. 4 വനിതകൾക്കും പദ്ധതി പ്രകാരം ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |
| | | | വാണിമേൽ | 342500 | 50 വിദ്യാർത്ഥികൾക്ക് | 85000 | അംഗീകൃത സ്ഥാപനമല്ല | 00-01(3) | **വാണിമൽ**<br>50 വനിതകൾക്ക് ഡി സി എ കോഴ്സിൽ പരിശീലനം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യം വെച്ചത്. ആയതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഫ്രണ്ട് ലൈൻ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഭരണസമിതി 5(4)/23/09/2000 പ്രകാരം അംഗീകരിക്കുകയും ചെയ്തതാണ്. വാണിമൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ അംഗീകൃത സ്ഥാപനമില്ലാത്തതിനാലാണ് മേൽ സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചത് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | കംപ്യൂട്ടർ പരിശീലനം | | പ്രൊജക്ടിൽ വിഭാവനം ചെയ്ത കോഴ്സ് അല്ല സംഘടിപ്പിച്ചത്. | | **മേപ്പയൂർ**<br><br>2000/2001 വർഷത്തെ പ്രോജക്ട് നമ്പർ 48 പ്രകാരം നടപ്പിലാക്കിയ പദ്ധതിയിൽ 23 പേർക്ക് പരിശീലനം നൽകാനായിരുന്നു തീരുമാനം. അപേക്ഷകരുടെ എണ്ണം വർദ്ധിച്ചപ്പോൾ 29 പേർക്കാണ് പരിശീലനം നൽകിയത്. 31/03/2001 ന് വനിതാ ശിശുക്ഷേമ മോണിറ്ററിംഗ് കമ്മറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ പേർക്ക് പരിശീലനം നൽകിയത്. പരിശീലനം നടത്തിയ യുവതികൾക്കെല്ലാം തൊഴിൽ നേടുന്നതിന് ഇത് സഹായകമായിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |
| | | | മേപ്പയൂർ 56550 | 23 വനിതകൾക്ക് കംപ്യൂട്ടർ പരിശീലനം | 11700 | 29 പേർക്ക് ഫീസ് നൽകി | 00-01 | |

5. സബ്സിഡി. മാനദണ്ഡം പാലിക്കുന്നില്ല. ലക്ഷങ്ങളുടെ അധിക ചെലവ്
സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി നൽകിയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് ലക്ഷങ്ങളുടെ അധിക ചെലവ്.

കോഴിക്കോട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ 298378/- രൂപ സബ്സിഡി അധികം നൽകിയതായി കണ്ടെത്തി ജനകീയാസൂത്രണ വർഷങ്ങളിലെ വിവിധ വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കാണ് അധികം സബ്സിഡി നൽകിയത്. ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർവഹണമാർഗ രേഖകളിൽ സബ്സിഡി നിരക്കും മാനദണ്ഡങ്ങളും വ്യക്തമായി വിശദീകരിക്കാറുണ്ട്. ഇതിന് ശേഷവും രാഷ്ട്രീയ വ്യക്തി താൽപര്യങ്ങളുടെ പേരിൽ മാനദണ്ഡം ലംഘിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ താഴെ:-

5. സബ്സിഡി മാനദണ്ഡം പാലിക്കുന്നില്ല. ലക്ഷങ്ങളുടെ അധിക ചെലവ്

**കുറ്റ്യാടി**

2001/02 വർഷത്തെ ഓട് മേയൽ പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീമതി മാണി കല്ലുള്ള പറമ്പത്ത് എന്നവർക്ക് ആനുകൂല്യം നൽകിയിരുന്നു. ടിയാൾ തികച്ചും ആനുകൂല്യത്തിന് അർഹയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 26/09/2004 ലെ 8-ാം വാർഡ് ഗ്രാമസഭാ യോഗത്തിൽ ടി ആനുകൂല്യം നൽകിയ നടപടി സാധൂകരിച്ച് തീരുമാനിച്ചിട്ടുള്ളതും ആയത് 01/10/2004 ലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം 3(4) പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

**നാദാപുരം**

1999/2000 വർഷത്തെ പ്രോജക്ട് നമ്പർ 177/2000 പ്രകാരം 28 പട്ടികജാതി കുടുംബങ്ങൾക്ക് വീട് റിപ്പയർ ചെയ്യുന്നതിനായി 5000 രൂപ നിരക്കിൽ 140000 രൂപ വകയിരുത്തിയിരുന്നു. പദ്ധതി വർഷം പ്രവൃത്തി പൂർത്തീകരിച്ച് 13 കുടുംബങ്ങൾക്ക് 5000

<u>സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തത്</u>

| ഗ്രാമപഞ്ചായത്തിന്റെ പേര് | പ്രൊജക്ടിന്റെ പേര് | പദ്ധതി വർഷം | വീഴ്ചയുടെ സ്വഭാവം | തുക | ഓഡിറ്റ് ഖണ്ഡിക | റിപ്പോർട്ട് വർഷം |
|---|---|---|---|---|---|---|
| കുറ്റ്യാടി | വീട് ഓട് മേയൽ | 2001-02 | ലിസ്റ്റിൽ ഇല്ലാത്ത ആൾക്ക് ആനുകൂല്യം നൽകി | 5000 | 13 | 01-02 |
| നാദാപുരം | വീട് റിപ്പയർ (പട്ടികജാതി) | 2000-01 | ഗുണഭോക്താക്കൾ കമ്മിറ്റി രൂപീകരിച്ച് നൽകേണ്ടതിനു പകരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി | 65000 | 9 | 00-01 |
| വേളം | വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് പരിശീലനം | 2001-02 | സ്വയം തൊഴിൽ വ്യക്തിഗത സബ്സിഡി അധികം അനുവദിച്ചു. | 9600 | 10 | 01-02 |
| കായക്കൊടി | മണ്ണ് സംരക്ഷ | 98-99 | അധിക സബ്സി | 19778 | 29 | 99-00 |

രൂപ വീതം ആകെ 65000 രൂപ ചെലവഴിച്ചിട്ടുണ്ട്.

നാദാപുരം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കോളനി ഇല്ല. 145 കുടുംബങ്ങൾ മാത്രമേ 20.44 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ഗ്രാമപഞ്ചായത്തിലുള്ളൂ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇവർ ഒറ്റപ്പെട്ട് കഴിയുകയാണ്. ആയതിനാൽ ഗുണഭോക്തൃ കമ്മറ്റിയുണ്ടാക്കി പദ്ധതി നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇക്കാര്യം ഭരണസമിതി യോഗം ചർച്ച ചെയ്ത ശേഷമാണ് തുക നേരിട്ട് നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

എഗ്രിമെന്റ് വെച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഇംപ്ലിമെന്റിംഗ് ഓഫീസർ വീട് സന്ദർശിച്ച ശേഷമാണ് തുക അനുവദിച്ചത്. ആകെയുള്ള 28 ഗുണഭോക്താക്കളിൽ പണി പൂർത്തീകരിച്ച 13 കുടുംബങ്ങൾക്ക് മാത്രമേ തുക അനുവദിച്ചിട്ടുള്ളൂ. പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഉത്തമ ബോധ്യമുള്ളതിനാലും ഗുണഭോക്തൃ കമ്മറ്റിയുടെ നേതൃത്വത്തിൽ പദ്ധതി ഏകോപിപ്പിക്കാൻ ബുദ്ധിമുട്ടുള്ളതിനാലുമാണ് ഗുണഭോക്താക്കൾക്ക് തുക നേരിട്ട് നൽകേണ്ടിവന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>വേളം</u>

തടസ്സപ്പെടുത്തിയ 9600 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ നാണു എന്നവർ 19/11/2014 തിയ്യതിയിലെ 20/2014 നമ്പർ പ്രകാരം പേരാമ്പ്ര ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>കായക്കൊടി</u>

മണ്ണ് സംരക്ഷണ പദ്ധതി കയ്യാല നിർമ്മാണത്തിന് വ്യക്തിഗത സ്കീമുകൾക്കുള്ള പരിധിയായ 2000/- രൂപയിൽ കവിയാതെ ആനുകൂല്ല്യം നൽകണമെന്ന നിബന്ധന ശ്രദ്ധയിൽപ്പെടാത്തതിനാൽ അക്കാലത്തെ കൃഷി ഓഫീസർക്ക് വന്ന പിഴവിനാലാണ് അധികം തുക നൽകാൻ ഇടവന്നത്. എന്നാൽ ഓരോ ഗുണഭോക്താവിനും ചെയ്ത പ്രവൃത്തിയുടെ മെഷർമെന്റ് പ്രകാരം അർഹതയുള്ള തുക മാത്രമേ നൽകിയിട്ടുള്ളു ഓരോ ഗുണഭോക്താക്കൾക്കും 80/-രൂപ മുതൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുകകളാണ് അധികം നൽകപ്പെട്ടത്.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | ണ പദ്ധതി | | ഡി | | | |
| | | | കായക്കൊടി | വീട് ഓട് മേയൽ കുടിവെള്ള പദ്ധതി തൊഴുത്ത് നിർമ്മാണം, പശു വിതരണം | 99-2000 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | 7500<br>21000<br>1600<br>8000 | 34 | 99-00 |
| | | | ചെങ്ങോട്ടുകാവ് | വനിതാ ഗ്രൂപ്പു പച്ചക്കറി കൃഷി | 01-02 | കൺവീനർക്ക് ജൈെവ വളത്തിന് സബ്സിഡി പണമായി നൽകിയത് | 34400 | 12 | 01-02 |
| | | | വളയം | നേന്ത്ര വാഴ സംഘ കൃഷി | 01-02 | സബ്സിഡി പണമായി നൽകി | 68000 | 8 | 01-02 |
| | | | ചാത്തമംഗലം | പംപ് സെറ്റ് വിതരണം | 01-02 | ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് അംഗീക | 3500 | 8 | 01-02 |

| ക്രമ നമ്പർ | പേര് | അധികം നൽകിയ തുക |
|---|---|---|
| 1 | ചന്ദ്രൻ വി.എം | 1068 |
| 2 | സോമൻ വളപ്പിൽ | 392 |
| 3 | ശങ്കരൻ കാപ്പുംചാലിൽ | 1263 |
| 4 | രാഘേഷൻ വാഴയിൽ | 2290 |
| 5 | കട്ടിപ്പാറ കയനാട്ടത്ത് കല്ല്യാണി | 1120 |
| 6 | കിണറുള്ള കട്ടിപ്പാറ കണ്ണൻ | 873 |
| 7 | പുത്തൻപുരയിൽ സജീവൻ | 1185 |
| 8 | അരീക്കര ഇബ്രാഹിം | 2356 |
| 9 | കാരേക്കുന്നുമ്മൽ മനോജൻ | 80 |
| 10 | ഗുരുക്കൾ പറമ്പത്ത് സോമൻ | 80 |
| 11 | കാരേക്കുന്നുമ്മൽ നാണു | 80 |
| 12 | അബ്ദുൾ സലാം കുന്നോത്ത് കുന്നുമ്മൽ | 4375 |
| 13 | സുബൈദ കുന്നോത്ത് കുന്നുമ്മൽ | 704 |
| 14 | ഇ പദ്മനാഭൻ നായർ ഇമെലത്ത് | 593 |
| 15 | കുമാരൻ ചൂർക്കുഴിമ്മൽ | 1900 |
| 16 | ആന്റണി കഴിരോലിൽ | 1419 |

മേൽ തുകകൾ നിലവിൽ തിരികെ ഈടാക്കാൻ കഴിയാത്തതിനാലും യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്ത അളവിന് ആനുപാതികമായി നൽകിയിട്ടുള്ളതിനാലും പ്രസ്തുത വിഷയം നിലവിലെ ഭരണ സമിതി പരിശോധിച്ച് നാമമാത്ര ചെറുകിട കർഷകർക്കാണ് ആനുകൂല്യം നൽകിയതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പരാമർശം ഒഴിവാക്കിതരുന്നതിന് അപേക്ഷിക്കുന്നു.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | രിച്ചിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി | | | | സപ്ലിമെന്ററി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച പഞ്ചായത്ത് മിനുട്സ് വിജിലൻസ് കേസുമായി ബന്ധപ്പെട്ട് വിജിലൻസ് കോടതിയിൽ ആയതിനാലാണ് ഓഡിറ്റ് വേളയിൽ ഹാജരാക്കാൻ കഴിയാതെ വന്നതെന്നും മിനുട്സ് ഇന്നേ വരെ തിരികെ ലഭിച്ചിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.<br><br>**<u>ചെങ്ങോട്ടുകാവ്</u>**<br><br>ചെങ്ങോട്ട്കാവ് 2001/2002 വർഷത്തിൽ കാർഷിക ഉൽപാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി എന്ന പദ്ധതിയിൽ നിശ്ചിത സമയത്തിനുള്ളിൽ ജൈവവളം സഹകരണബാങ്കിൽ ലഭ്യമല്ലാത്തതിനാലും കൃഷിക്ക് വളമിടേണ്ട സമയമായതിനാലും കൺവീനർക്ക് നേരിട്ട് ബില്ല് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കാം എന്ന ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പണം നേരിട്ട് നൽകിയത്. ഇപ്രകാരം നൽകിയില്ലായിരുന്നുവെങ്കിൽ പദ്ധതിക്ക് നടത്തിയ പ്രാഥമിക ചെലവ് കൂടി നഷ്ടമാകുമായിരുന്നു. തുക നേരിട്ട് നൽകിയത് മൂലം ബോധപൂർവ്വം ഗുണഭോക്താക്കളെ സഹായിക്കുന്നതിനോ സർക്കാർതുക ദുർവിനിയോഗം ചെയ്യുന്നതിനോ ശ്രമിച്ചിട്ടില്ലെന്നും പഞ്ചായത്ത സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. .<br><br>**<u>വളയം</u>**<br>പത്ത് വീതം അംഗങ്ങളുള്ള 30 യൂണിറ്റുകളെ തെരഞ്ഞെടുത്ത് നേന്ത്രവാഴകൃഷി നടത്താനുള്ള തായിരുന്നു പദ്ധതി. അറിവില്ലായ്മ കാരണമാണ് യൂണിറ്റ് കൺവീനർമാർക്ക് സബ്സിഡി തുക പണമായി നൽകിയത്. യൂണിറ്റ് കൺവീനർമാർക്കും മറ്റ് അംഗങ്ങൾക്കും ഗുണമേന്മ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർ തന്നെ ജൈവവളവും, വാഴക്കന്നുകളും വാങ്ങുകയാണുണ്ടായത്. ആയതിന്റെ വൗച്ചറുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

-124

| | | | | |
|---|---|---|---|---|
| | | | | **<u>ചാത്തമംഗലം</u>**<br><br>കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ ജലസേചനത്തിന് പമ്പ് സെറ്റ് വാങ്ങുന്നതിന് സബ്സിഡിയെന്ന നിലയിൽ ശ്രീ മോയിൻകുട്ടി എന്ന ഗുണഭോക്താവിന് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകിയതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 3500 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി മിനി ജോസ് 30/12/2014 തിയ്യതിയിലെ 11403105730 എന്ന രശീത് നമ്പറിൽ അടവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

മിനിമോൾ എബ്രഹാം
ഗവ: അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471-2518535

## സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006/07 കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച നടപടി വിശദീകരണ പത്രിക

| ക്രമ ന മ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | നടപടി പരിഹാര പത്രിക |
|---|---|---|---|---|
| 1. | 2006/07 | 3.79.1 | 3.79 പൊതു പരാമർശങ്ങൾ<br>ഗ്രാമപഞ്ചായത്തുകൾ - കെട്ടിട നികുതി - തൊഴിൽ നികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br><br>ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാന സ്രോതസ്സായ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടിരിക്കുകയാണ്.<br><br>1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 243(1) പ്രകാരം മൂന്നു വർഷത്തിൽ കൂടുതൽ കാലം പിരിച്ചെടുക്കാതെ, കുടിശ്ശികയായ നികുതികൾ കാലഹരണപ്പെട്ടതായി കണക്കാക്കുന്നു. കാലഹരണപ്പെട്ട നികുതികൾ യഥാസമയം പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയവരുടെ ബാദ്ധ്യതയായി കണക്കാക്കി ആയത് 12% പലിശ സഹിതം തിരിച്ചു പിടിക്കാൻ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243(3) ൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചിട്ടില്ല. തൽഫലമായി പഞ്ചായത്തുകൾക്ക് ലക്ഷക്കണക്കിനു രൂപയും കേരള ലൈബ്രറി കൗൺസിലിന് ഗ്രന്ഥ ശാലാ വരി ഇനത്തിൽ ആയിരക്കണക്കിന് രൂപയും നഷ്ടപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. | ഗ്രാമപഞ്ചായത്തുകൾ - കെട്ടിട നികുതി - തൊഴിൽ നികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br><br>ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള കെട്ടിട നികുതി തൊഴിൽ നികുതി എന്നിവ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പിരിച്ചെടുത്തയായി റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും കെട്ടിടനികുതി അലംഭാവം കൂടാതെ പിരിച്ചെടുക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിലെ 55 ഗ്രാമപഞ്ചായത്തുകൾ നികുതിപിരിവിൽ 100% കൈവരിച്ചിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു. |

| പേര്<br>വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | ലൈബ്രറി | മറ്റിനം (രൂ) | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|

126

| ഖണ്ഡിക | തി (രൂ) | (രൂ) | സെസ്സ് (രൂ) | | (രൂ) | |
|---|---|---|---|---|---|---|
| തിരുവള്ളൂർ 02-03,2(1) | 11182 | - | 567 | - | 11749 | - |
| അഴിയൂർ 98-99,2(1) | 340921 | 147516 | - | - | 488437 | - |
| ചക്കിട്ടപ്പാറ 02-03,2(2) | 20509 | 10762 | - | - | 31271 | 97-98 മുതൽ |
| വാണിമേൽ 01-02,2(4) | 149965 | - | 7416 | - | 157381 | 88-89 മുതൽ 97-98 വരെ |
| ഉണ്ണിക്കുളം 02-03,2(9) | - | 86000 | - | - | 86000 | 99-00 വരെയുള്ളത് കാലഹരണപ്പെട്ടു |
| അത്തോളി 04-05,2(2) | 118662 | 5115 | - | - | 123777 | 01-02 വരെയുള്ളത് |
| കൊടിയത്തൂർ 02-03,2(8) | 79870 | - | 4005 | - | 83875 | 96-97 മുതൽ 99-00 വരെയുള്ളത് |
| താമരശ്ശേരി 02-03,2(2) | 90165 | - | 4517 | - | 94682 | 97-98 മുതൽ 99-00 വരെ |
| കാവിലുംപാറ 02-03,2(4) | 48598 | 103767 | - | - | 152365 | - |
| നരിക്കുന്നി 02-03,2(3) | 26704 | - | - | - | 26704 | 97-98 മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 99-00 വരെ |
| ചാത്തമംഗലം<br>03-04,2(4)<br>03-04,2(5) | 70040 | - | 3515 | -<br>168665 | 73555<br>168665 | | 92-93 മുതൽ 00-01 വരെ |
| കുറ്റ്യാടി<br>02-03,2(1)<br>02-03,2(4) | 483631 | -<br>265358 | - | -<br>265358 | 483631 | | മണൽ ലേലം 89-90 മുതൽ 97-98 വരെ<br>79-80 മുതൽ 01-02 വരെ |
| കാവിലുംപാറ<br>03-04,2(2) | 57175 | 94887 | 4900 | 2322 | 159284 | | 97-98 മുതൽ 02-03 വരെ |
| വില്ല്യാപ്പള്ളി<br>00-01,2(2) | 13202 | 7765 | 621 | - | 21588 | | |
| കുന്നുമ്മൽ<br>02-03,2(1) | 39584 | - | 6500 | 1906 | 47990 | | 85-86 മുതൽ 99-00 വരെ |
| അരിക്കുളം<br>03-04,2(4) | 4886 | - | 245 | - | 5131 | | 98-99 മുതൽ കാലഹരണപ്പെട്ടു |
| കൂടരഞ്ഞി<br>02-03,2(5) | 46519 | - | 2313 | - | 48832 | | 94-95 മുതൽ 99-00 വരെ |
| താമരശ്ശേരി<br>03-04,2(3) | 45862 | - | 2276 | - | 48138 | | 00-01 വർഷത്തെ കുടിശ്ശിക |
| തിക്കോടി<br>03-04,2(3) | 16323 | - | 963 | - | 17286 | | 97-98 മുതൽ 01-02 വരെ |

128

| | | | | | |
|---|---|---|---|---|---|
| | | | പേര് വർഷം ഖണ്ഡിക | വാടക ലേലം (രൂപ) | |
| | | | താമരശ്ശേരി 2003-04 2(6)(2) | 315391 (വാടക) | കുടിശ്ശികക്കാർക്ക് തന്നെ വീണ്ടും കെട്ടിട മുറി അനുവദിച്ചു |
| | | | അഴിയൂർ 2002-03,2(4) | 20790 (വാടക) | കെട്ടിട മുറി വാടക കുടിശ്ശിക |
| | | | നന്മണ്ട 2002-03, 2(2) | 39652 (വാടക) | കെട്ടിട മുറി വാടക കുടിശ്ശിക |
| | | | കുന്നുമ്മൽ 2002-03 2(5) | 24908 (വാടക) | കെട്ടിട വാടക 3 പേരിൽ നിന്ന് ലഭിക്കാനുള്ളത് |
| | | | പെരുവയൽ 2003-04, 2(4) | 265831 (ലേലം) | മണൽ ലേലം ഇനത്തിൽ 92-93, 97-98 വർഷങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല. |
| | | | മാവൂർ 2002-03,2(2) | 34065 (കടത്ത് ലേലം) 64864 (ബസ് സ്റ്റാൻറ്) 354691(മണൽ) | ഇത്രയും തുക നികുതിയായി പിരിച്ചെടുക്കാതെ അവശേഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | 3.79.3 | **3.79.3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ**<br><br>12.06.2003 ലെ ജി.ഒ.(പി)319/2003/ഫിൻ ഉത്തരവ് പ്രകാരം നിലവിൽ | **3.79.3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ** |

| | | | |
|---|---|---|---|
| | | വന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.<br><br>കാഷ്ബുക്ക് എഴുതി ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട തുകകൾ ഗ്രാമപഞ്ചായത്ത് നേരിട്ടു പിൻവലിച്ച് ചെലവഴിക്കുന്നുണ്ടെങ്കിലും ആയത് സബ്സിഡിയറി കാഷ്ബുക്കിലേയ്ക്ക് മാറ്റി ദൈനംദിന ട്രഷറി, ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിനു രൂപ മൊബിലൈസേഷൻ അഡ്വാൻസ്, സെക്യേർഡ് അഡ്വാൻസ് തുടങ്ങിയ വകയിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ വിശദവിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. അതുപോലെ തന്നെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ശമ്പളം. അഡ്വാൻസ്, യാത്രാബത്ത ഇനങ്ങളിൽ മുൻകൂർ നൽകുന്നുണ്ടെങ്കിലും അതും അഡ്വാൻസ് രജിസ്റ്ററിൽ കാണിച്ച് അതിന്റെ തിരിച്ചു പിടിക്കൽ ഉറപ്പു വരുത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികൾക്കായി പഞ്ചായത്ത് ലക്ഷക്കണക്കിനുരൂപ ചെലവഴിച്ച് ടാർ വാങ്ങി കരാറുകാർക്ക്/കൺവീനർമാർക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിൽ വിശദാംശങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br><br>ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി, നിർണ്ണയ രജിസ്റ്റർ. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവയും ശരിയാം വിധം എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയാവിധം എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യേണ്ടതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയില്ല. അതുപോലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട കോളത്തിൽ കാണിച്ച് ശരിയാം വിധം എഴുതി സൂക്ഷിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് യഥാസമയം കെട്ടിട നികുതി ചുമത്തുന്നതിനും പഞ്ചായത്തിന് കഴിയാതെ വരുന്നു. വിശദവിവരം താഴെ | ഗ്രാമപഞ്ചായത്തുകളിൽ പമാമർശകാലയളവിലെ രജിസ്റ്ററുകൾ യഥാവിധി എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കുകയും തുടർവർഷങ്ങളിലെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എല്ലാ വർഷങ്ങളിലും ക്യാഷ്ബുക്ക് ട്രഷറി എക്കൌണ്ടുമായി പൊരുത്തപ്പെടുത്തിയഥാവിധി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. തുടർന്നു വരുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ക്യാഷ് ബുക്ക് സംബന്ധിച്ച അപാകതകളില്ല. നിലവിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ രജിസ്റ്ററുകളും കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും പുതിയ എക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറിയിട്ടുണ്ട്. നിലവിൽ സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്തിലെ എക്കൗണ്ട് തയ്യാറാക്കുന്നതിനാൽ കണക്കുകളിൽ അപാകതയുണ്ടാവാറില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു. |

-130

കൊടുക്കുന്നു.

| | സ്ഥാപനം വർഷം ഖണ്ഡിക | അപാകത |
|---|---|---|
| 1 | കുന്ദമംഗലം 2003-04 2(3) | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല. |
| 2 | അത്തോളി 2004-05 2(4) | കെട്ടിട നിർമ്മാണ ലൈസൻസ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും എഴുതിയില്ല |
| 3 | താമരശ്ശേരി 2003-04 3(1) | അക്വിറ്റൻസ് രജിസ്റ്റർ ജീവനക്കാരുടെയും അംഗങ്ങളുടെയും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തിയതി വെച്ച് ഒപ്പു വയ്ക്കുന്നില്ല. |
| 4 | താമരശ്ശേരി 2003-04 3 (18) | ടാർ സ്റ്റോക്ക് രജിസ്റ്റർ എഴുതിയില്ല. (504 ബാരൽ ടാർ വാങ്ങിയെങ്കിലും വിതരണ വിവരമില്ല.) |
| 5 | കുറ്റ്യാടി 2002-03 2(10) 2002-03 2(9) | വരവു രജിസ്റ്റർ കാഷ് ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക് എന്നിവ യഥാസമയം എഴുതുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ കാഷ്ബുക്ക് എഴുതിയില്ല. ചെക്ക് വിതരണ രജിസ്റ്ററിൽ മുഴുവൻ ചെക്കുകളുടെ വിവരം ഇല്ല. |
| 6 | അഴിയൂർ 2002-03 2(2) | ജി.ഒ.പി.319/03 ഫിൻ പ്രകാരം സൂക്ഷിക്കേണ്ട സബ്സിഡിയറി കാഷ് ബുക്ക്, ഇൻവെസ്റ്റ്മെൻറ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 7 | വില്ല്യാപ്പള്ളി 2001-02 2(1) | കെട്ടിട നികുതി നിർണ്ണയ രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും വിവരങ്ങൾ |

| | | |
|---|---|---|
| | | എഴുതിയിട്ടില്ല. |
| 8 | തിക്കോടി 2004-05 2(9) | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല |
| 9 | കാരശ്ശേരി 2002-03 3(26) | കാഷ് ബുക്കിൽ ബാങ്ക് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് രേഖപ്പെടുത്തുന്നില്ല. നീക്കിയിരിപ്പ് അധിക തുകയ്ക്ക് ചെക്കുകൾ നൽകി |
| 10 | അഴിയൂർ 2000-01 2(3) | തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ, കുടിശ്ശിക ഡിമാനറ് രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| 11 | മാവൂർ 2002-03 2(3) | സബ്സിഡിയറി കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. |
| 12 | തിക്കോടി 2004-05 2(2) | കാഷ് ബുക്ക് ദിവസവും എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തുന്നില്ല. |

| | | |
|---|---|---|
| 3.79.5 | **3.79.5 വാട്ടർ ചാർജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവയിൽ നിന്നും തുക തട്ടിക്കിഴിച്ചു വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതിൽ അപാകതകൾ.**<br><br>02.08.1994 ലെ ജി.ഒ.എം.എസ് 188/94/തഭവ./നമ്പർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾ വാട്ടർ ചാർജ് ഇനത്തിൽ നൽകേണ്ട തുക പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെടുന്ന വസ്തു കൈമാറ്റത്തീരുവയിൽ നിന്നും തട്ടിക്കിഴിക്കപ്പെട്ടു വരുന്നുണ്ട്. വാട്ടർ അതോറിറ്റിയ്ക്ക് ഇത്തരത്തിൽ ലക്ഷക്കണക്കിനു രൂപ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് വാട്ടർ ചാർജ് അടയ്ക്കേണ്ടതുമായ വാട്ടർ ടാപ്പുകളുടെ എണ്ണം പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല. വാട്ടർ | **3.79.5 വാട്ടർ ചാർജ് ഇനത്തിൽ വസ്തു കൈ മാറ്റത്തീരുവയിൽ നിന്നും തുക തട്ടിക്കിഴിച്ചു വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതിൽ അപാകതകൾ**<br><br>**കായക്കൊടി ഗ്രാമപഞ്ചായത്ത്:-**<br><br>വാട്ടർ അതോറിറ്റിക്ക് അധികമായി നൽകിയ ഇനത്തിൽ 242969/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. 2012-13, 2017-18 എന്നി കാലയളവുകളിൽ ജല അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തുകയും പൊതു ടാപ്പുകളുടെ എണ്ണവും ചെലവുകാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചു വരികയും ചെയ്തു വരുന്നു. നിലവിൽ ഓരോ മാസങ്ങളിലും ടേപ്പ് |

132

അതോറിറ്റിയ്ക്ക് ഓരോ മാസം നൽകേണ്ട തുക സംബന്ധിച്ചും കുടിശ്ശിക സംബന്ധിച്ചും യാതൊരു രേഖയും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഓരോ മാസവും വാട്ടർ അതോറിറ്റിയ്ക്ക് അവരുടെ ഡിമാൻറ് നോട്ടീസ് പ്രകാരം അടച്ച വാട്ടർ ചാർജിന് പുറമെയാണ് വാട്ടർ ചാർജിനത്തിൽ വസ്തു കൈമാറ്റത്തിരുവയിൽ നിന്നും വക മാറ്റി ലഭിച്ച തുക പഞ്ചായത്ത് നൽകേണ്ട തുകയിലേയ്ക്ക് വരവ് വെച്ചതുമായി ബന്ധപ്പെട്ട കാഷ് രശീതി വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകുന്നില്ല. വസ്തു കൈമാറ്റത്തിരുവയിൽ നിന്നും വക മാറ്റി നൽകിയ തുക പഞ്ചായത്തിൻെറ കണക്കിൽ വരവ് വെച്ചത് സംബന്ധിച്ച യാതൊരു പരിശോധനയും പഞ്ചായത്ത് നടത്തുന്നില്ല. വാട്ടർ അതോറിറ്റി അവശ്യപ്പെടുന്ന തുക വസ്തു കൈമാറ്റത്തിരുവയിൽ നിന്നും നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും വാട്ടർ അതോറിറ്റിയ്ക്ക് പഞ്ചായത്ത് നൽകേണ്ട തുകയുടെ കൃത്യത കണക്കാക്കേണ്ടതും വാട്ടർ അതോറിറ്റിയ്ക്ക് അധികം തുക വസ്തു കൈമാറ്റത്തിരുവയിൽ വക മാറ്റി നൽകിയെന്നു കാണുന്ന പക്ഷം ആയത് കണക്കാക്കി തിരികെ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിശദാംശങ്ങൾ താഴെ പറയുന്നു.

| | സ്ഥാപനത്തിൻെറ പേര് (ഗ്രാമപഞ്ചായത്ത്) | ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡിക | വസ്തു കൈമാറ്റത്തീരുവയിനത്തിൽ വകമാറ്റി നൽകിയ തുക (രൂ) |
|---|---|---|---|
| 1 | കായക്കൊടി | 2003-04 3(4) | 215000 |
| 2 | കൊടിയത്തൂർ | 2002-03 2(9) | 335000 |
| 3 | താമരശ്ശേരി | 2003-04 2(7) | 750000 |
| 4 | അഴിയൂർ | 2002-03 4(i)(3) | 440000 |
| 5 | വാണിമേൽ | 2001-02 3(i) | 340000 |
| 6 | കൂടരഞ്ഞി | 2002-03 3(3) | 195000 |

ഒന്നിന് വർഷം 5250/- രൂപ നിരക്കിൽ ചാർജ്ജ് കൃത്യമായി അടവാക്കി വരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.

**കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്**

നിലവിൽ വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ 133 ടാപ്പുകളാണ് ഇപ്പോൾ നിലവിൽ പ്രവർത്തന സജ്ജമായിട്ടുള്ളത്. പ്രസ്തുത ടാപ്പുകളുടെ ചാർജ്ജ് മാത്രമാണ് ഇപ്പോൾ വാട്ടർ അതോറിറ്റിക്ക് നൽകി വരുന്നത്. വസ്തു കൈമാറ്റത്തീരുവയിൽ വാട്ടർ അതോറിറ്റ്ക്ക് വകമാറ്റി നൽകിയ തുകയായ 335000 രൂപ അഡ്ജസ്റ്റ് ചെയ്ത് ലഭിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

**താമരശ്ശേരി ഗ്രാമപഞ്ചായത്ത്:-**

2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം താമരശ്ശേരി പഞ്ചായത്തിന് ലഭിക്കേണ്ട വസ്തു കൈമാറ്റതിരുവയിൽ നിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ 750000 രൂപ കുറവ് ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട് 2003-04 2(2)) വസ്തു കൈമാറ്റതിരുവയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുകയും കുടിശ്ശിക ഇനത്തിൽ അധികം കൈപ്പറ്റിയ തുക പഞ്ചായത്തിൽ തിരികെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുകയും ലിസ്റ്റ് തയ്യാറാക്കുകയും ഇതു പ്രകാരമുള്ള തുകയാണ് അടവാക്കി വരുന്നത് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

**അഴിയൂർ ഗ്രാമപഞ്ചായത്ത്:-**

1998-99 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം 2(3) പ്രകാരവും 2002-03 സാമ്പത്തിക

| | | | |
|---|---|---|---|
| 7 | പെരുവയൽ | 2003-04 3(1) | 450000 |
| 8 | തിരുവള്ളൂർ | 2002-03 3(6) | 316305 |
| 9 | അഴിയൂർ | 1998-99 2(3) | 271890 |
| 10 | കുരുവട്ടൂർ | 2002-03 3(2) | 80000 |
| 11 | കായക്കൊടി | 2002-03 2(3) | 275000 |

വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം 4(1)(3) പ്രകാരവും വാട്ടർ ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടവു വരുത്തിയ യഥാക്രമം 440000/- രൂപ, 271890/- രൂപ എന്നി തുകകൾ വാട്ടർ അതോറിറ്റി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>വാണിമേൽ ഗ്രാമപഞ്ചായത്ത്:-</u>

വാണിമേൽ ഗ്രാമപഞ്ചായത്തിന് 2001-02 സാമ്പത്തിക വർഷം വസ്തു കൈമാറ്റ തീരുവയിനത്തിൽ 403367/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ 340000 /- രൂപ ജല അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശികയിനത്തിൽ ക്രമീകരിക്കുകയുണ്ടായി. വാണിമേൽ ഗ്രാമപഞ്ചായത്ത് 03/2008 വരെയുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം തീർപ്പാക്കിയതാണെന്നും,വെള്ളക്കരം മുടങ്ങാതെ അടച്ചു വരുന്നുണ്ടെന്നും ,കുടിശ്ശികയിനത്തിൽ അധിക തുക അടവ് വരുത്തിയിട്ടില്ല. തുടർവർഷങ്ങളിൽ വെള്ളക്കരം മുടങ്ങാതെ അടവാക്കി വരുന്നുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്:-</u>

2002-03 ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം 3.3 വസ്തു കൈമാറ്റ തീരുവയിൽ നിന്നും വെള്ളക്കരമിനത്തിൽ ജല അതോറിറ്റിക്ക് തുക വകയിരുത്തിയതിന് വിശദ വിവരങ്ങൾ ലഭ്യമല്ല. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ കൂടരഞ്ഞി ടൗൺ കൂമ്പാറ ടൗൺ, മരഞ്ചാട്ടി, താഴെ കൂടരഞ്ഞി, കൂട്ടക്കര, കോലോത്തും കടവ് തുടങ്ങിയ പ്രദേശങ്ങൾ കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങളാണ്. ഇവിടങ്ങളിലെല്ലാം വാട്ടർ അതോറിറ്റി ജലവിതരണ പദ്ധതിയിൽ നിന്നും സ്ട്രീറ്റ് ടാപ്പ് കണക്ഷനുകൾ ഉണ്ടായിരുന്നു. അക്കാലത്ത് ജീവനക്കാരുടെ കുറവും മറ്റ് ഭൗതിക സാഹചര്യകുറവും നിമിത്തം ഇത് സംബന്ധിച്ച

രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാൻ സാധിച്ചിരുന്നില്ല. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാൻറ് നോട്ടീസ് പ്രകാരമാണ് തുക അനുവദിച്ചത്.

2003 വർഷം മുതൽ പഞ്ചായത്തിൽ ജലനിധി പദ്ധതി ആരംഭിച്ചതിനാൽ സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ ആവശ്യത്തിന് തുക അനുവദിക്കുന്നുമില്ല. ആയതിനാലാണ് ഓഡിറ്റ് സമയത്ത് ഇത് സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ സാധിക്കാതിരുന്നത് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>പെരുവയൽ ഗ്രാമപഞ്ചായത്ത്:-</u>

പഞ്ചായത്തിന് ലഭിക്കേണ്ട വസ്തു കൈമാറ്റ തീരുവയിനത്തിൽ നിന്നും 4,50,000 രൂപ വാട്ടർ ചാര്ജ്ജ് ഇനത്തില് കുറവ്ചെയ്തിട്ടുണ്ട്. ആയതിനാലാണ് പഞ്ചായത്തിന് രശീതി ലഭിക്കാതിരുന്നത്. പഞ്ചായത്ത് വാട്ടർ ചാർജ്ജ് അടക്കുന്ന ടാപ്പുകളുടെ എണ്ണം സംബന്ധിച്ച റജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നുണ്ട് എന്നും ടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തിയതിന് ശേഷമാണ് പഞ്ചായത്ത് പണം അടവാക്കുന്നത് എന്നുമുള്ള വിവരം ബോധിപ്പിക്കുന്നു

## <u>തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്:-</u>

വസ്തു കൈമാറ്റത്തിരുവയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ഗ്രാമപഞ്ചായത്തിന്അഡ്ജസ്റ്റ് ചെയ്ത് ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചത് പ്രകാരം വെള്ളക്കരം സംബന്ധിച്ച് പ്രത്യേക ഫയലായി സൂക്ഷിച്ചു വരുന്നുണ്ട്. പൊതുടാപ്പുകളുടെ എണ്ണവും മറ്റ് വിവരങ്ങളും അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിരുന്നെങ്കിലും ഓഫീസ് അറ്റകുറ്റ പണിക്കായി ക്രമീകരിക്കുന്നനിടയിൽ

| | | | | |
|---|---|---|---|---|
| | | | | നഷ്ടപ്പെട്ടതാണെന്നാണ് മനസ്സിലാകുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 9, 10, 11, വാർഡുകളിൽ പരിശോധന പൂർത്തികരിച്ചിട്ടുണ്ട്.<br><br>**<u>കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്:-</u>**<br><br>കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട്. അധിക തുക അടവാക്കിയത് സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. പരിശോധന പൂർത്തീകരിച്ച് ടാപ്പുകളുടെ എണ്ണം ഉറപ്പ് വരുത്തി അധിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ നൽകുന്നതാണ് എന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.<br><br>**<u>കായക്കൊടി ഗ്രാമപഞ്ചായത്ത്:-</u>**<br>നിലവിൽ ഓരോ മാസവും ടാപ്പ് ഒന്നിന് വാർഷിക നിരക്ക് 5250/- രൂപയായി വാട്ടർ ടാപ്പുകളുടെ ചാർജ്ജ് അടവാക്കുകയും രശീതി വാട്ടർ അതോറിറ്റിയിൽ നിന്നും കൈപ്പറ്റുകയും ചെയ്യുന്നുണ്ട്. 2012-13, 2017-18 എന്നീ കാലയളവുകളിൽ ജല അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തുകയും പൊതു ടാപ്പുകളുടെ എണ്ണവും സ്ഥാനവും നിരക്കും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട് എന്ന് ബോധിപ്പിക്കുന്നു. |
| | | 3.79.6 | **3.79.6 മണൽ വിൽപ്പന - റിവർ മാനേജ്മെൻറ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല.** | **3.79.6 മണൽ വിൽപ്പന - റിവർ മാനേജ്മെൻറ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല.** |

-136

മണൽ വിൽപ്പനയുമായി ബന്ധപ്പെട്ട റിവർ മാനേജ്മെൻറ് ഫണ്ടായി ലക്ഷക്കണക്കിനു രൂപ കോഴിക്കോട് ജില്ലാ കളക്ടർക്ക് അടച്ചിട്ടുണ്ട്. ചെക്ക് വഴി അടയ്ക്കുന്ന - ടി - തുകകൾക്ക് ചെക്ക് കിട്ടിയതായി കാണിച്ചുകൊണ്ടുള്ള ഒരു താല്ക്കാലിക രശീതി മാത്രമേ ജില്ലാ കളക്ടറിൽ നിന്നും പഞ്ചായത്ത് ലഭിക്കുന്നുള്ളൂ. തുക റിവർ മാനേജ്മെൻറ് ഫണ്ടിൽ വരവ് വെച്ചതായി ബന്ധപ്പെട്ട രശീതി ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | സ്ഥാപനത്തിൻെറ പേര് (ഗ്രാമപഞ്ചായത്ത്) | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | റിവർ മാനേജ്മെൻറ് ഫണ്ടിൽ അടച്ച തുക (രൂപ) |
|---|---|---|---|
| 1 | കൊടിയത്തൂർ | 2002-03 3(5) | 626366 |
| 2 | കുന്ദമംഗലം | 2001-02 3(1) | 718125 |
| 3 | പേരാമ്പ്ര | 2001-02 3(5) | 1216000 |
| 4 | പെരുമണ്ണ | 2003-04 3(3) | 577091 |
| 5 | മണിയൂർ | 2001-02 2(1) | 2495200 |
| 6 | തിക്കോടി | 2004-05 3(2) | 50000 |
| 7 | ചാത്തമംഗലം | 2003-04 3(1) | 5684184 |
| 8 | കാരശ്ശേരി | 2003-04 3(6) | 1049600 |
| 9 | പെരുവയൽ | 2003-04 3(2) | 687878 |
| 10 | തിരുവള്ളൂർ | 2002-03 3(4) | 1605000 |
| 11 | കുരുവട്ടൂർ | 2002-03 3(5) | 36588 |
| 12 | മാവൂർ | 2002-03 2(4),2(5),2(6) 2(7)(എ്.സി),3(13), 3(15) | 834000 |

ഗ്രാമപഞ്ചായത്തുകൾ മണൽ വിൽപ്പനയുമായി ബന്ധപ്പെട്ട റിവർ മാനേജ്മെൻറ് ഫണ്ടായി അടക്കുന്ന തുകയ്ക്ക് കലക്ടറേറ്റിൽ നിന്നും താത്ക്കാലിക രശീതി മാത്രമാണ് ലഭിക്കുന്നത് എന്ന് പരാമർശിക്കപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെക്കുമുഖേന അടക്കുന്ന തുകയ്ക്ക് ഔദ്യോഗിക രശീതി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ കത്തുകളയച്ചെങ്കിലും ഇന്നോ വരെ ഔദ്യോഗിക രശീതി നൽകിയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

| | | | |
|---|---|---|---|
| 13 | ചങ്ങരോത്ത് | 2001-02 2(i)എ),ബി 2(2), 2(3),2(4), 2(5), 2(12) | 16.200 |

3.79.7

### 3.79.7 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിലും പരിപാലനത്തിലും അപാകതകൾ

തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും കറൻറ് ചാർജ് അടക്കുന്നതിലും 23.03.1997 തിയ്യതിയിലെ എം.എസ്.13/97/പവർ ഡിപ്പാ. നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ചായിരിക്കണമെന്നും അറ്റകുറ്റപ്പണി നടത്തുന്നത് ബോർഡിൻെറ ചുമതലയായിരിക്കണമെന്നും ഇതിന് ആവശ്യമായ ഉപകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകണമെന്നും മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നു. എന്നാൽ സ്വകാര്യ ഏജൻസികളെ കൊണ്ടാണ് മേൽ പ്രവൃത്തികൾ നടത്തുന്നത്. കൂടാതെ, ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് നിർദ്ദിഷ്ട ഇടവേളകളിൽ സംയുക്ത പരിശോധന നടത്തുകയോ തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്യാതെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കറൻറ് ചാർജിനത്തിൽ തുക ചെലവഴിക്കുന്നത്. ഇക്കാരണത്താൽ ചാർജ് അടയ്ക്കുന്ന തുകയ്ക്ക് തുല്യമായി വിളക്കുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. അപാകതകളെക്കുറിച്ചുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം വർഷം /ഖണ്ഡിക | ഇനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| കുന്ദമംഗലം 2003-04 2(ii) | തെരുവു വിളക്ക് | 89799 | മാറ്റി സ്ഥാപിക്കുന്നതിനായി വാങ്ങിയ ട്യൂബ് |

#### കുന്ദമംഗലം ഗ്രാമപഞ്ചായത്ത്:-

കോഴിക്കോട്, വയനാട് ദേശീയ പാതയിലെ ഏറ്റവും തിരക്കുള്ള ഗ്രാമപഞ്ചായത്തായ കുന്ദമംഗലം പഞ്ചായത്തിലെ നിരവധി ദേശങ്ങളിൽ അടിയന്തിരമായി വെളിച്ചം നൽകുന്നതിന് വേണ്ടിയാണ് തെരുവു വിളക്ക് സ്ഥാപിച്ചിട്ടുള്ളത്. നിലവിലുള്ളതും പഴയതുമായ ഇലക്ട്രിക് ഉപകരണങ്ങൾ നന്നാക്കിയും പുതിയവ സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത് പൊതു ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഈ പദ്ധതി പ്രകാരം പരിഹരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ത്വരിതഗതിയിൽ നടപ്പാക്കിയ പ്രവർത്തനം മൂലം ബന്ധപ്പെട്ട വകുപ്പിൽ സാക്ഷ്യപത്ര ഹാജരാക്കാൻ സാധിച്ചിട്ടില്ലായെന്ന വസ്തുത പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ആയത് മാപ്പാക്കണമെന്നും പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്

#### താമരശ്ശേരി പഞ്ചായത്ത്:-

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 2003-04 വർഷത്തിൽ 110177 രൂപ മുതൽ മുടക്കി വാങ്ങിയ തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയെങ്കിലും വിനിയോഗ വിവരം, തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനുള്ള വിശദാംശം എന്നിവ രേഖപ്പെടുത്തിയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട്2003-04 3(10)). വിവിധ വാർഡുകളിലേക്കുള്ള തെരുവ് വിളക്കുകൾ പഞ്ചായത്ത് അംഗങ്ങൾക്ക് കൈമാറുകയും രസീതിയും വിനിയോഗ വിവരവും വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ട ബോധിപ്പിച്ചിട്ടുണ്ട്.

#### പെരുവയൽ ഗ്രാമപഞ്ചായത്ത്:-

ബഹു.തദ്ദേശസ്വയം ഭരണ വകുപ്പിലുള്ള ഉത്തരവ്

| | | | | | |
|---|---|---|---|---|---|
| | | റിപ്പയർ മാറ്റി സ്ഥാപിക്കൽ | | ലൈററ്, ചോക്ക് മുതലായ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല. ഇവ ഉപയോഗിച്ചതിന് രേഖയില്ല കേടായ സാധനങ്ങൾ തിരികെ സ്റ്റോക്കിലെടുത്തില്ല. | നിലനില്ക്കുന്നുണ്ടെങ്കിലും കെ.എസ്.ഇ.ബി. അധികൃതരുമായി ഇത് സംബന്ധിച്ച് ബന്ധപ്പെട്ടപ്പോൾ അവരുടെ ഡിപ്പാർട്ട്മെൻറിൽ ഇത്തരം എഗ്രിമെൻറ് വെക്കുന്ന രീതി നിലവിലില്ല എന്നാണ് അറിയിച്ചത്. പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാലാണ് എഗ്രിമെൻറ് വെക്കാതെയും ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചത്. കെ.എസ്.ഇ.ബി.യിൽ പണം ഡിപ്പോസിറ്റ് ചെയ്ത എല്ലാ പ്രവൃത്തികളും സമയബന്ധിതമായും തൃപ്തികരമായും പൂർത്തീകരിച്ചിട്ടുണ്ടെന്നും എഗ്രിമെൻറ് വെക്കാത്തതുമൂലം പഞ്ചായത്തിന് യാതൊരു വിധ അധിക സാമ്പത്തിക ബാധ്യതയും വന്നിട്ടില്ല എന്ന വിവരം കൂടി ബോധിപ്പിക്കുന്നു. |
| | താമരശ്ശേരി 2003-04 3(10) | തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ | 110177 | വാങ്ങിയ ഉപകരണങ്ങളുടെ വിനിയോഗം. രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. സ്ഥാപിച്ചതിൻെറ രേഖയില്ല. | |
| | പെരുവയൽ 2003-04 3(12) | തെരുവ് വിളക്ക് സ്ഥാപിക്കൽ | 708590 | കെ എസ്.ഇ.ബി.യുമായി കരാർ വെയ്ക്കാതെ സ്വകാര്യ വ്യക്തിയെ പ്രവൃത്തി ഏൽപ്പിച്ചു മുഴുവൻ തുകയും നൽകി പ്രവൃത്തി പൂർത്തീകരണ വിവരമില്ല | തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിന് പൊതുജനങ്ങളിൽ നിന്നും വളരെയധികം സമ്മർദ്ദം ഉണ്ടാകാറുണ്ട്. എന്നാൽ തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിന് മാത്രം കരാറെടുക്കാൻ ആരും താത്പര്യം കാണിക്കാറില്ല. ജനങ്ങളുടെ പ്രയാസം കണക്കിലെടുത്താണ് തയ്യാറായി വന്ന പാർട്ടികൾക്ക് പ്രവർത്തി പെട്ടെന്ന് ഏൽപ്പിച്ച് നല്കിയത്.<br><br>തെരുവ് വിളക്കുകളുടെ എണ്ണവും കാര്യക്ഷമതയും തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു. |
| 3.79.8 | | **3.79.8 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്**<br><br>സർക്കാരിന്റെ 31.05.2002 ലെ 19990/ബി.2/02.തസ്വഭവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് | | | **3.79.8 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്**<br><br>താമരശ്ശേരി ഗ്രാമപഞ്ചായത്ത്<br>- |

മാച്ചിംഗ് ഗ്രാൻറ് നൽകിയിട്ടുണ്ട്. തുക മാച്ചിംഗ് ഗ്രാൻറായി കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ അവരുടെ പ്രവർത്തനത്തെക്കുറിച്ചും അവർ ഏർപ്പെട്ട തൊഴിൽ സംരംഭങ്ങളെക്കുറിച്ചും അതുപോലെ ലഘു സമ്പാദ്യത്തെക്കുറിച്ചും യാതൊരു വിശദാംശങ്ങളും പഞ്ചായത്തിന് നൽകുകയോ പഞ്ചായത്ത് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. തുക കൈപ്പടിയ കുടുംബശ്രീ യൂണിറ്റുകൾ അവരുടെ പാസ്ബുക്ക്, പ്രവർത്തന റിപ്പോർട്ട് എന്നിവയും പഞ്ചായത്തിന് പരിശോധനയ്ക്ക് നൽകിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം വർഷം /ഖണ്ഡിക | നൽകിയ തുക (രൂപ) | ഉദ്ദേശം | ഇപ്പോഴത്തെ അവസ്ഥ/റിമാർക്സ് |
|---|---|---|---|
| താമരശ്ശേരി 2002-03 3(20) | 120000 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ധനസഹായം | 12 യൂണിറ്റുകൾക്ക് 10000 രൂപ വീതം നൽകി. ബാങ്ക് അക്കൗണ്ട് പാസ്ബുക്ക്, പ്രവർത്തന റിപ്പോർട്ട് എന്നിവയില്ല. |
| ചാത്തമംഗലം 2003-04 3(5) | 156123 | മാച്ചിങ് ഗ്രാൻറ് | 21 യൂണിറ്റുകൾക്ക് നൽകിയത് അക്കൗണ്ടിൽ വരവു വന്നതു സംബന്ധിച്ച ബാങ്ക് പാസ്ബുക്ക് മിനുട്സ് ബുക്ക് എന്നിവ |

താമരശ്ശേരി ഗ്രാമപഞ്ചായത്ത് 2002-03 വർഷത്തിൽ 12 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ധനസഹായമായി 120000 രൂപ കൈപ്പറ്റിയ യൂണിറ്റുകൾ അവരുടെ ക്യാഷ് ബുക്ക് പ്രവർത്തന റിപ്പോർട്ട് എന്നിവ പഞ്ചായത്തിന് പരിശോധനക്ക് ഹാജരാക്കിയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട് 2002-03 3(20)). ഓഡിറ്റ് പരാമർശ അടിസ്ഥാനത്തിൽ നിലവിൽ തുക കൈപ്പറ്റുന്ന കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും പ്രവർത്തന റിപ്പോർട്ടും കാഷ് ബുക്കും പഞ്ചായത്തിൽ പരിശോധനക്ക് ഹാജരാക്കുകയും ആയത് പരിശോധിക്കുകയും ചെയ്യുന്നുണ്ട് എന്ന് ബോധിപ്പിക്കുന്നു.

**<u>ചാത്തമംഗലം ഗ്രാമപഞ്ചായത്ത്:-</u>**

ബന്ധപ്പെട്ട പരാമർശം പരിശോധിച്ചതിൽ റിവോൾവിംഗ് ഫണ്ട് തുക 156123/- രൂപ പഞ്ചായത്തിലെ 21 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുള്ളതാണ്. തുക നൽകിയതിനുള്ള ചെക്ക് നമ്പറും മറ്റ് അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്ത് ഓഡിറ്റ് സമയത്ത് ഹാജരാക്കി നൽകിയിട്ടുള്ളതാണ്. എന്നാൽ വിവിധ യൂണിറ്റുകൾ തുക സ്വീകരിക്കുന്നത് അവരവരുടെ രേഖകളിൽ എഴുതി സൂക്ഷിക്കുന്നതിന് വീഴ്ച വരുത്തിയതാണ് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

-140

| | | |
|---|---|---|
| | ലഭ്യമല്ല. പ്രവർത്തനവിവരം ലഭ്യമല്ല. | |

3.79.10

**3.79.10 തനത് ഫണ്ടിൽ നിന്ന് കുടിവെള്ള/ജലസേചന പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകി.**

2002-03, 2003-04 വർഷങ്ങളിൽ പദ്ധതിപ്പണം ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുള്ള വിവിധ ജലസേചന, കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകുന്നതിനായി പല പഞ്ചായത്തുകളും തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതായി കാണുന്നു. ആസൂത്രണ വകുപ്പിൻെറ ജി.ഒ.എം.എസ് 20/02 നമ്പർ ഉത്തരവ് തിയ്യതി 06.06.02 പ്രകാരം കുടിവെള്ള പദ്ധതികളും ജലസേചന പ്രോജക്ടുകളും നിർമ്മാണം പൂർത്തിയാക്കിയ ശേഷം ഗുണഭോക്തൃപരിപാലന കമ്മിറ്റി രൂപീകരിച്ച് തുടർ പ്രവർത്തനം ഏൽപ്പിക്കേണ്ടതും ആയതിൻെറ നടത്തിപ്പും മറ്റ് അറ്റകുറ്റപ്പണികളും ഈ കമ്മിറ്റിയുടെ ചുമതലയായിരിക്കുന്നതുമാണ്.

മേൽ പ്പറഞ്ഞ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താഴെ വിശദീകരിച്ച പ്രകാരം കുടിവെള്ള/ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടച്ചതിൻെറ വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനം | വർഷം /ഖണ്ഡിക | പദ്ധതികളുടെ പേര്/എണ്ണം | വൈദ്യുതി ചാർജ്ജ് അടച്ച തുക |
|---|---|---|---|
| പെരുമണ്ണ | 03-04 3(4) | ഇട്ടേരിക്കുന്ന്, ചെറുകുന്ന് കുടിവെള്ളപദ്ധതി | 14733 |
| തിരുവള്ളൂർ | 02-03 3(2) | പെരാനട്ടുകുന്ന് | 16920 |

**3.79.10 തനത് ഫണ്ടിൽ നിന്ന് കുടിവെള്ള/ജലസേചന പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകി**

**പെരുമണ്ണ ഗ്രാമപഞ്ചായത്ത്:-**

ജി.ഒ.ആർ.ടി3062/2007 ത.സ്വ.ഭ.വ തിയ്യതി 12.11.2007 ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടക്കരുത് എന്ന സർക്കുലറിന്മേൽ പുതുക്കിയ നിർദ്ദേശമായി ചാർജ് അടവാക്കാം എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും നേരത്തെ അടവാക്കിയിട്ടുള്ള ഗ്രാമപഞ്ചായ ത്തുകളുടെ നടപടിക്ക് സാധൂകരണം നൽകിയിട്ടുള്ളതിനാൽ ടി പാരയിൽ ഉൾപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു.

**തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്:-**

പെരലോട്ട് കുന്ന് കുടിവെള്ള പദ്ധതി വൈദ്യുത ചാർജ്ജ് അടക്കേണ്ടി വന്ന സാഹചര്യം വിലയിരുത്തി. അക്കാലത്ത് അതി രൂക്ഷമായ വരൾച്ച കാരണം കുടിവെള്ളമില്ലാത്ത സമയത്താണ് വൈദ്യുതി ചാർജ്ജ് അടക്കാത്ത പക്ഷം വൈദ്യുതി കണക്ഷൻ വിഛേദിക്കുമെന്ന് കെ.എസ്സ്.ഇ.ബി അറിയിക്കുന്നത്. കുടിവെള്ളം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായതിനാൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കണക്ഷന് പുനസ്ഥാപിക്കുകയായിരുന്നു. GO( RT) 3062 /2007 തസ്വഭവ തീയ്യതി 12/11/2007 പ്രകാരം തനത് ഫണ്ടിൽ നിന്നും അടച്ച എല്ലാ തുകകൾക്കും സാധൂകരണം നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി

_ 141

| | | |
|---|---|---|
| | ന്ന് ജലസേചനപദ്ധതി | |

3.79.11

<u>3.79.11 കന്നുകുട്ടി പരിപാലനം - അപാകതകൾ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ /ക്ഷീരോൽപാദന സഹകരണസംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന കന്നുകുട്ടി പരിപാലനപദ്ധതി നടപ്പാക്കുന്നതിൽ 20.01.2001 എം.എസ്.11/01/(മൃഗസംരക്ഷണം) നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതിയ്ക്ക് സബ്സിഡിയായി തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന തുകയ്ക്ക് പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർ വിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥ പല പഞ്ചായത്തുകളിലും പാലിക്കപ്പെട്ടിട്ടില്ല. തുക അനുവദിക്കുകയല്ലാതെ, തുക സ്വീകരിച്ചതിനുള്ള രശീതി, പദ്ധതിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് തുടങ്ങിയ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തുകൾ വിഹിതം നൽകുന്നുണ്ടെങ്കിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ഓരോ പഞ്ചായത്തിലെയും ഗുണഭോക്താക്കൾക്ക് എത്രത്തോളം ലഭ്യമാകുന്നുണ്ടെന്നതു സംബന്ധിച്ച യാതൊരു രേഖകളും ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം വർഷം/ഖണ്ഡിക | ചെലവഴിച്ച തുക രൂപ | അപാകത |
|---|---|---|
| 1. താമരശ്ശേരി 2003-04 3(20) | 273000 | കന്നുകുട്ടി പരിപാലന പദ്ധതി അസിസ്റ്റൻറ് ഡയറക്ടർക്ക് നൽകിയ തുകയുടെ ചെലവു വിവരം, വിനിയോഗ |

റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>3.79.11 കന്നുകുട്ടി പരിപാലനം - അപാകതകൾ</u>

<u>താമരശ്ശേരി ഗ്രാമപഞ്ചായത്ത്:-</u>

2003-04 വർഷത്തിൽ കന്നുകുട്ടി പരിപാലനം പദ്ധതി പ്രകാരം അസിസ്റ്റൻറ് ഡയറക്ടർക്ക് നൽകിയ 273000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല എന്ന് ഓഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്. ( ഓഡിറ്റ് റിപ്പോർട്ട് 2003-04 3 (20) ഓഡിറ്റ് പരാമർശ അടിസ്ഥാനത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടർക്ക് നൽകി ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>കാരശ്ശേരി ഗ്രാമപഞ്ചായത്ത്:-</u>

2003-04 വർഷത്തിൽ കന്നുകുട്ടി പരിപാലനം പദ്ധതി പ്രകാരം അസിസ്റ്റൻറ് ഡയറക്ടർക്ക് നൽകിയ 198250 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല എന്ന് ഓഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്. ( ഓഡിറ്റ് റിപ്പോർട്ട് 2003-04 3 (20) ഓഡിറ്റ് പരാമർശ അടിസ്ഥാനത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടർക്ക് നൽകി ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു

<u>പെരുവയൽ ഗ്രാമപഞ്ചായത്ത്:-</u>

പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടർക്ക് നൽകി ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട്

| | | | | |
|---|---|---|---|---|
| | | | സർക്കിഫിക്കറ്റ് എന്നിവ ലഭ്യമല്ല. | ചെയ്ത വിവരം ബോധിപ്പിക്കുന്നു. |
| | 2. കാരശ്ശേരി<br>2003-04 3(10) | 198250 | കന്നുകുട്ടി പരിപാലന പദ്ധതി അസിസ്റ്റൻറ് ഡയറക്ടർക്ക് നൽകിയ തുകയുടെ ചെലവു വിവരം, വിനിയോഗ സർക്കിഫിക്കറ്റ് എന്നിവ ലഭ്യമല്ല. | |
| | 3. പെരുവയൽ<br>2003-04 3(13) | 243750 | ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | |
| .79.12 | **3.79.12 കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലെയും പരിപാലനത്തിലെയും അപാകതകൾ**<br><br>അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സബ്സിഡി മാനദണ്ഡങ്ങളിലെ വ്യവസ്ഥകൾ, കാർഷികോപകരണങ്ങളുടെ വിതരണത്തിലും പരിപാലനത്തിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടില്ല. ട്രാക്ടറുകളും, ട്രില്ലറുകളും മറ്റ് കാർഷിക യന്ത്രോപകരണങ്ങളും കർഷക സഹകരണ സംഘങ്ങൾക്കും പാടശേഖരസമിതികൾക്കും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ ഉപയോഗം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് മേൽ സമിതി/സംഘങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന വ്യവസ്ഥ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടില്ല. കൂടാതെ ഉപകരണങ്ങൾ കൈ പ്പറ്റിയ സംഘങ്ങൾ അവയിൽ നിന്നുണ്ടാകുന്ന വരവു | | | **3.79.12 കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലെയും പരിപാലനത്തിലെയും അപാകതകൾ**<br><br>**ഉണ്ണികുളം ഗ്രാമപഞ്ചായത്ത്:-**<br><br>2002-03 വർഷത്തിൽ 13/03 നമ്പർ നെൽകൃഷി വികസന പ്രൊജക്ടിലെ ഘടകമായ കാർഷിക രംഗത്ത് യന്ത്രവത്ക്കരണ പരിപാടിയുടെ ഭാഗമായാണ് രജിസ്റ്റർ ചെയ്ത് പുതുക്കി വരുന്നതുമായ രണ്ട് പാടശേഖര സമിതികൾക്ക് പൂർണ്ണമായും പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി പവർ ടില്ലർ നൽകുന്നതിന് അനുമതി ലഭിച്ചത്. മുനഗണനാ, അർഹതാ മാനദണ്ഡങ്ങൾ മുഴുവൻ പാലിച്ചാണ് രണ്ട് സമിതികളെ തിരഞ്ഞെടുത്തത്. 230000 രൂപ പദ്ധതി വിഹിതമായി നീക്കി വച്ചിരുന്നു. പവർ ടില്ലറുകളുടെ വില 235304 രൂപയിൽ പദ്ധതി വിഹിതം കഴിച്ചുള്ള 5304 രൂപ അതത് സമിതികൾ അടച്ചതാണ്. |

ചെലവുകളെ സംബന്ധിച്ച് കണക്കുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലും ഉള്ള അപാകതകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം വർഷം ഖണ്ഡിക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂപ) | അപാകതകൾ |
|---|---|---|---|
| ഉണ്ണികുളം 2002-03 3/17 | നെൽകൃഷി പ്രോൽസാഹനം | 235304 | 1. പവർ ടില്ലറുകൾ വാങ്ങി രണ്ട് സമിതികൾക്ക് കൈ മാറിയെങ്കിലും ഓരോ സമിതിക്കും 2652 രൂപ മാത്രമാണ് ചെലവ് വന്നത്. ഈ സാഹചര്യത്തിൽ പവർ ടില്ലറിന്റെ രജിസ്ട്രേഷൻ പഞ്ചായത്തിന്റെ പേരിൽ നടത്തേണ്ടതിനുപകരം സമിതിയുടെ പേരിൽ നടത്തിയത് അപാകതയാണ്<br>2. ടില്ലറിന്റെ സൂക്ഷിപ്പ് ഉപയോഗം എന്നിവ കൃഷി ഓഫീസർ പരിശോധന നടത്തിയിരുന്നില്ല.<br>3. ടില്ലറിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |

ജനകീയാസൂത്രണം സർക്കാർ കൃഷി വകുപ്പ് മുഖേന യന്ത്രവത്ക്കരണ പരിപാടിയിലൂടെ നൽകുന്ന പവർ ടില്ലറുകൾ അതത് സമിതികളുടെ പേരിലാണ് നൽകുന്നത്. ജനകീയാസൂത്രണം കേരള വികസനപദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശക മാനദണ്ഡത്തിൽ രജിസ്റ്റർ ചെയ്ത പാട ശേഖരസമിതികൾക്ക് 100 ശതമാനം സബ്സിഡി നിരക്കിൽ പവർടില്ലറുകളും മറ്റ് കാർഷിക യന്ത്രങ്ങളും വാങ്ങുന്നതിന് നിർദ്ദേശമുണ്ട്. കൂടാതെ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും അവ നൽകപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്നും മാനദണ്ഡത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് അടിസ്ഥാനത്തിൽ 50 രൂപ വിലയുള്ള മുദ്ര പത്രത്തിൽ ബന്ധപ്പെട്ട പാടശേഖരസമിതി ഭാരവാഹികൾ ഉടമ്പടി നൽകിയിട്ടുണ്ട്. ഉടമ്പടിയിലെ അഞ്ചാം നമ്പറായി രേഖപ്പെടുത്തിയ ഉടമ്പടി വാചകത്തിൽ പാടശേഖര സമിതിക്ക് അനുവദിച്ചിട്ടുള്ള ടില്ലറും അനുബന്ധ ഉപകരണങ്ങളും അതു സംബന്ധിച്ചുള്ള മുഴുവൻ രേഖകളും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ഏതുസമയത്തും പരിശോധിക്കാവുന്നതും ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെട്ടാൽ പഞ്ചായത്തി അംഗീകാരത്തിനുവിധേയമായി കൃഷി ഓഫീസറുടെ ഉത്തരവ് പ്രകാരം മേൽ ഉപകരണങ്ങൾ പിടികൂടി സമാനരീതിയിൽ പ്രവർത്തിക്കുന്ന മറ്റൊരു പാടശേഖരസമിതിക്ക് ൽപ്പിച്ചുകൊടുക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ തടസ്സവാദങ്ങൾ ശ്രദ്ധയിൽ പെടുത്തിയതിനുശേഷം രണ്ട് പവർ ടില്ലറുകളുടെ സൂക്ഷിപ്പ് തുടർ ഉപയോഗം വരവ് ചെലവ് കണക്കുകൾ എന്നിവ കൃഷി ഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും പാടശേഖരസമിതികളുടെ വാർഷിക ജനറൽ ബോഡികളിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 4. മൂലധന നിക്ഷേപം തിരികെ ലഭിക്കുവാനോ പുനർനിക്ഷേപം നടത്തുവാനോ ഉള്ള വ്യവസ്ഥ കരാറിൽ ഇല്ല. |
| 4. പനങ്ങാട് 2003-04 3/02 | പവർ ടില്ലർ റിപ്പയർ | 11674 | റിപ്പയറിംഗ് തുക ചെലവഴിച്ചെങ്കിലും ടില്ലർ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ടില്ലർ ആരാണ് സൂക്ഷിക്കുന്നതെന്ന് വ്യക്തമല്ല. |
| 6. തിക്കോടി 2003-04 3/13 | സമഗ്ര വയൽ കൃഷി കാർഷികോപകരണങ്ങൾ | 325450 | പവർടില്ലർ,യന്ത്രകലപ്പ രണ്ടു പാടശേഖര സമിതികൾക്ക് കൈമാറി, തുടർ പ്രവർത്തനമില്ല. |
| 7. തിക്കോടി 2004-05 3/3 | നെൽകൃഷി വികസനം | 79220 | യന്ത്രകലപ്പ വാങ്ങി പാടശേഖര സമിതിയ്ക്ക് കൈ മാറിയതിന്റേ യും ഉപയോഗിക്കുന്നതിന്റെ യും രേഖകൾ ലഭ്യമല്ല. |
| 8. കുന്നുമ്മൽ 2002-03 3/3 | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം | 384637 | 1997-98 ൽ വാങ്ങി ട്രാക്റ്ററും ട്രെയിലറും ഉപയോഗപ്പെടുത്താതെ |

പവർ ടില്ലർ ഉപയോഗവും ആയതിന് വന്ന ചെലവും, ഉപയോഗം വഴി വന്ന വരവും, പവർ ടില്ലർ സംരക്ഷണത്തിനുവേണ്ട ചെലവുകളും സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരുന്നു. കൃഷി ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പരിശോധനയിൽ ലഭ്യമാക്കുവാൻ സാധിച്ചില്ല എന്നത് വീഴ്ചയാണ്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകില്ല എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

പ്രൊജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനം, ലക്ഷ്യം എന്നിവയിൽ ഒന്നിലും പവർ ടില്ലർ മൂലധന നിക്ഷേപം തിരിച്ചു ലഭിക്കുന്നതിനെയോ, പുനർ നിക്ഷേപം ചെയ്യുന്നതിനോ കരാർ വ്യവസ്ഥയിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നില്ല. നെൽകൃഷി രംഗത്തെ തൊഴിലാളികളുടെ ലഭ്യത കുറവ്, സമയത്ത് കൃഷി ഇറക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും, പണിക്കൂലിയിലുണ്ടാകുന്ന ഭീമമായ തുക കുറച്ച് കൊണ്ടുവരുന്നതിനും സഹായകരമായ ഒരു പദ്ധതിയായിട്ടാണ് ഇത് നടപ്പിലാക്കിയത്. കൃഷി ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു.

പനങ്ങാട് ഗ്രാമപഞ്ചായത്ത്:-

രണ്ട് പാടശേഖര സമിതികളിലായി നെൽകൃഷി നടത്തുന്നതിനാണ് പവ്വർ ടില്ലറുകൾ ഉപയോഗിച്ച് വന്നത്. ഇന്ധന ചെലവും ഡ്രൈവർ വേതനവും പാടശേഖര സമിതികൾ തന്നെ വഹിക്കുകയും പവ്വർ ടില്ലറുകൾ പൂർണ്ണ സമയം ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. ആദായകരമല്ലാത്ത നെൽകൃഷി ചെയ്യുന്നതിന് വേണ്ടി ഉപയോഗിക്കുന്ന പ്രസ്തുത പവ്വർ ടില്ലറിന് വന്ന മേജർ റിപ്പയറിംഗ് എന്ന നിലയിലാണ് പഞ്ചായത്ത് റിപ്പയറിംഗ് നടത്തിയത്. അന്യം നിന്ന് പോവുന്ന നെൽകൃഷി നിലനിർത്തുക എന്ന ഉദ്ദേശത്തോടുകൂടിയും

| | | | | | | |
|---|---|---|---|---|---|---|
| | | | | ത്തെ തുരുമ്പെടുത്ത് നശിക്കുന്നു. | | പാടശേഖര സമിതികൾക്ക് വലിയ തുക ചെലവഴിക്കുന്നതിന് ശേഷിയില്ല എന്നും പരിഗണിച്ചാണ് പഞ്ചായത്ത് തുകചെലവഴിച്ചത് പവ്വർ ടില്ലർ പ്രവർത്തന ക്ഷമമാക്കിയത്. രണ്ട് പവ്വർ ടില്ലറുകളും നിലവിൽ റിപ്പയർ ചെയ്യാൻ കഴിയാത്ത വിധം ഉപയോഗ ശൂന്യമായിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.<br><br>**<u>തിക്കോടി ഗ്രാമപഞ്ചായത്ത്:-</u>**<br><br>പാലേരി താഴം പാടശേഖരസമിതിക്ക് യന്ത്രകലപ്പ നൽകിയതിനുള്ള രേഖ ഗ്രാമപഞ്ചായത്തിലുണ്ട്. യന്ത്രക്കലപ്പ പാടശേഖര സമിതിയിലെ അംഗങ്ങൾക്ക് കൃഷി ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്. പാടശേഖര സമിതിയുടെ രജിസ്ട്രേഷൻ 471/2000 ആണ്. പാലേരിതാഴം നെല്ലുൽപാദക സമിതിയുടെ സെക്രട്ടറിയുമായി വെച്ച ഉടമ്പടിയും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നുണ്ട് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 20/05/2010 തിയ്യതിയിലെ എൽഎഫ്/കെകെഡി/പി4/90/10 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുണ്ട് എന്ന കാര്യം ബോധിപ്പിക്കുന്നു.<br><br>**<u>കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്</u>**<br><br>1998 ൽ വാങ്ങിയ ട്രാക്ടറും ട്രെയിലറും റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയറുടെ സേവനം തേടാനും റിപ്പയർ സാധ്യമാകാത്ത പക്ഷം സർക്കാർ അനുമതിയോടെ ലേലം ചെയ്യാനും ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ |
| 9. ചാത്തമംഗലം 2003-04 3/6 | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം | 10963 | | 11.08.2000 ൽ ട്രാക്റ്റർ, ട്രയിലർ, കൊയ്ത്തു യന്ത്രം എന്നിവ ചാത്തമംഗലം സർവീസ് സഹകരണ ബാങ്കിനെ ഏൽപ്പിച്ചു. വാടകയിനത്തിലെ ലാഭവിഹിതത്തിന്റെ 60% ഗ്രാമപഞ്ചായത്തിന് അർഹതപ്പെടുതാണെങ്കിലും 11/02 മുതൽ 8/03 വരെ വരവ് ചെലവ് കണക്ക് സമർപ്പിച്ചില്ല. അതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും റിപ്പയർ ചാർജ് അനുവദിച്ചത് അംഗീകരിക്കുന്നില്ല. | | |

| | | |
|---|---|---|
| | | 19.06.2018 ലെ ബി4-5701/17 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD സബ് ഡിവിഷൻ, കോഴിക്കോടിനോട് വാഹനം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടു. 08.10.2018 ന് വാഹന പരിശോധന നടത്തി. സി. 814/പിടി കത്ത് പ്രകാരം വാഹനത്തിന്റെ എസ്റ്റിമേറ്റ് , വാഹന ചരിത്രം, വാഹന രജിസ്ട്രേഷൻ പകർപ്പ് എന്നിവ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുകയാണ്. ശക്തി ഓട്ടോ മൊബൈൽസ് ആന്റ് മെറ്റൽ വർക്കിൽ നിന്നും ട്രാക്ടറിന്റെ എസ്റ്റിമേറ്റ്. വാഹന ചരിത്രം എന്നിവ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.<br><br>**<u>ചാത്തമംഗലം ഗ്രാമപഞ്ചായത്ത്:</u>**<br><br>പരാമർശം പരിശോധിച്ചതിൽ കാർഷിക മേഖലയുടെ വികസനത്തിന് വേണ്ടി ഗ്രാമപഞ്ചായത്ത് ഉപകരണങ്ങൾ വാങ്ങി സഹകരണ സ്ഥാപനത്തെ ഏൽപ്പിക്കുകയും സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് ഉടമ്പടിവെച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പ്രതിപാതിക്കുന്നുണ്ട്. വാടകയ്ക്ക് നൽകാൻ കഴിയാത്ത സാഹചര്യങ്ങൾ ഉയർന്നു വന്നപ്പോൾ ഗ്രാമപഞ്ചായത്ത് തുക നൽകി യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുകയാണുണ്ടായത്. ഈ തുക ഗ്രാമപഞ്ചായത്ത് നൽകിയത് അന്യം നിന്നുപോകുന്ന കൃഷി നിലനിർത്തുക എന്ന ഉദ്ദേശത്തോടെയും കർഷകരുടെ ഉന്നമനത്തിനും വേണ്ടിയായിരുന്നു വെന്ന് സമർപ്പിക്കുന്നു |
| 3.79_13 | 3.79_13 സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നത് ക്രമവിരുദ്ധം<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ | .79_13 സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നത് ക്രമവിരുദ്ധം<br><br>**<u>കുന്ദമംഗലം ഗ്രാമപഞ്ചായത്ത്:-</u>** |

സാധനസാമഗ്രികൾ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെയാണ് വാങ്ങിക്കുന്നത്. 20000/- രൂപയിൽ കൂടിയ പർച്ചേസുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്നും, ആയതിന് പത്രപരസ്യം നൽകണമെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും പല പഞ്ചായത്തുകളും ഇപ്രകാരം പ്രവർത്തിക്കുന്നില്ല. ടെണ്ടറുകൾക്കുപകരം ക്വട്ടേഷൻ ക്ഷണിക്കുന്നതായും, ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ വാങ്ങിക്കുന്ന സാധനത്തിന്റെ പ്രത്യേക ബ്രാൻറ് ആവശ്യപ്പെടുന്നതായും റേറ്റ് കോൺട്രാക്ട് നിലവിലുള്ള സാധനങ്ങൾ, മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുന്നതായും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തതായും പല പഞ്ചായത്തുകളിലെയും ഓഡിറ്റ് പരിശോധനയിൽ കാണുന്നു. അപാകത സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം /വർഷം /ഖണ്ഡിക | ഇനം | ചെലവഴിച്ച തുക (രൂപ) | അപാകതകൾ |
|---|---|---|---|
| കുന്ദമംഗലം 2003-04 2/9 | കണ്ണട വിതരണം | 60800 | നേത്ര പരിശോധനാ ക്യാമ്പ് നടത്തിയ സ്ഥാപനത്തിൽ നിന്ന് തന്നെ ചട്ടം പാലിക്കാതെ കണ്ണട വാങ്ങി നൽകി. |
| കുന്ദമംഗലം 2003-04 2/14 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 164250 | ടെണ്ടറിനു പകരം ക്വട്ടേഷൻ ക്ഷണിച്ചു പ്രത്യേക ബ്രാൻഡുകൾ ക്ഷണിച്ചു. |
| അഴിയൂർ 2001-02 3/6 | ഫർണിച്ചർ | 9150 | റേറ്റ് കോൺട്രാക്ട് സ്ഥാപനത്തിൽ നിന്ന് |

ഗ്രാമപഞ്ചായത്തും മലബാർ കണ്ണാശുപത്രിയും സംയോജിതായി നടത്തിയ ഈ പദ്ധതി ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരുന്നു. ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്ഥാപനം കാര്യത്തിൽ പൂർണ്ണമായി സഹകരിക്കുകയും ആയതിന്റെ ഭാഗമായി മറ്റ് മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് കണ്ണട വാങ്ങുകയുമാണ് ചെയ്തത്. മറ്റു സ്ഥാപനങ്ങളിൽ നിന്നും വില കുറച്ചാണ് ബന്ധപ്പെട്ട മലബാർ ഐ ഹോസ്പിറ്റൽ കണ്ണട നൽകിയിട്ടുള്ളത്. കണ്ണ് പരിശോധനയും കണ്ണട നൽകലും ഒന്നിച്ചു നടത്തിയഈ പ്രവർത്തനം ഗ്രാമപഞ്ചായത്തിന് യാതൊരു വിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്...

<u>കുന്ദമംഗലം ഗ്രാമപഞ്ചായത്ത്:-</u>

ബന്ധപ്പെട്ട പരാമർശം ശ്രദ്ധിച്ചു. അടിയന്തിരമായി വെളിച്ചം ലഭ്യമാക്കുക എന്ന നിലപാടിലാണ് ക്വട്ടേഷൻ ക്ഷണിച്ചു വാങ്ങുവാൻ തിരുമാനിച്ചത്. മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്ത് വാങ്ങി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ഉപകരണങ്ങൾ മിക്കവയും ഗുണമേന്മമയില്ലായെന്ന് ബോധ്യപ്പെട്ടത് അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ പ്രമുഖ കമ്പനികളുടേതായ ഇലക്ട്രിക് സാധനങ്ങൾ വേണമെന്ന നിർദ്ദേശമുണ്ടായത്. ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ഈ ഇലക്ട്രിക് ഉപകരണങ്ങൾ വർഷങ്ങളോളം ഉപയോഗിക്കാൻ കഴിഞ്ഞുവെന്നതും വസ്തുതയാണ്. ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങുക എന്ന സദുദ്ദേശത്താടെ ചെയ്ത പ്രവൃത്തിയാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>അഴിയൂർ ഗ്രാമപഞ്ചായത്ത്:-</u>

2001-02 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ

| | | | |
|---|---|---|---|
| | | | വാങ്ങാതെ മറ്റ് സ്ഥാപനത്തിൽ നിന്നു വാങ്ങി |
| നന്മണ്ട 2002-03 3/2 | ഫർണിച്ചർ | 30000 | സിംഗർ ക്വട്ടേഷൻ പ്രകാരം വാങ്ങി. |
| തിക്കോടി 2003-04 3/8 | ഫർണിച്ചർ വാങ്ങൽ | 26000 | ടെണ്ടർ ക്ഷണിച്ചില്ല. പ്രത്യേക ബോൻഡ് ക്വട്ടേഷൻ ക്ഷണിച്ചു. |
| കുന്നുമ്മൽ 2002-03 3/5 | തെരുവ് വിളക്ക് സ്ഥാപിക്കലും സംരക്ഷണവും വും | 25420 | ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചു. പുസ്തക പ്രസാധകരിൽ നിന്നും ലഭിച്ച ക്വട്ടേഷൻ പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ബൾബ്, അനുബന്ധ സാധനങ്ങൾ വാങ്ങി. |

പരാമർശം 3(6) പ്രകാരം ഫർണിച്ചർ വാങ്ങിച്ചത് റേറ്റ് കോൺട്രാക്റ്റ് സ്ഥാപനത്തിൽ നിന്നല്ലാത്തതിനാൽ 9150/- രൂപ തടസ്സപ്പെടുത്തിയിരുന്നു. 22/09/11 ലെ എൽ എഫ് കെ കെഡി പി.5/1261/2011(9) നമ്പർ കത്ത് പ്രകാരവും പ്രസ്തുത പരാമർശം ഒഴിവായിട്ടുണ്ട് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്

<u>നന്മണ്ട ഗ്രാമപഞ്ചായത്ത്:-</u>

പ്രോജക്ട് നമ്പർ 5/50/2003- നമ്പർ പ്രകാരം പി.എച്ച്.സി അടിസ്ഥാനസൗകര്യം ഒരുക്കൽ എന്ന പദ്ധതിയിൽ മേശ, കസേര, അലമാര തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുകയും ആയത്പ്രകാരം ലഭിച്ച 6 ക്വട്ടേഷനുകൾ അംഗീകാരത്തിനായി പഞ്ചായത്ത് ഓഫീസിലേക്ക് അയച്ചിട്ടുണ്ടെന്നും അവ തിരികെ ലഭിക്കാത്തതിനാലാണ് ക്വട്ടേഷനുകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സാധിക്കാതെപോയതെന്ന് മെഡിക്കൽ ഓഫീസർ പി.എച്ച്.സി അറിയിച്ചിട്ടുണ്ട്. ആയതിന്റെ തെളിവിലേക്കായി കുറഞ്ഞതുക ക്വാട്ട്ചെയ്ത കോറസ് ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തിനൽകിയ കത്തിന്റെ കോപ്പി മെഡിക്കൽഓഫീസർ ഹാജരാക്കിയിട്ടുണ്ട്. പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് പ്രാദേശിക പരിശോധന നടത്തിയ സബ്കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>തിക്കോടി ഗ്രാമപഞ്ചായത്ത്:-</u>

ജവഹർലാൽ നെഹ്റു സാംസ്കാരിക നിലയം ഫർണിച്ചർ ലഭ്യമാക്കുന്നതിനുള്ള പ്രൊജക്ടിൽ വിദ്യാഭ്യാസ സാംസ്കാരിക വർക്കിംഗ് ഗ്രൂപ്പ് മാർക്കറ്റിൽ ആ സമയത്ത് ലഭ്യമായിട്ടുള്ള ഏറ്റവും ഗുണമേന്മയുള്ളതും വിലകുറഞ്ഞതുമായ നീൽകമൽ

150 - 149

ഫൈബർ കസേരയും മൈക്ക ടോപ്പ് സ്റ്റീൽ അലമാരയും വാങ്ങുന്നതിനാണ് എന്ന് പ്രൊജക്ടിൽ എടുത്തു പറയുകയും ജില്ലാ പ്ലാനിംഗ് കമ്മിറ്റി ആയത് യാതൊരു ഭേദഗതിയും കൂടാതെ അംഗീകരിക്കുകയും ഭരണ സമിതിയുടെ ഐക്യകണ്ഠേനയുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എ2/191/02 തിയ്യതി 15/11/2003 നമ്പർ കത്ത് പ്രകാരം മാതൃഭൂമി ദിനപത്രത്തിൽ ആയതിന്റെ ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് തന്ന അരുൺ ഫർണിച്ചറിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും നിയമാനുസൃതം EMD, FD യും കരാറിൽ ഏർപ്പെട്ടതിനുശേഷം സാധനം വാങ്ങുകയും ആണ് ചെയ്തത്. പഞ്ചായത്ത് സെക്രട്ടറിയായി നേരിട്ട് ജോലിയിൽ പ്രവേശിച്ചതിന്റെ പരിചയകുറവു കാരണം സർക്കുലർ നമ്പർ 36968(13/03/2001) തസ്വഭവ 22-203 ശ്രദ്ധയിൽ പെടാത്തതുമാണ് മേൽ പരാമർശം സംഭവിച്ചതിന് കാരണം. എന്നിരുന്നാലും പഞ്ചായത്തിന് ടി പ്രവർത്തികൊണ്ട് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഉള്ളതിനാൽ കരാറുകാരന്റെ ബില്ലിൽ നിന്ന് സെയിൽസ് ടാക്സ് ടിയാൻ സാധനം വാങ്ങുമ്പോൾ തന്നെ അടച്ചിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് ടിയാളിൽ നിന്നും സെയിൽസ് ടാക്സ് ഈടാക്കാതിരുന്നത്. മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ.

**കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്**

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളിൽ ചിലത് പ്രകാശിക്കാതെയായതും നിലവിലുള്ളവ കുറേയെണ്ണം നശിപ്പിക്കപ്പെട്ടതിനാലും പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചിരുന്നു. 2002-03 പദ്ധതി രൂപീകരണ ഗ്രാമസഭകളിൽ തെരുവ് വിളക്ക് സംരക്ഷണം ഒരു നിർദ്ദേശമായി ഉയർന്നുവന്നിരുന്നു. ഈ സാഹചര്യത്തിലാണ് 'തെരുവ് വിളക്ക് സ്ഥാപിക്കലും

സംരക്ഷണവും' എന്ന പ്രൊജക്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയത്. തെരുവ് വിളക്കുകളുടെ പരിപാലനവും സംരക്ഷണവും പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതിനാൽ പ്രൊജക്ട് പെട്ടെന്ന് നടപ്പാക്കേണ്ടിയിരുന്നു. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകുകയും ഏറ്റവും കുറഞ്ഞ നിരക്കിൽ ടി.ബി.എസ് പബ്ലിക്കേഷൻസ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് സമർപ്പിച്ച ക്വട്ടേഷൻ 17.07.2002 ലെ 47/2002-03 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

മിനിമോൾ എബ്രഹാം
ഗവ. അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471- 2518535

MIP-ൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (issue in 2nd Day)
pg. 31
151

## സമാഹൃത ഓഡിറ്റ് റിപ്പോർട്ട 2006- 07 വർഷത്തെ കോഴിക്കോട് ജില്ലയിലെ നഗരസഭകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.79.1 | ഗ്രാമപഞ്ചായത്തുകൾ - കെട്ടിട നികുതി, തൊഴിൽനികുതി - തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു | **<u>കോഴിക്കോട് നഗരസഭ</u>**<br><br>**<u>പയ്യോളി നഗരസഭ</u>**<br><br>കെട്ടിടനികുതി കുടിശ്ശിക മുഴുവൻതുകയും പിരിച്ചെടുത്തിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം കുടിശ്ശിക അടക്കം 100% തുക പിരിച്ചെടുത്തിട്ടുണ്ട്.<br><br>**<u>മുക്കം നഗരസഭ</u>**<br><br>2003-04 വർഷത്തിൽ ബസ്സ്റ്റാന്റ് ഫീസിനത്തിൽ ഷുക്കൂർ കളത്തിങ്ങൽപുറായിൽ അടക്കാനുണ്ടായിരുന്ന 50,266/- രൂപ ഈടാക്കുന്നതിന് വേണ്ടി പഞ്ചായത്ത് താമരശ്ശേരി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എസ്.ടി. 1546/2005 നമ്പറായി കേസ് നൽരിയിരുന്നെങ്കിലും 26-08-2003 ലെ 214/3(എ), 20-01-2014 ലെ 8/04(എ), 04-06-2007 ലെ 143/07 എന്നീ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കുകയും കുടിശ്ശിക തുക ഈടാക്കുന്നതിൽ നിന്ന് ടിയാനെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 2 | 2006-07 | 3.79.3 | **<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ</u>**<br><br>12.06.2003 ലെ ജി.ഒ.പി 319/2003ഫിൻ ഉത്തരവുപ്രകാരം നിലവിൽ വന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രധാനപെട്ട രജിസ്ടറുകളായ കാഷ്ബുക്ക് രജിസ്റ്റർ തെരുവിളക്കുകളുടെ എണ്ണവും ഇനവും കാണിക്കുന്ന രജിസ്ടർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. | **<u>കോഴിക്കോട് നഗരസഭ</u>**<br><br>നിലവിൽ കോഴിക്കോട് കോർപ്പറേഷനിലും ബന്ധപ്പെട്ട മേഖലാ ഓഫീസുകളിലും ഡിപ്പോസിറ്റ് രജിസ്ടർ, കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്ടർ, കെട്ടിടനികുതി നിർണ്ണയ രജിസ്ടർ, ക്യാഷ് ബുക്ക് എന്നിവ കാലികമായി എഴുതിസൂക്ഷിച്ചുവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | 2006-07 | 3.79.4 | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം - കാഷ് ബുക്കും മറ്റും ശരിയാംവിധം എഴുതുന്നില്ല<br><br>ജി ഒ (പി) 319/03/ഫിൻ 12.06.03 ഉത്തരവ് പ്രകാരമുളള ക്യാഷ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല | **പയ്യോളി നഗരസഭ**<br><br>നിലവിൽ തൊഴിൽനികുതി രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ തുടങ്ങി എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിച്ച് വരുന്നുണ്ട്.<br><br>**കോഴിക്കോട് നഗരസഭ**<br><br>നിലവിൽ കോഴിക്കോട് കോർപ്പറേഷനിലും ബന്ധപ്പെട്ട മേഖലാ ഓഫീസുകളിലും തൊഴിൽനികുതി രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ , ക്യാഷ് ബുക്ക് തുടങ്ങി എല്ലാ രജിസ്റ്ററുകളും കാലികമായി എഴുതിസൂക്ഷിച്ചുവരുന്നുണ്ട്. |
| 4 | 2006-07 | 3.79.5 | **വാട്ടർ ചാർജ് ഇനത്തിൽ വസ്തു കൈമാറ്റ തീരുവയിൽ നിന്നും തുക തട്ടികിഴിച്ചു വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ അപാകതകൾ**<br><br>2.8.94 ലെ ജി.ഒ.എം.എസ് 188/94 നം.ഉത്തരവുപ്രകാരം ഗ്രാമ പഞ്ചായത്തുകൾ വാട്ടർചാർജ് ഇനത്തിൽ നൽകേണ്ടുന്ന തുക പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെടുന്നവസ്തു കൈമാറ്റത്തീരുവയിൽ നിന്നും തട്ടിക്കഴിക്കപ്പെട്ടു വരുന്നുണ്ട്. വാട്ടർ അതോറിറ്റിക്ക് ഇത്തരത്തിൽ ലക്ഷകണക്കിനു രൂപ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് വാട്ടർചാർജ് അടക്കേണ്ടതുമായ വാട്ടർ ടാപ്പുകളുടെ എണ്ണം പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിക്ക് ഓരോ മാസവും അടയ്കേണ്ടുന്ന തുക സംബന്ധിച്ചും കുടിശ്ശിക സംബന്ധിച്ചും യാതൊരു രേഖയും പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഓരോ മാസവും വാട്ടർ അതോറിറ്റിക്ക് അവരുടെ ഡിമാന്റ് നോട്ടീസ് പ്രകാരം അടച്ച വാട്ടർ ചാർജിനുപുറമെയാണ് വാട്ടർ ചാർജ് ഇനത്തിൽ വസ്തുകൈമാറ്റ തീരുവയിൽനിന്നും സർക്കാർ തുക തട്ടികിഴിച്ചു നൽകുന്നത്. ഇത്തരത്തിൽ വസ്തുകൈമാറ്റ തീരുവയിൽ നിന്നും വകമാറ്റം ലഭിച്ച തുക പഞ്ചായത്ത് നൽകേണ്ട തുകയിലേക്ക് വരവുവെച്ചതുമായി ബന്ധപ്പെട്ട കാഷ് രശീതി വാട്ടർ അതോറിറ്റി പഞ്ചായത്തിനു നൽകുന്നില്ല. വസ്തുകൈമാറ്റ തീരുവയൽ നിന്നും വകമാറ്റി നൽകിയ തുക പഞ്ചായത്തിന്റെ കണക്കിൽ വരവുവച്ചതുസംബന്ധിച്ച് യാതൊരു പരിശോധനയും പഞ്ചാ | **കോഴിക്കോട് നഗരസഭ**<br><br>കോഴിക്കോട് നഗരസഭയിലെ എലത്തൂർ മേഖലാ ഓഫീസിലെ 2003-04 വർഷത്തിൽ വസ്തുകൈമാറ്റത്തീരുവ ഇനത്തിൽ വകമാറ്റി നൽകിയ 251705/- രൂപ തിരിച്ചുതരുന്നതിന് വാട്ടർ അതോറിറ്റിക്ക് 7.8.2015 ലെ എ2/5316/15 പ്രകാരം കത്തും 12.5.2016 ൽ ഓർമ്മക്കുറിപ്പും നൽകുകയുണ്ടായി. എങ്കിലും മറുപടി ഇതു വരെ ലഭ്യമായിട്ടില്ല.<br><br>ചെറുവണ്ണൂർ-നല്ലളം മേഖലാ ഓഫീസിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച വാട്ടർചാർജ് ഇനത്തിൽ വസ്തുകൈമാറ്റ തീരുവയിൽ നിന്നും തുക തട്ടിക്കിഴിച്ച നൽകിയതിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 1406369/- രൂപ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് 22.7.2015 ന് കത്ത് നൽകിയതാണെങ്കിലും ഇതേവരെ പ്രസ്തുത തുക നഗരസഭാഫണ്ടിൽ ഒടുക്കിയിട്ടില്ലാത്തതാണ്. തുക അടവാക്കണമെന്നാവശ്യപ്പെട്ട് വീണ്ടും കത്ത് നൽകുന്നതാണ്.<br><br>**പയ്യോളി നഗരസഭ**<br><br>സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക നിജപ്പെടുത്തിയത് സംബന്ധിച്ച് വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമാണ്. 89 ടാപ്പുകളാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. |

| | | | | |
|---|---|---|---|---|
| | | | യത്ത് നടത്തുന്നില്ല. വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന തുക വസ്തുകൈമാറ്റ തീരുവയിൽ നിന്നും നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് നൽകേണ്ടുന്ന തുകയുടെ കൃത്യത കണക്കാക്കേണ്ടതും വാട്ടർ അതോറിറ്റി ക്ക് അധികംതുക വസ്തുകൈമാറ്റ തീരുവയിൽ വകമാറ്റി നൽകിയെന്നു കാണുന്ന പക്ഷം ആയതു കണക്കാക്കി തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. | |
| 5 | 2006-07 | 3.79.6 | <u>മണൽ വില്പന-റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല</u><br><br>മണൽ വില്പനയുമായി ബന്ധപ്പെട്ട് റിവർമാനേജ്മെന്റ് ഫണ്ടായി ലക്ഷക്കണക്കിനു രൂപ കോഴിക്കോട് ജില്ലാകലക്ടർക്ക് അടവാക്കിയിട്ടുണ്ട്. ചെക്കുവഴി അടക്കുന്ന ടി തുകകൾക്ക് ചെക്ക് കിട്ടിയതായി കാണിച്ചുകൊണ്ടുള്ള ഒരു താല്ക്കാലിക രശീതി മാത്രമേ ജില്ലാകലക്ടറിൽ നിന്നും പഞ്ചായത്തിനു ലഭിക്കുന്നുള്ളു. തുക റിവർമാനേജ്മെന്റ് ഫണ്ടിൽ വരവുവെച്ചതുമായി ബന്ധപ്പെട്ട രശീതി ജില്ലാകലക്ടറിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. | <u>കോഴിക്കോട് നഗരസഭ</u><br><br>2003-04 വർഷത്തിൽ റിവർമാനേജ്മെന്റ് ഫണ്ടിനത്തിൽ എലത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയ തുകയായ 73,632/-രൂപയുടെ രശീതിയോ തുക ലഭിച്ചു എന്നതിന് സാക്ഷ്യപത്രമോ അനുവദിച്ചുതരുന്നതിന് കോഴിക്കോട് ജില്ലാകലക്ടർക്ക് 29.7.2015 ന് എ2/5316/15 പ്രകാരം കത്തും 12.05.16 ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടും മറുപടി ലഭ്യമായിട്ടില്ല. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് അതാത് സമയങ്ങളിൽ ചെക്ക് മുഖേന തുക അടവാക്കുന്നുണ്ടെങ്കിലും അടവാക്കുന്ന തുകയ്ക്ക് താല്ക്കാലിക രശീതി മാത്രമാണ് ഇതേവരെ ലഭിച്ചിരുന്നത്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് റിവർമാനേജ്മെന്റ് ഫണ്ടിലേക്ക് തുക വരവുവെച്ചതിന്റെ രശീതി ആവശ്യപ്പെട്ട് ബഹു. ജില്ലാകലക്ടർക്ക് പലതവണ കത്തുകൾ അയച്ചെങ്കിലും മറപടിയോ രശീതിയോ ലഭിച്ചിട്ടില്ല.<br><br><u>രാമനാട്ടുകര നഗരസഭ</u><br><br>റിവർ മാനേജ്മെന്റ് ഫണ്ട് അടക്കിയതിന്റെ ഔദ്യോഗിക രസീതികൾ കിട്ടുന്നതിന് കോഴിക്കോട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. രശീതികൾ ജില്ല കളക്ടറിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണ്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| 6 | 2006-07 | 3.79.7 | തെരുവു വിളക്കുകൾ സ്ഥാപിച്ചതിലും പരിപാലത്തിലും അപാകതകൾ | <u>രാമനാട്ടുകര നഗരസഭ</u><br><br>നഗരസഭയിലെ തെരുവുവിളക്കുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കരാർ വഴി മെയിന്റനൻസ്/ എ.എം.സി ചെയ്യാനുള്ള അനുമതി നൽകി കൊണ്ടുള്ള 15/09/2011 തിയ്യതിയിലെ 3055/ഡി.എ3/2011 തസ്വഭവ നമ്പർ സർക്കാർ ഉത്തരവുണ്ട് . രാമനാട്ടുകര നഗരസഭയിലെ നിലവിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബിൽ ലഭ്യമാക്കുന്നതിനായുള്ള കരാറുടമ്പടി കെ.എസ്.ഇ.ബിയുമായി ചേർന്ന് ഒപ്പ് വെച്ച് ബിൽ |

| | | | | |
|---|---|---|---|---|
| | | | | തുക ഒടുക്കുന്ന നടപടി പരിശോധിച്ച് വരികയാണെന്നും റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| 7 | 2006-07 | 3.79.10 | **തനത് ഫണ്ടിൽ നിന്ന് കുടിവെള്ള/ജലസേചന പദ്ധതികൾക്ക് വൈദ്യുതി ചാർജ് നൽകി**<br><br>തീരദേശം തുറശ്ശേരികടവ് കുടിവെള്ള പദ്ധതികൾ<br><br>ബേപ്പൂർ- മത്സ്യ ഗ്രാമ -ശുദ്ധജലവിതരണ പദ്ധതി- വൈദ്യുതി ചാർജ് അടച്ച തുക - 14733/-<br><br>ബേപ്പൂർ- നടുവട്ടം ജലവിതരണ പദ്ധതി - വൈദ്യുതി ചാർജ് അടച്ച തുക - 5848/- | **കോഴിക്കോട് നഗരസഭ**<br><br>ബേപ്പൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മത്സ്യഗ്രാമ ശുദ്ധജലവിതരണ പദ്ധതിയുടെ 5/2002 മുതൽ 10/2002 വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശികയായ 8357/- രൂപയും, നടുവട്ടം വാട്ടർ സപ്ലൈ സ്കീമിന്റെ 4/2002 മുതൽ 10/2002 വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശികയും 40366/- രൂപയും അടക്കം 48723/- രൂപ ബേപ്പൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിയിൽ അടച്ച നടപടി സർക്കാറിന്റെ 30/12/2005 ലെ 5194/2005 തസ്വഭവ പ്രകാരം സാധൂകരിച്ച് ക്രമവിധേയമാക്കി ഉത്തരവ് നൽകിയിട്ടുള്ളതാണ്.<br><br>**പയ്യോളി നഗരസഭ**<br><br>ഗുണഭോക്തക്കളിൽ ഭൂരിഭാഗവും നിർദ്ധനരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ആയതിനാലാണ് കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് അടക്കുവാൻ കാരണമായത്. ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. . നിലവിൽ കുടിവെള്ള പദ്ധതികൾക്ക് നഗരസഭ ഫണ്ടിൽ നിന്ന് വൈദ്യുതി ചാർജ്ജ് അടക്കുന്നില്ല.<br><br>**രാമനാട്ടുകര നഗരസഭ**<br><br>നഗരസഭ പരിധിയിലെ സാധരണക്കാരായ ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷത്രമായിരിക്കുന്ന മേൽ കാലയളവിൽ ജന കീയാസൂത്രണ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികൾ ആരംഭിക്കുകയും പദ്ധതി പ്രവർത്തന ക്ഷമമായ കാലയളവിൽ ഗുണഭോക്തൃ കമ്മറ്റികൾ രൂപീകരിക്കാത്തതിനാലും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കുന്നതിനുമായി പഞ്ചായത്ത് ബോർഡ് തീരുമാനപ്രകാരം കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽകുടിവെള്ള കമ്മറ്റികൾ രൂപീകരിച്ച് ബന്ധപ്പെട്ട കമ്മറ്റികൾ തന്നെ |

155

| | | | | |
|---|---|---|---|---|
| | | | | കറണ്ട് ചാർജ്ജ് അടച്ച് വരുന്നു. മേൽ കുടിവെള്ള പദ്ധതികൾ നിലവിൽ സുഗമമായി പ്രവർത്തിച്ച് വരുന്നു. മേൽ കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടവാക്കിയത് സംബന്ധിച്ച് 12/11/2007 ലെ തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ് നം. 3062/07 ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്. മേൽ വിശദീകരണത്തിന്റേയും വസ്തുതയുടേയും അടിസ്ഥാനത്തിൽ ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.<br><br>**(പേര 3.87.2 ഓഡിറ്റ് തടസ്സവും മേൽ ഓഡിറ്റ് തടസ്സവും ഒരു വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്)** |
| 8 | 2006-07 | 3.79.12 | കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലെയും പരിപാലനത്തിലെയും അപാകതകൾ<br><br>സമഗ്ര നെൽകൃഷി വികസനം- നടീൽ യന്ത്രം, പാറ്റ് യന്ത്രം, മെതി യന്ത്രം, പവർടിപ്പർ ഇവ പാടശേഖര സമിതികൾക്ക് കൈമാറുമ്പോൾ ഉടമ്പടി ചമച്ചില്ല.<br><br>എലത്തൂർ- കൊപ്ര ഡ്രയർ -8750/-രൂപ - കൃഷി ഓഫീസർ പ്രവർത്തനം വിലയിരുത്തിയിട്ടില്ല.<br><br>ബേപ്പൂർ- നെൽകൃഷി വികസനം - 92500/- രൂപ - ടില്ലർ | <u>**പയ്യോളി നഗരസഭ**</u><br><br>കാർഷികോപകരണങ്ങൾ പാടശേഖരസമിതികൾക്ക് കൈമാറിയിട്ടുള്ളത് കൃത്യമായ ഉടമ്പടിയോടെയാണ്. കൂടാതെ ഉപകരണങ്ങൾ കൃത്യമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br><u>**രാമനാട്ടുകര നഗരസഭ**</u><br><br>ജനകീയാസൂത്രണം .കാർഷിക മേഖലയിലെ യന്ത്ര വത്ക്കരണം . ഒരു ട്രക്ടർ രണ്ടു ടില്ലറുകൾ ചിലവഴിച്ച തുക പാഴായി കൊണ്ടുരിക്കുന്നു എന്ന പരാമർശം . കാർഷിക മേഖലയിലെ യന്ത്ര വത്ക്കരണ പ്രൊജക്റ്റ് സംബന്ധിച്ച് ഒരു ട്രാക്ട്രറും രണ്ടു ടില്ലറും വാങ്ങിയിരുന്നതിൽ ട്രാക്ടർ നടത്തിപ്പിനായി രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്കിനെയും ടില്ലർ 2 പാട ശേഖര കമ്മറ്റികളേയും ഏൽപ്പിച്ചതായിരുന്നു. സാദ്ധ്യമല്ലെന്ന് അറിയിച്ച് കൊണ്ട് 3 കൊല്ലത്തിന് ശേഷം പഞ്ചായത്തിന് തിരിച്ചേൽപ്പിച്ച് തന്നു. അതുവരെയുള്ള വരവ് ചിലവ് കണക്കുകളും ഏൽപ്പിച്ചു. എന്നാൽ ആയതിന് ശേഷം ട്രാക്ടർ പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് മറ്റു സംവിധാനങ്ങളൊന്നും ചെയ്തിട്ടില്ലാത്തതിനാലും പ്രവർത്തന രഹിതമായ ട്രാക്ടർ വലിയ ഒരു സംഖ്യ ചിലവഴിച്ച് റിപ്പയർ നടത്തിയാൽ പഞ്ചായത്തിന് യാതൊരു വിധ സാമ്പത്തിക ലാഭവും ഉണ്ടാകില്ലന്നതിനാലും ട്രാക്ടർ ലേലം ചെയ്തു വിൽക്കാൻ പഞ്ചായത്ത് തീരുമാനിക്കുകയും ആയതിനു വേണ്ടി PWD എഞ്ചിനിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.സർട്ടിഫിക്കറ്റ് കിട്ടുന്ന മുറക്ക് ലേലം ചെയ്ത് കിട്ടുന്ന തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | വാങ്ങി സഹകരണ ബാങ്കിന് നൽകി. കരാർ, വരവ് ചെലവ് കണക്കുകൾ, ഉപയോഗ വിവരം എന്നിവ ലഭ്യമല്ല | ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന്അപേക്ഷിക്കുന്നു.<br><br>**<u>കോഴിക്കോട് നഗരസഭ</u>**<br><br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 4.5.2009 ലെ എൽഎഫ്കെകെഡി ബി2/553/2009 നമ്പർ കത്ത് പ്രകാരം ഈ ഓഡിറ്റ് പരാമർശം തീർപ്പാക്കിയിട്ടുണ്ട്. |
| 9 | 2006-07 | 3.79.15 | **<u>ഡെപ്പോസിറ്റ് വർക്ക്- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.</u>**<br><br>വിവിധ കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് താഴെ വിശദീകരിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നവയിൽ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ പ്രവർത്തി ഓഡിറ്റ് തിയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായി മാറുകയും പഞ്ചായത്ത് അടച്ച തുക അതതു സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയാണ്. മാത്രമല്ല കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യം ഏർപ്പെടുത്തുക എന്നീ പഞ്ചായത്തുകളുടെ ലക്ഷ്യംകൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്തിരുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.<br><br><u>സ്ഥാപനം പ്രവൃത്തി ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് റിമാർക്സ്</u><br><u>വർഷം / തുക(രൂപ) ചെയ്ത</u><br><u>ഖണ്ഡിക സ്ഥാപനം</u><br><br>ചെറുവണ്ണൂർ വിവിധ 100880 K.S.E.B പ്രവൃത്തി നട<br>പദ്ധതികൾ ത്തിയതിന്റെ വിശ<br>നല്ലളം ദാംശങ്ങൾ<br>പൂർത്തീകരണ<br>വിവരം ലഭ്യമല്ല | **<u>കോഴിക്കോട് നഗരസഭ</u>**<br><br>ഫറോക്ക് വ്യവസായകേന്ദ്രത്തിലെ 10 മുറികൾ വൈദ്യുതീകരിക്കുന്നതിന് വേണ്ടിയാണ് കെ.എസ്.ഇ.ബി 20000/- രൂപ ചെലവഴിച്ചിരിക്കുന്നത്. തെരുവുവിളക്കുകളിൽ ട്യൂബ് ഫിറ്റിങ് സ്ഥാപിക്കുന്നതിന് 20710/- രൂപ ചെലവഴിച്ചിട്ടുള്ളതാണെന്നും കെ.എസ്.ഇ.ബിയ്ക്ക് മീറ്റർ ലൈൻ വലിക്കുന്നതിനും മറ്റുമാണ് 48860/- രൂപ ചെലവഴിച്ചിട്ടുള്ളതെന്നും കാണുന്നു.<br><br>**<u>രാമനാട്ടുകര</u>**<br><br>നഗരസഭയിലെ(അന്നത്തെ പഞ്ചായത്ത് ) ബംഗ്ലാവ് പറമ്പ് കുടിവെള്ള പദ്ധതി 2002-03 വർഷത്തെ കേരള വികസന പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ പ്രവർത്തനം നിലവിലും കാര്യക്ഷമമായി നടന്നുവരുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |

157

| | | | | |
|---|---|---|---|---|
| | 200607 | 3.79.16 | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/ സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല. (ബേപ്പൂർ)<br><br>മത്സ്യതൊഴിലാളികൾക്ക് കക്കൂസ് നിർമ്മാണ ധനസഹായം- ഉൾപ്പെട്ട തുക 6000/- - 12 പേർക്ക് 2000/- രൂപയ്ക്ക് പകരം 2500/- രൂപ വീതം പഞ്ചായത്ത് സബ്സിഡി നൽകി.<br><br>മത്സ്യത്തൊഴിലാളികൾക്ക് ഓയിൽ സബ്സിഡി - സ്വന്തം വള്ളം ഇല്ലാത്ത 9 പേർക്ക് 2000 രൂപ വീതം പ്രൊജക്ട് നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡി അനുവദിച്ചു | **കോഴിക്കോട് നഗരസഭ**<br><br>ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.കെ.കെ.ഡി/പി2/414/2009/3 തീയ്യതി 5/08/2009 നമ്പർ കത്ത് പ്രകാരം ഈ തടസ്സം ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>**പയ്യോളി**<br><br>1 മുതൽ 9 വരെയുള്ള ഗുണഭോക്താക്കളിൽ 1-ാം നമ്പർകാരന് കെഎഫ്സെഡ് (എം) 407/95 എന്ന നമ്പറിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ട്. മറ്റ് 8 പേരും ഫിഷറീസ് അസ്സിസ്റ്റന്റ് ഡയരക്ടർ ബേപ്പൂർ മുമ്പാകെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിച്ചിട്ടുള്ള, രജിസ്ട്രേഷൻ ഫീസ് ഒടുക്കു വരുത്തിയതിന്റെ ടി. ആർ 5 രശീതി ആണ് ഹാജരാക്കിയിട്ടുള്ളത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നത് വരെ ടി. ആർ 5 രശീതി ആർ സിക്ക് പകരമായി ഉപയോഗിക്കാവുന്നതാണെന്ന് വകുപ്പുതല നിർദ്ദേശമുള്ളതിനാലാണ് മേൽ ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. സ്ഥാനത്തിന്റെ ഭൗതിക പരിശോധന നടത്തി അർഹതയുള്ളവരാണെന്ന് ഉറപ്പാക്കിയതിന് ശേഷമാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് വേണ്ടി ഫീസ് ഈടാക്കുന്നത്. |
| 11 | 2006-07 | 3.79.17 | മുൻകൂർ കൈപ്പറ്റി നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കിയില്ല<br><br>മുൻകൂർ കൈപ്പറ്റിയിട്ടും പണി അരംഭിച്ചിട്ടില്ല.. തുക തിരികെ ഈടാക്കിയില്ല<br><br>(9) എലത്തൂർ-6 പ്രവർത്തികൾ - 197500/- രൂപ മുൻകൂർ നൽകി-വിവിധ അംഗൻവാടി നിർമ്മാണം പ്രവർത്തി പൂർത്തീകരിച്ചില്ല .<br><br>(11) ചെറുവണ്ണൂർ-നല്ലളം പുറക്കാമല ടാങ്ക് മുൻകൂർ തുക - 27000/- -മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവർത്തി തുടങ്ങിയിട്ടില്ല. | **പയ്യോളി**<br><br>മുൻകൂർ തുക കൈപ്പറ്റിയ കൺവീനർമാരായ ശ്രീ. പി മുസ്തഫ, ശ്രീ. കെ.ടി കുമാരൻ എന്നവരുടെ മേൽവിലാസം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കാത്തതിനാലും ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലാത്തതിനാലും ടി ആളുകളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നേരിട്ടുള്ള അന്വേഷണം നടന്നുവരുന്നു.<br><br>**കോഴിക്കോട് നഗരസഭ**<br><br>എലത്തൂർ പഞ്ചായത്തിൽ ഓഡിറ്റ് പരാമർശിച്ച 6 പ്രവർത്തികളിൽ 5 അംഗൻവാടികളുടെ പ്രവർത്തി പൂർത്തീകരിക്കുകയും അംഗൻവാടികൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. പുഞ്ചപ്പാടം ചീർപ്പ് നിർമ്മാണത്തിന്റെ തുക കൈപ്പറ്റിയ കൺവീനറായ സി.ഗോപാലകൃഷ്ണൻ എന്നവരോട് പലിശ സഹിതം 51750/- രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത ഓഡിറ്റ് പരാമർശം ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്തുമായോ, കോഴിക്കോട് കോർപ്പറേഷനുമായോ ബന്ധപ്പെട്ടതല്ല. ടി പരാമർശങ്ങൾ മേപ്പയൂർ - ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാണെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 2006-07 | 3.79.18. | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു<br><br>(1) ബേപ്പൂർ-മാത്തോട്ടം ശുദ്ധജലവിതരണ പദ്ധതി-അടങ്കൽ 150500/- രൂപ -ചെലവഴിച്ച തുക 66,784/- കിണർ കുഴിച്ചെങ്കിലും മോട്ടോർ, പൈപ്പ് എന്നിവ വാങ്ങിയത് ഉപയോഗിച്ചില്ല, പ്രവർത്തി പൂർത്തീകരിച്ചില്ല.<br><br>(2) മുയിപ്പോത്ത് അഴുക്കുചാൽ - ചെലവഴിച്ച രൂപ 71,500/- - പാർട്ട് ബിൽ നൽകി 3 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല. | **കോഴിക്കോട് നഗരസഭ**<br><br>**(1)**<br><br>(2)പ്രസ്തുത ഓഡിറ്റ് പരാമർശം ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്തുമായോ, കോഴിക്കോട് കോർപ്പറേഷനുമായോ ബന്ധപ്പെട്ടതല്ല. ടി പരാമർശങ്ങൾ മേപ്പയൂർ - ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാണെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. |
| 13 | 2006-07 | 3.79.19 | മരാമത്ത് പ്രവർത്തികൾ നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം<br><br>1.ബേപ്പൂർ -ഇന്റസ്ട്രിയൽ എസ്റ്റേറ്റ് റോഡ് ടാറിംഗ്- 8252/- രൂപ ടാറിന്റെ വിലയിനത്തിൽ അധികം നൽകി.<br><br>2. ബേപ്പൂർ- തനത് ഫണ്ട് പ്രവർത്തികൾ-മണ്ണ് പ്രവർത്തി -6979/- രൂപ അധികം നൽകി- ഷ്രിങ്കേജ് കുറച്ചില്ല.<br><br>3. ബേപ്പൂർ- ഓടകളിലെ മണ്ണ് നീക്കൽ-മണ്ണ് പ്രവർത്തി 2261/- രൂപ അധികം നൽകി -അധിക നിരക്ക് അനുവദിച്ചു.<br><br>4. എലത്തൂർ- എസ്.കെ.ബസാർ സുബ്രഹ്മണ്യ ബസാർ റോഡ് ടാറിംഗ് പ്രവർത്തി 13157/- രൂപ അധിക നിരക്ക് നൽകി.<br><br>മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം ന ൽകുന്നത് / അളവ് തെറ്റായി രേഖപ്പെടുത്തി - പഞ്ചായത്തുകൾക്ക് നഷ്ടം<br><br>കിഴൂർ അയനിക്കാട് റോഡ് പ്രവൃത്തി മണ്ണ് നിറയ്ക്കൽ - കിളച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചില്ല. നഷ്ടം 17319/- രൂപ | **മുക്കം നഗരസഭ**<br><br>മുക്കം ഗ്രാമ പഞ്ചായത്തിന്റെ 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 ൽ - 5 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടാറിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 63747/- രൂപ പഞ്ചായത്തിന് നഷ്ടം വന്നു എന്നും ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനിയറിൽ നിന്നും ഈടാക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട എഞ്ചിനിയറിൽ നിന്നും ഈടാക്കുന്നതിന് ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>മുക്കം ഗ്രാമ പഞ്ചായത്തിന്റെ 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക - 3-16 ൽ 7 പ്രവൃത്തികളിൽ - കുഴിച്ചെടുത്ത മണ്ണും ഷ്രിംഗേജും കുറവ് ചെയ്യാതെതുക അനുവദിച്ചതുമൂലം പഞ്ചായത്തിന് 33,857/- രൂപ നഷ്ടം വന്നു എന്നും ആയത് ബന്ധപ്പെട്ട എഞ്ചിനിയർ/ഓവർസിയറിൽ നിന്നോ ഈടാക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ആയത് ഈടാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**കോഴിക്കോട് നഗരസഭ**<br><br>**(1),(2)(3)**<br><br>ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽഎഫ്കെകെഡി/പി2/414/2009(3) തി:5.8.2009 നമ്പർ കത്ത് പ്രകാരം ഈ ഓഡിറ്റ് തടസ്സവാദം തീർപ്പുകല്പിച്ചിട്ടുള്ളതാണ്.<br><br>**പയ്യോളി** |

| | | | | |
|---|---|---|---|---|
| | | | | പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ നഗരസഭക്ക് കൈമാറി കിട്ടുകയോ പരിശോധനയിൽ കണ്ടെത്താൻ കഴിയുകയോ ചെയ്തിട്ടില്ല. നേരിട്ടുള്ള അന്വേഷണത്തിൽ കൺവീനറായ കായിരാല്ലി കുഞ്ഞബ്ദുള്ള എന്നവർ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. മേൽകാലയളവിലെ പഞ്ചായത്ത് സെക്രട്ടറി, അസ്സി. എഞ്ചിനീയർ എന്നവർക്ക് കത്ത് അയച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് നഷ്ടം ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| 14 | 2006-07 | 6.3(1) | **<u>സർക്കാർ നിർത്തലാക്കിയ വാഹന വായ്പ സിഡിഎ ഫണ്ടിൽ നിന്നു നൽകി</u>**<br><br>200203, 200304 വർഷങ്ങളിൽ ചെയ്തതുപോരെ തന്നെ 2004-05 വർഷത്തിലും വാഹനവായ്പയിനത്തിൽ 2 ജീവനക്കാർക്കായി 186000/- രൂപ വായ്പ നൽകി ജി.ഒ.(പി) നം. 56/2002/ഫിൻ/തീയ്യതി 16.1.102 പ്രകാരം ഈ വാഹനവായ്പ സമ്പ്രദായം സർക്കാർ നിർത്തൽ ചെയ്തിരുന്നതാണ്. ജി.ഒ.(പി നമ്പർ 1582/99 ഫിൻ തീയതി 15.7.99 ഉത്തരവ് പ്രകാരം ഒരു വാഹനവായ്പ വാങ്ങിയ ഉദ്യോഗസ്ഥർക്ക് ആ വായ്പ വാങ്ങി 8 വർഷത്തിനുശേഷം മാത്രമേ അടുത്ത വായ്പക്ക് അപേക്ഷിക്കാനർഹതയുള്ളൂ. എന്നാൽ ഒരു ഉദ്യോഗസ്ഥൻ 1994-95 മുതൽ 2004-05 വരെയുള്ള 10 വർഷത്തിനിടയിൽ 3 പ്രാവശ്യവും അപരൻ 2 പ്രാവശ്യവും വായ്പ വാങ്ങി.<br><br>ക്രമരഹിതമായി നൽകിയ വായ്പ തുകകൾ തിരിച്ചു പിടിക്കാൻ 27.11.04 ലെ 54405/ജി3/04 ത.ഭ.വ നമ്പർ കത്തു പ്രകാരം സർക്കാർ നിർദ്ദേശം നൽകിയെങ്കിലും നടപടിയുണ്ടായിട്ടില്ല. | **<u>കോഴിക്കോട് നഗരസഭ</u>**<br><br>വാഹന മുൻകൂർ അനുവദിച്ചിരുന്ന ശ്രീ. സാവിയോ ജോർജ്ജ് (സെക്ഷൻ ഓഫീസർ) 28/04/2005 ൽ മരണപ്പെടുകയുണ്ടായി. ശ്രീ. സാവിയോ ജോർജ്ജിന്റെ ഡിസിആർജി തുകയിൽ നിന്ന് 13/9/2012 ലെ 3230/ബി2/90/CDA നമ്പർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന മുൻകൂർ ഇനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള തുക പലിശയടക്കം 1,43,000/- രൂപ തിരിച്ച് പിടിച്ചിട്ടുണ്ട്.<br><br>ടൗൺ പ്ലാനർ ആയ ശ്രീ..എ.എം ജയൻ കൈപ്പററിയ തുക 6/10/2010 തിയ്യതിയിലെ 5014/D2/84/DW നമ്പർ ഉത്തരവ് പ്രകാരം 2010 ഒക്ടോബർ മാസം മുതൽ ടിയാന്റെ ശമ്പളത്തിൽ നിന്ന് 13941 രൂപ വീതം 10 മാസത്തേക്ക് റിക്കവറി നടത്തിയിട്ടുണ്ട്. പ്രസ്തുത വസ്തുതകൾ കണക്കിലെടുത്ത് ടി ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു. |
| 15 | 2006-07 | 6.3(2) | **<u>നിയമപ്രകാരമുള്ള കാലാവധി പൂർത്തിയാവുന്നതിന് മുമ്പ് പി.എഫിൽ നിന്നും താൽക്കാലിക മുൻകൂർ നൽകി</u>**<br><br>കേരള ജനറൽ പ്രൊവിഡന്റ് ഫണ്ട് റൂൾസ്, റൂൾ 16 പ്രകാരം ഒരു താൽക്കാലിക മുൻകൂർ കൈപ്പറ്റി 6 മാസം കഴിഞ്ഞതിനുശേഷം മാത്രമേ അടുത്ത താൽകാലിക മുൻകൂർ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഇതിനു വിവപരീതമായി സി.ഡി.എ യിലെ 9 ജീവനക്കാർക്ക് പ്രസ്തുത കാലാവധി | **<u>കോഴിക്കോട് നഗരസഭ</u>**<br><br>ലോൺ മുൻകൂർ തുക ടി 9 ജീവനക്കാരിൽ നിന്ന് തിരിച്ചു പിടിച്ചിട്ടുള്ളതാണ് മേലിൽ 6 മാസ കാലാവധി കഴിഞ്ഞതിന് ശേഷം മാത്രമേ മുൻകൂർ ജിപിഎഫ് തുക അനുവദിക്കുകയുള്ളു 6 മാസത്തിന് മുമ്പ് വായ്പ അനുവദിച്ച രീതി ഇനി ഉണ്ടാവുകയില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത വസ്തുതകൾ കണക്കിലെടുത്ത് ടി ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | തീയതിക്കു മുനപ് താൽകാലിക മുൻകൂറായി 199020/- രൂപ നൽകി. | |
| 16 | 2006-07 | 6.3(3) | **<u>സർക്കാർ നിർത്തൽ ചെയ്ത തസ്തികകളിൽ ജോലിക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചു.</u>**<br><br>ജി.ഒ(എം.എസ്) 28/2001 തീയതി 5.2.2001 ഉത്തരവ് പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ ഒഴിവായി കിടന്നിരുന്ന 46 തസ്തികകൾ നിർത്തൽ ചെയ്തിരുന്നു. ഇതിൽ ഉൾപ്പെട്ടിരുന്ന 3 ഡ്രൈവർ തസ്തികകളി ലേക്കും ഒരു വാച്ച്മാൻ തസ്തികയിലേക്കും ദിവസവേദതനാട ടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനമിനത്തിൽ 67840/ രൂപ ചെലവഴിച്ചു. | **<u>കോഴിക്കോട് നഗരസഭ</u>**<br><br>കോഴിക്കോട് വികസന അതോറിറ്റി ഓഫീസിൽ 3 വാഹനങ്ങൾ ഉണ്ടായിരുന്നു. ചെയർമാൻ, സെക്രട്ടറി ഓഫീസ് കാര്യം ഇവർക്ക് വാഹനം ഉപയോഗിക്കുന്ന തിന് പിഎസ് സി വഴി സ്ഥിര സംവിധാനം ഏർപ്പെടുത്തുന്നതിന് GO(MS) 28/LSGD തിയ്യതി 5/2/2001 നമ്പർ ഉത്തരവ് പ്രകാരം സാധിക്കുമായിരുന്നില്ല. ഓഫീസിന്റെ സുഗമമായ നടത്തിപ്പിനും വാഹനങ്ങൾ നശിച്ച് പോകാതിരിക്കാനും വേണ്ടി നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന താൽക്കാലിക ഡ്രൈവർമാരുടെ സേവനം തുടരുകയാണ് ഉണ്ടായത്.<br><br>കോഴിക്കോട് വികസന അതോറിറ്റി ഓഫീസിൽ 3 വാഹനങ്ങൾ ഉണ്ടായിരുന്നു. ചെയർമാൻ, സെക്രട്ടറി ഓഫീസ് കാര്യം ഇവർക്ക് വാഹനം ഉപയോഗിക്കുന്നതിന് പിഎസ് സി വഴി സ്ഥിര സംവിധാനം ഏർപ്പെടുത്തുന്നതിന് GO(MS) 28/LSGD തിയ്യതി 5/2/2001 നമ്പർ ഉത്തരവ് പ്രകാരം സാധിക്കുമായിരുന്നില്ല. ഓഫീസിന്റെ സുഗമമായ നടത്തിപ്പിനും വാഹനങ്ങൾ നശിച്ച് പോകാതിരിക്കാനും വേണ്ടി നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന താൽക്കാലിക ഡ്രൈവർമാരുടെ സേവനം തുടരുകയാണ് ഉണ്ടായത്.<br><br>ക്യാഷ് ചെസ്റ്റ് ഉൾപ്പെടെയുള്ള സിഡിഎ ഓഫീസിന്റെ സുരക്ഷിതത്ത്വത്തിന് സ്ഥിരം നിയമനം നേടിയ സെക്യൂരിറ്റി സ്റ്റാഫിന്റെ സേവനം ഇല്ലാതിരുന്നതിനാലാണ് നിത്യവേതന വ്യവസ്ഥയിൽ വാച്ച്മാനെ വെച്ചിരുന്നത് വാച്ച്മാന്റെ സേവനം തുടരുന്ന വിഷയം 29/3/2010 ലെ കൗൺസിൽ പരിശോധിച്ച് 4700 നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടിയിട്ടുള്ളതാണ്. 30/3/2017 ലെ GO(MS)73/17തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് വികസന അതോറിറ്റി പിരിച്ച് വിടുകയും ആസ്തി ബാധ്യതകൾ നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ മേൽ പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |